2024 NOVEMBER
VOL 23
ISSUE 11
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക

# Let's dance with STRESS





ടിന്റു സോണി

**രോഗാതുരമാകുന്ന ചെറുപ്പക്കാരിലെ സ്ട്രെസ്സ്**


ഡോ. ജോർജ് തയ്യിൽ

**നമ്മുടെ തൊഴിലിടങ്ങൾ**

ബോബി ജോർജ്

**JESUS YOUTH**
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org


"അധ്വാനിക്കുന്നവരും
ഭാരം വഹിക്കുന്നവരുമായ
നിങ്ങളെല്ലാവരും
എന്റെ അടുക്കൽ വരുവിൻ;
ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം."
(മത്താ 11, 28 – 29)

എഡിറ്റേഴ്സ് റൂം -
അഡ്വ. കെ.ജെ. ജോൺസൺ
jjadvocatesjy@gmail.com



# നവംബർ നൽകുന്ന നന്മകൾ

മരണത്തിനപ്പുറമുള്ള ജീവിതമുണ്ടോ? മനുഷ്യന്റെ ചിന്തകളിൽ ഇക്കാര്യമെന്നുമുണ്ട്. ജീവിതകാലത്തെ പ്രവൃത്തികൾക്കനുസരിച്ച് മനുഷ്യന്റെ ആത്മാവ് സ്വർഗത്തിലേക്കോ നിത്യനരകത്തിലേക്കോ ശുദ്ധീകരണ സ്ഥലത്തേക്കോ പോകുമെന്ന് കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. മത്താ 25, 1-46ൽ ഇത് വ്യക്തമാണ്. നിത്യശിക്ഷയ്ക്കായി വിധിക്കപ്പെട്ടവർ ചോദിക്കുന്നുണ്ട്, 'കർത്താവേ ഞങ്ങൾ നിന്നെ വിശക്കുന്നവനോ, പരദേശിയോ, നഗ്നനോ, രോഗിയോ, കാരാഗൃഹത്തിൽ കഴിയുന്നവനോ ആയി കണ്ടതും നിനക്ക് ശുശ്രൂഷ ചെയ്യാതിരുന്നതും എപ്പോൾ? അവർക്ക് ലഭിച്ച മറുപടി ഇതായിരുന്നു: "സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ഈ ഏറ്റവും എളിയവരിൽ ഒരുവന് നിങ്ങളിത് ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണ് ചെയ്യാതിരുന്നത്."

അമ്മായിയമ്മയുടെ മൃതദേഹത്തിനരികിൽ ആർത്തു കരയുന്ന മരുമകളെ കണ്ട അയൽപക്കക്കാർ മനസ്സിൽ ഓർത്തു. ഈ അടുപ്പം ജീവിച്ചിരുന്നപ്പോൾ അവരോട് കാട്ടിയിരുന്നെങ്കിൽ! മരണത്തിൽ ദുഃഖിക്കുന്നവരോടും മരണാനന്തര ജീവിതത്തിൽ ആശങ്കപ്പെടുന്നവരോടും മരണത്തിനു ശേഷം ആത്മാവിനു സ്വർഗം ലഭിക്കാൻ പ്രാർഥിക്കുന്നവരോടും ഒന്നേ പറയാനുള്ളൂ. ജീവിച്ചിരിക്കുന്ന എളിയവരോട് കരുണയും പരിഗണനയും കാണിക്കുക. പൗലോസ് ശ്ലീഹ ഇക്കാര്യത്തിൽ വ്യക്തമായി പറയുന്നു. "സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്ന് നമുക്ക് പര്യാലോചിക്കാം." എല്ലാ മനുഷ്യരുമായി സ്നേഹത്തിലും സൗഹൃദത്തിലും കഴിയാനും രോഗികളെയും വൃദ്ധരെയും സന്ദർശിക്കാനും നവംബർ നമ്മെ ഓർമപ്പെടുത്തുന്നു.

ചെറുപ്പക്കാരുമായി സൈക്കിൾ ചവിട്ടുന്നു, ഒരുമിച്ച് ചായ കുടിക്കുന്നു... അവർക്ക് ആ വികാരിയച്ചനോട് വളരെ സൗഹൃദമാണ്. ഞങ്ങളുടെ ബഡ്ഡിയച്ചൻ എന്നാണ് അവർ അച്ചനെ വിളിക്കുന്നത്. സൈക്കിൾ ചവിട്ടാനായി പോകാമെന്ന് ഏറ്റ ദിവസം അച്ചനു സമയത്ത് വരാൻ പറ്റിയില്ല. കാത്തിരുന്ന ചെറുപ്പക്കാർ മൊബൈൽ ഫോണുകളിലേക്ക് ചേക്കേറി. ചിലർ പള്ളിയിൽ കയറി ശാന്തമായി ഇൻസ്റ്റഗ്രാം കണ്ടിരുന്നു. "ക്ഷമിക്കണം കേട്ടോ, ഒരു രോഗി സന്ദർശനം ഉണ്ടായിരുന്നു; നമുക്ക് പോകാം" അച്ചൻ വന്നപാടെ പറഞ്ഞു. നോക്കിയപ്പോൾ കണ്ടത് പള്ളിയകത്തെ മൊബൈൽ പാരായണമാണ്. "പള്ളി നിങ്ങൾക്ക് തോന്ന്യവാസം കാണിക്കാനുള്ളതാണോ? കർത്താവിനെ എഴുന്നുള്ളിച്ച് വച്ചിരിക്കുന്നിടത്താണോടാ നിങ്ങളുടെ ഫോൺ നോട്ടം." അച്ചന്റെ സ്വരമുയർന്നപ്പോൾ അവർ വിയർത്തു പോയി. പിന്നീടവർക്ക് അച്ചനെ കൂട്ടുകാരനായി കാണുമ്പോൾ ഒരു ഭയമുള്ളിലുണ്ടായിരുന്നു. ആ ഭയം അവരെ ചില തെറ്റുകളിൽ നിന്നും അകറ്റിനിറുത്തി.

ദൈവം സുഹൃത്താണ്, സഹോദരനാണ്, എന്റെ ബെസ്റ്റിയാണ് എന്നൊക്കെ കരുതുമ്പോഴും ഓർക്കണം, ദൈവം ദൈവമാണെന്ന്. ക്രിസ്തുവിന്റെ സ്നേഹവും ക്ഷമയും സാഹോദര്യവും സൗഖ്യവുമൊക്കെ ആകർഷിക്കുമ്പോഴും ദൈവത്തിന്റെ പരമമായ ശക്തിയെ ഭയപ്പെടുകയും വേണം. ദൈവത്തിന്റെ സാന്നിധ്യത്തെ ഭയന്ന ഇസ്രായേൽക്കാരോട് മോശ പറയുന്നത്, "ഭയപ്പെടേണ്ട നിങ്ങളെ പരീക്ഷിക്കുന്നതിനും പാപം ചെയ്യാതിരിക്കാൻ വേണ്ടി നിങ്ങളിൽ ദൈവഭയം ഉളവാകുന്നതിനും വേണ്ടിയിട്ടാണ് ദൈവം വന്നിരിക്കുന്നത്" (പുറ 20,20). എല്ലാം കാണുന്നവനാണ് ദൈവമെന്നും എന്റെ തിന്മകൾക്ക് അനുസരിച്ച് അവിടന്ന് വിധിക്കുമെന്നും തേങ്ങുന്ന ഹൃദയത്തോടെ സമീപിക്കുന്നവരെ അവിടന്ന് ആശ്വസിപ്പിക്കുമെന്നും അവിടത്തെ ഭയന്ന് ജീവിക്കണമെന്നും നവംബർ നമ്മെ ഓർമപ്പെടുത്തുന്നു..



എഡിറ്റർ-ഇൻ-ചീഫ്

Kairos MEDIA

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Simon Cheruvathur *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Managing Trustee**
Ginees Francis 9562379515

**Executive Director**
Mathew Joseph 9447762273 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Joby Joseph Ontario +1 2899 686 074
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Jijomon T C, Doha +974 3045 2347
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
**INDIA:** 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org
+91 484 2984327

**USA:** Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org
+1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam

കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:


Cloudcatholic Mobile App


Print (Mal, Eng, Buds)


**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com

contents

06

10

14

16

20

24

26


**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD


**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327 62382 79115
kairosmag@jykairosmedia.org

# letters

സേവന സന്നദ്ധമായ സ്നേഹം അഭ്യസിക്കാൻ ഒരു വേദി, എന്ന 'ഫ്രം ദ ഹാർട്ടി'ലെ ഡോ. എഡ്വേർഡ് എടേഴത്തിന്റെ ലേഖനം കരുതലിന്റെയും സ്നേഹത്തിന്റെയും ഓർമപ്പെടുത്തലുകൾ ആയിരുന്നു. ജീസസ് യൂത്ത് മുന്നേറ്റത്തിൽ മാത്രമല്ല, മനുഷ്യജീവിതത്തിലെതന്നെ നന്മനിറഞ്ഞ പ്രവർത്തനങ്ങൾ ആണല്ലോ അതെല്ലാം. ഈശോയുടെ കൂട്ടിൽ കയറാൻ വന്നവർ എന്ന മിഷൻ ലേഖനം പതിവു പോലെ മിഷൻ പ്രവർത്തനങ്ങളെ ഓർക്കാനും അതിന്റെ ഹൃദയസ്പർശിയായ അനുഭവങ്ങളും തീക്ഷ്ണതയുമൊക്കെ പകർന്നു തരുന്നവയായിരുന്നു. സമയ ക്രമീകരണത്തെക്കുറിച്ചും സമയം കളയാതെ ജീവിക്കുന്നതിനെക്കുറിച്ചുമൊക്കെ ഇത്തവണ ലേഖനങ്ങൾ വന്നത് ഏറെ ഉപകാരപ്രദമായി. എടുത്തു പറയേണ്ട ഒന്നാണ്. യുവ മൈസ്ട്രോറിയിലെ അനിമയുടെ അനുഭവങ്ങൾ. വൈദ്യശാസ്ത്രത്തിന് ഉത്തരമില്ല എന്ന ലേഖനം അനുഭവങ്ങളുടെ കഥയായതിനാൽ ഹൃദയത്തെ തൊട്ടു. ജീവിത അനുഭവങ്ങളുടെ പങ്കുവയ്ക്കലുകൾ ഇനിയും വേണമെന്ന് അഭ്യർഥിക്കുന്നു. വ്യത്യസ്ത ജീവിതാനുഭവങ്ങൾ വായിക്കുമ്പോൾ അനേകർക്ക് ഏതെങ്കിലുമൊക്കെ വിധത്തിൽ പ്രചോദനമാകുന്നുണ്ട്. വ്യത്യസ്തതയുള്ള ലേഖനങ്ങൾ കെയ്റോസിൽ പ്രസിദ്ധീകരിക്കുന്നത് എന്തുകൊണ്ടും ഏറെ ഉപകാരപ്രദമാവുന്നുണ്ട്. ഓരോ തവണത്തേയും അവതരണവും മികച്ചതാകുന്നുണ്ട്.

*റോയ്സൺ ജോസഫ്, ഇടപ്പള്ളി*




വ്യത്യസ്തവും
വിശിഷ്ടവുമായ
ഈ ഉള്ളടക്കങ്ങളും
സ്മാർട്ട് കിഡ്സ്
വാർത്താവിചാരം
വഴുതന മാത്തൻ
തുടങ്ങിയ മറ്റു
സ്ഥിരം പംക്തികളും







# നമുക്ക് ഈ **പ്രോജക്ട് മനോഭാവം** വേണമോ?

"ക്ഷമിക്കണം! ഇത് സംസാരിക്കാൻ പറ്റുന്ന സമയമാണോ?" ഉച്ചകഴിഞ്ഞ് 4:30; ആ പെൺകുട്ടി ഫോണിൽ ഇത്ര വിഷമത്തോടെ ചോദിച്ചപ്പോൾ ഞാൻ ആദ്യം അതിശയിച്ചു. പിന്നെയാണ് ശ്രദ്ധിച്ചത്, ഫേസ്ബുക്ക് മെസഞ്ചർ വഴിയാണ് വിളി വന്നത്. അങ്ങനെ ഇതാദ്യം. ഒരു കാര്യം കൂടി എന്റെ ശ്രദ്ധയിൽ പെട്ടു, കുറച്ച് സമയത്തിനിടെ ആ കുട്ടി പലപ്രാവശ്യം ബന്ധപ്പെടാൻ ശ്രമിക്കുന്നുണ്ടായിരുന്നു.

അവളുടെ സമയം അപ്പോൾ പുലർച്ചെ രണ്ട് മണി. 'നമ്മൾ പരിചയപ്പെട്ടിട്ടുണ്ടോ?' ഓ അതെ. താമസിയാതെ എന്റെ ഓർമയിൽ തെളിഞ്ഞു, ഒരു ജീസസ് യൂത്ത് പരിശീലന പരിപാടി കഴിഞ്ഞ് വർഷങ്ങൾക്കുമുൻപ് കുറച്ചുനേരം ഞങ്ങൾ സംസാരിച്ചിട്ടുണ്ട്.

ആ കുട്ടി ഏറെ കലുഷിതമായ മാനസികാവസ്ഥയിലാണെന്ന് പെട്ടെന്നുതന്നെ ഞാൻ മനസ്സിലാക്കി. സംസാരിക്കാൻ ആരുമില്ല. അചിന്തനീയമായത് ചെയ്യണമെന്ന് കരുതി. എങ്ങനെയോ ഫോൺ കൈയിൽ എടുത്തപ്പോൾ എന്നെ ഓൺലൈനിൽ കണ്ടു. ആദ്യം അസമയത്ത് വിളിക്കാൻ ഏറെ മടിച്ചു. പിന്നീട് എങ്ങനെയോ ഡയൽ ചെയ്തു. "കർത്താവിന് എന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട്." തുടർന്ന് ഏറെ നേരം ഞങ്ങൾ സംസാരിച്ചു. ഒരുപാട് പ്രശ്നങ്ങൾ. വിവാഹം കഴിഞ്ഞുള്ള കുറെ അസ്വസ്ഥതകൾ, ഇപ്പോൾ ആറുമാസം ഗർഭിണി, ഭർത്താവു ദൂരെ. "ജീസസ്



യൂത്തിൽ ഞാൻ വളരെ സജീവമായിരുന്നു. എന്റെ ജീവിതത്തിലെ ഏറെ മനോഹരമായ സമയം. എന്നാൽ കുറച്ച് സമയം ചിലവഴിക്കാനും ഒന്ന് സംസാരിക്കാനും ഇപ്പോൾ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ! പോയി എന്തെങ്കിലും എനിക്ക് വാങ്ങി തരാൻ പോലും ആരുമില്ല. വലിയൊരു ഏകാന്തതയാണ്."

## ഉത്സവമേളം കഴിയുമ്പോൾ

ആ പെൺകുട്ടിയുടെ അവസ്ഥ എന്നെ ഏറെ ചിന്തിപ്പിച്ചു. ഒരു ജീസസ് യൂത്ത് ശുശ്രൂഷയിലും കൂട്ടായ്മയിലും ഒക്കെ അവൾ ഏറെ സജീവമായിരുന്നു. ഇടവകയിലും ഏറെ പ്രവർത്തിച്ചു. അവൾ ഇപ്പോൾ താമസിക്കുന്നത് നേത്യ നിരയിലെ കുറേപേർ ഉള്ള പ്രദേശത്തുമാണ്. ധാരാളം ജീസസ് യൂത്ത് സുഹൃത്തുക്കൾ ഉണ്ടായിരുന്ന ആ കുട്ടിക്ക് ഈ "മരണത്തിന്റെ നിഴൽവീണ താഴ് വരയിലൂടെ നടക്കുന്ന" നേരത്ത് ഒന്ന് സഹായത്തിനെത്താൻ ആരുമില്ല. ആ സമയത്ത് ഒരത്ഭുതം അവളെ നയിച്ചില്ലായിരുന്നെങ്കിൽ അരുതാത്തത് എന്തെങ്കിലും അവൾ ചെയ്തു പോയേനെ.

തനിയെ ആകുക നമുക്കാർക്കും പുത്തരിയല്ല. ഒരു വലിയ പരിപാടി കഴിയുമ്പോൾ അല്ലെങ്കിൽ ഹൃദ്യമായ ഒരു ഒത്തുചേരൽ കഴിയുമ്പോൾ, ഒരു ശൂന്യത അനുഭവപ്പെടാം. എന്നിരുന്നാലും, ഒരു സ്നേഹ സാമീപ്യം നമ്മെ അനുഗമിക്കും. എന്നെ സ്നേഹിക്കുന്ന ഞാൻ സ്നേഹിക്കുന്ന ചിലരുടെയെങ്കിലും അദൃശ്യ സാമീപ്യം ഞാൻ തനിയെ നടക്കുമ്പോഴും എന്നെ പിന്തുടരും. ഇതാണ് സജീവ കൂട്ടായ്മയുടെ അനുഭവം. ഇത്തരം സജീവ കൂട്ടായ്മയുടെ തുടരുന്ന അനുഭവമല്ലേ ദൈവ സ്നേഹവും, അവിടത്തെ നിരന്തര സാമീപ്യവും നമ്മിൽ സജീവമാകുന്നത്? ഇന്ന് മിക്കവരും "ആൾക്കൂട്ടത്തിൽ തനിയെ" ആണെന്ന് പറയാറുണ്ടല്ലോ. എന്നാൽ അനുഭവ സമ്പന്നമായ ക്രൈസ്തവ ജീവിതം എന്നാൽ, 'ഞാൻ തനിയെ ആണെങ്കിലും സ്നേഹത്താൽ പൊതിയപ്പെടുന്നു' എന്നതാണ്. പങ്കുവയ്ക്കപ്പെടുന്ന ഒരു സ്നേഹ ശൃംഖലയുടെ ഭാഗമാകുമ്പോൾ ദൈവത്തിന്റെ കരം ഞാൻ നേരെകാണാൻ ഇടവരുന്നു. ആ സ്നേഹം അദൃശ്യമാണോ? അല്ല, ഒരു ഫോൺ വിളിയും, ഒരു സമ്മാനവും, കുറച്ച് ഭക്ഷണവും, ഒരു സന്ദർശനവും ഒക്കെയാണ് ആ സ്നേഹത്തിന്റെ 'വചനം മാംസമാകുന്ന' രീതി. ജീസസ് യൂത്തിന്റെ ലക്ഷ്യം ഈ ദൈവരാജ്യാനുഭവം കെട്ടിപ്പടുക്കുകയല്ലേ?

കഴിഞ്ഞ ആഴ്ച ജോസിന്റെ ഒരു അപ്രതീക്ഷിതമായ സന്ദേശം: "സഹോദരാ, നമ്മൾ ഒരു പ്രസ്ഥാനമായോ?" അത് ചങ്കിൽ കുത്തുന്ന വാക്കുകളായിരുന്നു. ജീസസ് യൂത്ത് വിപുലമായ ഒരു പ്രോജക്റ്റ് ആകുകയാണോ? നമ്മുടെ ആദ്യ പ്രണയം നഷ്ടപ്പെട്ടോ? 1980കളുടെ തുടക്കത്തിൽ ഞങ്ങൾ ഫസ്റ്റ് ലൈൻ ഗ്രൂപ്പിൽ ഒത്തുകൂടുമ്പോൾ, ചർച്ചകളിൽ ആവർത്തിച്ച ഒരു വിഷയം ഇതായിരുന്നു, ഇന്ന് കാണുന്ന യുവജന സംഘടനകളെ അനുകരിക്കലാണോ നമ്മുടെ വഴി? മിക്കവാറും പരിപാടികൾക്കും പദ്ധതികൾക്കും പിന്നാലെ അവ പരക്കം പായുന്നു. യുവാക്കളുടെ ഹൃദയാഭിലാഷങ്ങൾക്ക് ആ വഴിയിൽ ഒരിടവുമില്ല. നമുക്കൊന്നിച്ച് ദൈവസ്നേഹത്തിൽ പ്രചോദിതമായി ചെറുതെങ്കിലും വ്യത്യസ്തമായ ഒരു വഴി തെളിക്കണം. കർത്താവിന്റെയും യുവജനങ്ങളുടെയും ഹൃദയാഭിലാഷങ്ങളോട് പ്രതികരിക്കുന്ന എന്തെങ്കിലുമൊക്കെ ആകണം അത്.

## പദ്ധതികളുടെ ദുരന്തം

അടുത്തിടെ കേരളത്തിൽ വലിയ ഒരു വെള്ളപ്പൊക്കമുണ്ടായി. അതിനുശേഷം പൊതുമാധ്യമങ്ങളിൽ വലിയ ചർച്ച പുനർനിർമാണത്തിനും പുനരധിവാസത്തിനുമുള്ള ധനസമാഹരണത്തെക്കുറിച്ചായിരുന്നു. നാമെല്ലാവരും സംഭാവന നൽകേണ്ടതുണ്ട്. പക്ഷേ നമ്മുടെ പണം ആർക്ക് കൊടുക്കണം. പണം സർക്കാർ പദ്ധതികൾക്ക് നൽകിയാൽ അത് സംവിധാനങ്ങൾ തിന്നുകളയും, കാര്യമായി ഒന്നും ജനങ്ങളിലേക്കെത്തുകയില്ല. ഒരുപക്ഷേ ഇത് എല്ലാ സാമൂഹ്യ സേവന പദ്ധതികൾക്കും എതിരായ പരാതിയാണ്. മിക്ക വിഭവങ്ങളും വ്യവസ്ഥിതി തിന്നുതീർക്കുന്നു, അത് ഒരിക്കലും പാവപ്പെട്ടവരിലേക്ക് എത്തുന്നില്ല.

ഒരു തരത്തിൽ പറഞ്ഞാൽ, മറ്റുമിക്ക മേഖലകളിലും, യുവജന ശുശ്രൂഷയിലും ഇതൊക്കെയല്ലേ യാഥാർഥ്യം. യുവാക്കളെ സ്നേഹിക്കാൻ നാം ടീമുകളും പദ്ധതികളും മെനയുന്നു; പക്ഷേ ഏറെ ശ്രദ്ധയും ഊർജവും ഈ സംവിധാനങ്ങളിൽ ചെലവിടുന്നു, യുവാക്കളെ മറക്കുകയും ചെയ്യുന്നു. ഒരുപാട് നല്ല ആളുകൾ ഏതെങ്കിലും ടീമിന്റെ ഭാഗമാകാനും സംഘടനാ സംവിധാനങ്ങളിൽ ഏർപ്പെടാനും മടിക്കുന്നതിൽ അതിശയിക്കാനില്ല.

ഞാൻ കേട്ട ഒരു പരാമർശം, "ഒരു നേതാവിൽ നിന്ന് ഫോൺ വിളി വരുമ്പോൾ, അത് എന്തെങ്കിലും പ്രോഗ്രാമിനെയോ ഞാൻ ചെയ്യേണ്ട കാര്യത്തെക്കുറിച്ചു സംസാരിക്കാനോ ആയിരിക്കും. ഒരിക്കലും എന്നോടുള്ള സ്നേഹം കൊണ്ടാവില്ല. എന്റെ വിശേഷം ആരാഞ്ഞാൽ അത് ഒരാമുഖം മാത്രമാകും.

നമ്മൾ പറഞ്ഞേക്കാം, "എല്ലാവരെയും വിളിച്ച് നിങ്ങൾക്ക് സുഖമാണോ എന്ന് ചോദിച്ച് ശല്യപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല." എന്നാൽ മറുവശത്ത്, ചില ആവശ്യങ്ങൾ നിറവേറ്റാൻ, ഉപയോഗപ്രദമായ ഒരു വസ്തുവായി മാത്രം എന്നെ കാണുന്നുവെങ്കിൽ, സാവധാനത്തിൽ ഉപയോഗിച്ച് തള്ളപ്പെടുന്നു എന്ന തോന്നൽ വളരുന്നവരും. അത് വേദനാജനകമാണ്.

## സ്നേഹം മാംസരക്തങ്ങളായി അവതരിക്കണം

ബൈബിളിലെ ഊഷ്മള ബന്ധങ്ങളുടെ വിവരണങ്ങൾ കാണാതെ, വലിയ ദൈവീക കാര്യങ്ങൾ മാത്രം നാം ശ്രദ്ധിക്കുന്നു എന്നത് ഏറെ വിചിത്രമാണ്. വി. പൗലോസ് സഭകൾക്കെഴുതുമ്പോൾ മിക്കവാറും തന്റെ നല്ല സുഹൃത്തുക്കളെയും  വ്യക്തിപരമായി അഭിസംബോധന ചെയ്യുകയും അവരെപ്പറ്റി സൂചിപ്പിക്കുകയും ചെയ്യുന്നത് കാണാം. റോമ 16ലൂടെ  ഒന്ന് കണ്ണോടിക്കുകയാണെങ്കിൽ അത്തരം ആളുകളുടെ പേരുവിളിച്ചുള്ള ഒരു ലുത്തിനിയതന്നെ അവിടെ കാണാം. സുവിശേഷങ്ങളിൽ യേശുവിന്റെ ഹൃദ്യമായ സംഭാഷണങ്ങളും ഭവന സന്ദർശനങ്ങളും നമുക്ക് നന്നായി അറിയാം. പൂർണഹൃദയത്തോടും ആത്മാവോടും മനസ്സോടും ശക്തിയോടും കൂടെ ദൈവത്തെ സ്നേഹിക്കുക എന്നതാണ് ആദ്യത്തെ കൽപന (മർക്കോ 12,30). അടുത്തതായി പൂർണഹൃദയത്തോടും ആത്മാവോടും മനസ്സോടും ശക്തിയോടും കൂടെ ചുറ്റുമുള്ളവരെയും സ്നേഹിക്കണമെന്ന് യേശു ആഗ്രഹിക്കുന്നുവെന്നത് ഉറപ്പാണ്. കുറഞ്ഞപക്ഷം അവൻ അത് ചെയ്തു, അവന്റെ എല്ലാ നല്ല ശിഷ്യരും അത് ചെയ്യുന്നു. 'സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല' (യോഹ 15,13) എന്നാണല്ലോ.

നമ്മുടെ കുടുംബങ്ങളും ഗ്രൂപ്പുകളും ക്രമേണ യന്ത്രങ്ങൾ പോലെയാകുന്നു, ആചാരങ്ങളുടെയും പതിവുകളുടെയും ബുൾഡോസറിന് കീഴിൽ ആളുകൾ ചവിട്ടി മെതിക്കപ്പെടുകയും സന്തോഷവും സ്നേഹവും പതുക്കെ മരിക്കുകയും ചെയ്യുന്നു.

നിർഭാഗ്യവശാൽ, നമ്മുടെ കുടുംബങ്ങളും ഗ്രൂപ്പുകളും ക്രമേണ യന്ത്രങ്ങൾ പോലെയാകുന്നു, ആചാരങ്ങളുടെയും പതിവുകളുടെയും ബുൾഡോസറിന് കീഴിൽ ആളുകൾ ചവിട്ടിമെതിക്കപ്പെടുകയും സന്തോഷവും സ്നേഹവും പതുക്കെ മരിക്കുകയും ചെയ്യുന്നു. എന്നാൽ യേശുവിന്റെ രാജ്യം സ്നേഹവും സന്തോഷവുമാണ്. അപ്പോൾ നമ്മുടെ രീതികൾ എങ്ങനെയാകണം? കുടുംബങ്ങളിലും ഗ്രൂപ്പുകളിലും വിശാലമായ സഭയിലും മൂന്ന് പ്രധാന ഘടകങ്ങളുടെ സന്തുലിതാവസ്ഥ ഉണ്ടായിരിക്കണം: ഓരോ വ്യക്തിയും എവിടെയാണെന്ന് പരിശോധിക്കണം, കൂട്ടായ്മ ആഘോഷിക്കണം, ദൈവരാജ്യ വരവിനായി അധ്വാനിക്കണം.

സംഘടനയും പദ്ധതികളും മോശമാണോ? ചിട്ടയും അച്ചടക്കവും ഉപേക്ഷിക്കണമോ? തീർച്ചയായും വേണ്ട. ശരിയായ സമീപനം എന്തായിരിക്കണം? ഭാവി മുന്നിൽ കണ്ട് കാര്യങ്ങൾ ക്രമീകരിക്കണം. വ്യക്തതയോടെ പദ്ധതികൾ ഒരുക്കണം, ഒപ്പം വ്യക്തികളെ മറക്കുന്നില്ലെന്നും ബന്ധങ്ങൾ ഊഷ്മളതയിൽ വളരുമെന്നും ഉറപ്പുവരുത്തണം.

ആ പെൺകുട്ടിയുടെ വിശേഷം ഞാൻ സൂചിപ്പിച്ചു. ഒരു മിനിസ്ട്രി ഒത്തുചേരലിലാണ് ഞാൻ അവളെ പരിചയപ്പെട്ടത്. യുവാക്കൾക്കായി ഏറെ നല്ല കാര്യങ്ങൾ ഒരുക്കാനുള്ള യുവനേതാക്കളുടെ ആഹ്ലാദകരമായ ഒത്തുചേരലായിരുന്നു അത്. ആ ശുശ്രൂഷ ഇപ്പോൾ മനോഹരമായ കാര്യങ്ങൾ ചെയ്യുന്നു. പക്ഷേ, നിർഭാഗ്യവശാൽ, അതിവേഗം പായുന്ന ആ മിനിസ്ട്രി-എക്സ്പ്രസ്-ട്രെയിനിൽ നിന്ന് താഴെ വീണ അവളെപ്പോലുള്ളവരെക്കുറിച്ച് ഓർക്കാൻ ആരുമില്ലാതെ പോയി. "സാബത്ത് മനുഷ്യനുവേണ്ടിയാണ്" (മർക്കോ 2,27) എന്നത് നാം ഇനിയും മറക്കുന്നു. പഴയ സ്നേഹിതർ തനിയെ ആകുമ്പോൾ അവർ നോക്കെത്താ ദൂരത്താകുന്നു എന്നത് എങ്ങനെയോ ഏറെ ഭീതിജനകമാണ്.

***ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.***







# ദൈവത്തിന്റെ 'തൂവൽ സ്പർശം'

**സ്നേഹത്തിന്റെ വെളിച്ചം കൊണ്ടുനടക്കുന്നവരും സ്വന്തം കാര്യം നോക്കാൻ മറന്നുപോയവരും പുഞ്ചിരിയുടെ ദീപശിഖ ഉയർത്തുന്നവരുമൊക്കെ ഇനിയുമുണ്ട് നമുക്കുചുറ്റും. ലോകം സുന്ദരമാകുന്നത് ഇവരിലൂടെയൊക്കെയാണ്.**

"You are rewarded not according to your work or your time but according to the measure of your love."

*(വി. കാതറീൻ ഓഫ് സിയന്ന)*

വീണ്ടുമൊരിക്കൽ കൂടെ ചങ്ങനാശ്ശേരി, കുന്നന്താനത്തെ ദൈവപരിപാലനയുടെ വീട്ടിലേക്ക് (മഠം) പോകാൻ ഇടയായത് ഫോർമേഷൻ ടീമിന്റെ നേതൃത്വത്തിലുള്ള ധ്യാനമുള്ളതുകൊണ്ടാണ്. മുമ്പൊരിക്കൽ ആ സന്യാസഭവനത്തിന്റെ (വീടെന്ന് പറയാനാണ് കൂടുതൽ ഇഷ്ടം) സ്ഥാപകയായ ലിറ്റിയമ്മ (Rev. Sr. Dr. Litty) മരണമടഞ്ഞപ്പോൾ സ്മരണികയിൽ ലേഖനമെഴുതാൻ എന്നോടും ആവശ്യപ്പെട്ടിരുന്നു.

ആ ലേഖനത്തിന് മറ്റൊന്നും ആലോചിക്കാതെ കൊടുത്ത തല വാചകം 'ഇവിടെ നിന്ന് ദൈവത്തിലേക്ക് അധികം ദൂരമില്ല' എന്നായിരുന്നു. ആ തലവാചകം ഒരു പ്രശസ്ത വനിതാ പ്രസിദ്ധീകരണം മദർ മേരി ലിറ്റിയെ കുറിച്ചെഴുതിയ ഒരു ലേഖനത്തിന്റെ അവസാന വാചകമായിരുന്നു. ശാരീരിക, മാനസിക വൈകല്യം ബാധിച്ച, മറ്റുള്ളവർക്ക്, ബാധ്യതയായ കുറേ നിസ്സഹായജീവിതങ്ങൾ ഇവിടെ നന്നായി പരിപാലിക്കപ്പെടുന്നുണ്ട്.

ആ മണ്ണിൽ നിന്നും ഒരു സെക്കുലർ പ്രസിദ്ധീകരണത്തെക്കൊണ്ട് അത്രയും പറയിക്കാനാവുന്നതാണ് കാരിസം. അന്ന് ആ ലേഖനത്തിലെ അവസാന വാക്യമായ 'ഇവിടെ നിന്ന് ദൈവത്തിലേക്ക് അധികം ദൂരമില്ല' എന്ന പ്രസ്താവനയിൽ മനസ്സുടക്കിയിരുന്നു. ശരിയാണ് ഈ മണ്ണിൽ ചവിട്ടുന്ന ഓരോ തവണയും നമ്മളറിയാതെ കുറേക്കൂടെ ദൈവസാന്നിധ്യത്തിലേക്ക് വലിച്ചടുപ്പിക്കപ്പെടുന്നുണ്ട്.

ദാനിയേൽ പൂവണ്ണത്തിലച്ചന്റെ പ്രസംഗത്തിൽ കേൾക്കാനിടയായി "എല്ലായിടത്തും ദൈവമുണ്ടെങ്കിലും എല്ലായിടവും ദൈവികമല്ല" ഒരല്പം ധ്യാനമാവശ്യമുണ്ട് ഈ വാക്കുകളിൽ മറഞ്ഞിരിക്കുന്ന വെളിച്ചം തിരിച്ചറിയാൻ.

കുറച്ചധികം വർഷങ്ങൾക്കു മുമ്പ് ബ്രസീലിൽ സംഭവിച്ചതാണ് ഇക്കാര്യം മദർ തെരേസയുടെ സഹോദരിമാർ 'ആർക്കും വേണ്ടാത്ത' മരണാസന്നരായ രോഗികളെ സ്വന്തം കൂടപ്പിറപ്പുകളായി തിരിച്ചറിഞ്ഞ് വച്ചുകെട്ടി



The Good Samaritan (1890 oil on canvas) by Vincent van Gogh

അന്നമൂട്ടുന്ന ദൃശ്യങ്ങളടങ്ങുന്ന ഒരു ഡോക്കുമെന്ററി. പ്രമുഖ വിദേശ ചാനൽ സംപ്രേക്ഷണം ചെയ്യുകയാണ്. ദൈവത്തിന്റെ പേരിൽ പോലും മനുഷ്യനെ കശാപ്പു ചെയ്ത് ആനന്ദിക്കുന്ന ഒരു ലോകത്തിൽ, ഇത്തരം മനുഷ്യരും, (സമർപ്പിക്കപ്പെട്ട മനുഷ്യർ) ജീവിച്ചിരിപ്പുണ്ട് എന്ന് നമ്മെ ഓർമപ്പെടുത്തുകയാണ് ആ ഡോക്കുമെന്ററി. ഇത് പ്രദർശിപ്പിക്കപ്പെട്ട സമയത്ത് ബ്രസീലിലെ തെരുവിലൂടെ ഒരു സമ്പന്നനായ മനുഷ്യൻ ജീവിതത്തോടുള്ള അവസാന പ്രത്യാശയും നഷ്ടപ്പെട്ട് ജീവനൊടുക്കാനുള്ള തീരുമാനത്തോടെ അലയുന്നുണ്ടായിരുന്നു.

***വല്ലാതെ മടുക്കുമ്പോൾ ഇത്തരം കനിവിന്റെ ഇടങ്ങൾ നമ്മിലെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന 'മനുഷ്യത്വ'ത്തെയൊക്കെ വീണ്ടെടുക്കാൻ നമ്മെ സഹായിക്കുന്നു.***

തികച്ചും യാദൃച്ഛികമായാണ് അയാൾ ആ ദൃശ്യചാരുതയിൽ തന്നെത്തന്നെ കണ്ടെത്തുന്നത്. പിന്നെയൊന്നും പഴയതുപോലല്ല. ഒരു ടെലിവിഷൻ ഷോറൂം ആരും അധികം ശ്രദ്ധിക്കാനില്ലാത്ത ഒരു പാതയോരത്തേക്ക് തിരിച്ചുവച്ച ടി.വി. സ്ക്രീനിൽ, തന്നിലേക്ക് ചുരുങ്ങി, ചുരുങ്ങി സ്വയം ഇല്ലാതായികൊണ്ടിരിക്കുന്ന, മനുഷ്യർക്കിടയിൽ കരുണയുടെ ഒരു നനവ് ആ 'മടുത്ത ഹൃദയ'ത്തിലേക്ക് കിനിഞ്ഞിറങ്ങാൻ തുടങ്ങി. ദൈവത്തിന്റെ തൂവൽ സ്പർശം അയാളെ തഴുകിയപ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. പിന്നെ അദ്ദേഹം മറ്റൊരാളായി മാറി, മദർ തെരേസയുടെ വളണ്ടിയറും, സഹകാരിയുമൊക്കെയായി ജീവിതത്തിന്റെ അർഥരാഹിത്യത്തെ ഭംഗിയായി കൈകാര്യം ചെയ്തു.

"മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5,16). ഈ വചനം ഒരിക്കൽക്കൂടെ മാംസം ധരിച്ചു. വല്ലാതെ മടുക്കുമ്പോൾ ഇത്തരം കനിവിന്റെ ഇടങ്ങൾ നമ്മിലെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന 'മനുഷ്യത്വ'ത്തെയൊക്കെ വീണ്ടെടുക്കാൻ നമ്മെ സഹായിക്കുന്നു. ഇപ്പോഴത്തെ മദർ സുപ്പീരിയറായ റോസിലി മദറിനെ കാണാൻ ഇക്കുറി അവസരം ലഭിച്ചപ്പോൾ, അവിടത്തെ പുതിയ വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. കൂട്ടത്തിൽ മനസ്സിനെ തൊട്ട ഒരനുഭവം പങ്കിടാം.

കർക്കശമായ മാർഗനിർദ്ദേശങ്ങളാണല്ലോ, പ്രത്യേകിച്ച് ഇക്കാലത്ത് അധികാരികൾ ഇത്തരം സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്നത്. ഈയിടെ ഏതൊക്കെയോ ഇൻസ്പെക്ഷന്റെ ഭാഗമായി കടന്നുവന്ന ചില ഉദ്യോഗസ്ഥർ അവരുടെ ഔദ്യോഗികമായ എല്ലാ കാര്യങ്ങളും കഴിഞ്ഞ ശേഷവും അവിടെ നിന്നു പോകാതെ നിൽക്കുന്നതുകണ്ട് സന്യാസിനിമാരിലാരോ കാര്യം തിരക്കി, 'ഇനിയെന്തെങ്കിലും?'

ഇതര മതസ്ഥരായ അവർ കൊടുത്ത മറുപടി ഇങ്ങിനെയായിരുന്നു. "സിസ്റ്ററേ, ഇവിടെ നിന്ന് പോകാനേ തോന്നുന്നില്ല, കാരണം ഇവിടെ സ്നേഹം ഇങ്ങനെ നിറഞ്ഞ് നിൽക്കുകയാണ്." ആ ഭവനത്തിന്റെ അന്തരീക്ഷത്തിൽ തളംകെട്ടി നിൽക്കുന്ന സ്നേഹത്തിന്റെയും കരുണയുടെയും ഒരു നനുത്ത കാറ്റ് അവരേയും തലോടി കടന്നു പോയിരിക്കണം.


കുറച്ചുനേരം കൂടെനിൽക്കാൻ പ്രേരിപ്പിക്കുന്ന ഇടങ്ങളൊക്കെ കുറഞ്ഞു വരുന്ന ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. എന്നിട്ടും ചിലയിടങ്ങൾ ഇങ്ങനെയൊക്കെ അവശേഷിക്കുന്നുണ്ട്. അവസാനകാലത്തെ ചില അടയാളങ്ങളെ കുറിച്ച് ബൈബിൾ തരുന്ന ചില സൂചനകളുണ്ട്. "അനേകർ വിശ്വാസം ഉപേക്ഷിക്കുകയും പരസ്പരം ഒറ്റിക്കൊടുക്കുകയും ദ്വേഷിക്കുകയും ചെയ്യും. അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും" (മത്താ 24,10-12).

വിശ്വാസം ഉപേക്ഷിക്കുന്നവരുടെയും പരസ്പരം ദ്വേഷിക്കുന്നവരുടെയും എണ്ണത്തിൽ ധാരാളം വർധനവുണ്ട് ഇക്കാലത്ത്. ആർക്കും ആരോടും അത്ര ആത്മാർഥമായ സ്നേഹമൊന്നുമില്ല, എല്ലാം ഒരുതരം കാണിച്ചുകൂട്ടൽ. എന്നിട്ടും ഇത്തരം സ്നേഹക്കെണികളെ കണ്ണും പൂട്ടി വിശ്വസിച്ച് സ്വന്തം ക്രൈസ്തവ വിശ്വാസവും, കുടുംബവും മറന്ന് പ്രണയക്കെണികളിൽ ചെന്നു ചാടാൻ വെമ്പൽ കൊള്ളുന്ന യുവജനങ്ങളെ കുറിച്ച് എന്തു പറയാൻ?

ഇനി തണുത്ത സ്നേഹത്തെക്കുറിച്ചാണെങ്കിലോ, അത് ആത്മീയതയിലാവട്ടെ, അനുദിന ജീവിതത്തിലാവട്ടെ ഒരു തരത്തിൽ 'വൃദ്ധൻ മണൽക്കൂന കയറുന്നതുപോലുള്ള' മടുപ്പിന്റെ ജീവിതമാണ്. ഓരോ ദിവസവും ദു:സ്സഹമാക്കുന്ന, നിരാശ പരത്തുന്ന ജീവിതം. വെളിപാടു പുസ്തകത്തിൽ ചൂടോ തണുപ്പോ ഇല്ലാത്തവരോടുള്ള ദൈവത്തിന്റെ കലഹത്തെ കുറിച്ച് മൂന്നാം അധ്യായത്തിൽ സൂചനയുണ്ട്.

വാക്കുകളില്ലാത്ത സുവിശേഷ പ്രഘോഷണത്തിന്റെ കാലം വന്നു കഴിഞ്ഞു. കുന്നന്താനവും, മദർ തെരേസയുടെ കൊൽക്കത്തയിലെ ഭവനവുമൊക്കെ നമ്മോടു പറയുന്നത് ധ്യാന കേന്ദ്രങ്ങൾ മാത്രമല്ല സുവിശേഷം പ്രസംഗിക്കുന്ന ഇടങ്ങൾ, ഇത്തരം നിസ്വാർഥ സ്നേഹം നിറഞ്ഞു നിൽക്കുന്ന ഭവനങ്ങളും അത് ഭംഗിയായി നിറവേറ്റുന്നുണ്ട് എന്നാണ്. അവിടംവരെയൊന്നും പോകാൻ കഴിയാത്തവർക്ക്, നമുക്ക് ചുറ്റുമുള്ളവർക്ക് നമ്മൾ തന്നെ 'ദൈവത്തിന്റെ തൂവൽ സ്പർശം' ആയി മാറേണ്ടിയിരിക്കുന്നു. അതിനുള്ള കൃപക്കാണ് ഇനി പ്രാർഥിക്കേണ്ടത്.

***തൃശൂർ സ്വദേശിയായ ലേഖകൻ നിർമല മാതാ സെൻട്രൽ സ്കൂളിൽ വാല്യു എഡ്യുക്കേഷൻ ടീച്ചറായി ജോലി ചെയ്യുന്നു. ഭാര്യ അമ്പിളി. മൂന്നു മക്കൾ.***




Subscribe!
to the best Catholic magazine for children!

To purchase scan QR code or visit: www.jykairosmedia.org/kairosbuds

# നമ്മുടെ തൊഴിലിട



ആധുനിക മനുഷ്യനെ നിർവചിക്കുന്ന ഏറ്റവും വലിയ ഘടകമായി അവന്റെ തൊഴിൽ മാറി എന്നതാണ് ഏറ്റവും ശ്രദ്ധേയമായ വർത്തമാനകാലയാഥാർഥ്യം. ജീവിക്കാൻ വേണ്ടി ജോലി ചെയ്യുക എന്നത് മാറി, ജോലി ചെയ്യാൻ വേണ്ടി ജീവിക്കുന്ന മനുഷ്യർ ആണ് നമുക്ക് ചുറ്റും. ജീവിതപരിസരങ്ങളും തൊഴിലിടങ്ങളും കൂടുതൽ യന്ത്രവത്ക്യതമാകുന്നതോടുകൂടി, മനുഷ്യന് കൂടുതൽ സമയം കിട്ടുമെന്ന് വിചാരിച്ചിടത്തു സമയമില്ലാതെ പായുന്ന മനുഷ്യനെയാണ് നമ്മൾ കാണുന്നത്. ഫ്രഞ്ച് വിപ്ലവത്തിലെ ഒരു പ്രധാന മുദ്രാവാക്യം, എട്ടു മണിക്കൂർ ജോലി, എട്ടു മണിക്കൂർ വിശ്രമം, എട്ടു മണിക്കൂർ തങ്ങൾക്കു ഇഷ്ടമുള്ളത് ചെയ്യാൻ എന്നായിരുന്നു. ഇന്ന് ഈ മുദ്രാവാക്യം ആകെ മാറി മറിഞ്ഞു. അത്യന്താധുനിക കാലഘട്ടത്തിൽ, ഉറങ്ങാനും വിനോദത്തിനും ഒന്നും സമയമില്ലാതെ പരക്കംപാഞ്ഞു ജോലി ചെയ്യുന്ന മനുഷ്യരെയാണ് കാണുക. ജോലി തരുന്ന സമ്മർദങ്ങൾ മനുഷ്യന്റെ ഏറ്റവും വലിയ പ്രതിസന്ധി ആകുന്ന ഒരു കാലത്തിലൂടെ നമ്മൾ ഇന്ന് കടന്നു പോകുന്നു. ഇത് സമൂഹത്തിന്റെ ആരോഗ്യകരമായ നിലനില്പിന്റെകൂടെ പ്രശ്നമാകുന്നു. എന്താണ് ഇതിനോടുള്ള നമ്മുടെ പ്രതികരണം?

മുതലാളിത്ത സമ്പദ്വ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആശയം, അനന്തമായ ഉത്പാദനവും, ഉപഭോഗവും ആണ് മനുഷ്യന് സന്തോഷം കൊടുക്കുന്നത് എന്നാണ്. ഇവ രണ്ടും മാത്രമാണ് സന്തോഷത്തിനു നിദാനം എന്നുവരുമ്പോൾ മനുഷ്യൻ തൊഴിലിന്റെ അടിമയായി മാറുന്നു. അഥവാ മനുഷ്യൻ, മുതലാളിത്ത വ്യവസ്ഥിതിക്കു ലാഭം ഉണ്ടാക്കാനുള്ള ഒരുപകരണം മാത്രമായി മാറുന്നു. മനുഷ്യൻ ഉപകരണമായി മാറുക എന്നുവച്ചാൽ അവന്റെ വികാരങ്ങളും, വിചാരങ്ങളും, കുടുംബവും, വ്യക്തിതാത്പര്യങ്ങളും ഒക്കെ ലാഭത്തിനു മുന്നിൽ അപ്രസക്തമാവുക എന്നാണ് അർഥം. അമിതമായി ജോലി ചെയ്ത് എരിഞ്ഞടങ്ങുന്ന മനുഷ്യരെ പ്പറ്റി ജർമനിയിൽ താമസിക്കുന്ന ദക്ഷിണ കൊറിയൻ തത്ത്വചിന്തകനും സാംസ്കാരിക സൈദ്ധാന്തികനുമായ ബ്യൂങ്ചുൽ ഹാൻ (Byung-Chul Han) എഴുതിയ ശ്രദ്ധേയ



**കവർസ്റ്റോറി - ബോബി ജോർജ്**

# ങ്ങൾ



**ജോലിയും വരുമാനവുമൊക്കെ ഉണ്ടായിട്ടും, തനിക്കും തന്റെ വീട്ടുകാർക്കുംവേണ്ടി അല്പം സമയം കണ്ടെത്താൻ പറ്റുന്നില്ല എങ്കിൽ ആ ജോലി വേണ്ടെന്നുവയ്ക്കാനുള്ള ഒരു ചങ്കൂറ്റവും ഇന്ന് അത്യാവശ്യമായി വരികയാണ്.**

മായ ഒരു പുസ്തകമുണ്ട്, The Burnout Society. അതിലെ ചില നിരീക്ഷണങ്ങൾ ഇങ്ങനെയാണ്: മുൻപ് മുതലാളി–അടിമ എന്ന ഒരു ബന്ധം ആയിരുന്നുവെങ്കിൽ ഇന്ന്, ഒരാൾതന്നെ മുതലാളിയും അടിമയുമാകുന്നു. ഒരാൾ തന്നെത്തന്നെ ചൂഷണം ചെയ്യുന്നു. അതുകൊണ്ടുതന്നെ അയാൾ അതറിയുന്നുമില്ല. ഇപ്പോഴത്തെ സമ്പദ്‌വ്യവസ്ഥിതി, കൂടുതൽ മൂലധനം (capital) ജീവിതം കൂടുതൽ സമ്പന്നമാകുമെന്നാണ് വാഗ്ദാനം ചെയ്യുന്നത്, അല്ലാതെ നല്ല ഒരു ജീവിതം (good life) മനുഷ്യന്റെ മുന്നിൽ വയ്ക്കുന്നില്ല. ഉപഭോഗത്തിനു അപ്പുറമുള്ള മൂല്യങ്ങൾ അതിന്റെ ലക്ഷ്യമല്ല.

മനുഷ്യന് മനുഷ്യനായി ജീവിക്കാൻ പറ്റാത്ത രീതിയിൽ ചൂഷണം ചെയ്യപ്പെടുന്ന തൊഴിലിടങ്ങളിലേക്കും, അവിടെ വ്യക്തികൾ അനുഭവിക്കുന്ന സമ്മർദങ്ങളിലേക്കുമൊക്കെ നമ്മൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഒന്നാമതായി, മനുഷ്യന്റെ സമയമാണ് യാതൊരു ദാക്ഷിണ്യവും ഇല്ലാതെ ജോലി കവർന്നെടുക്കുന്നത്. ക്ലിപ്തമായ ഒരു ജോലിസമയം എന്നത് ഇന്ന് കേട്ടുകേൾവി പോലും ഇല്ലാത്ത ഒന്നായി മാറിയിട്ടുണ്ട്. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോരുത്തരും സദാസമയം ഒരു work camp അവരുടെ ഉള്ളിൽ ചുമക്കുന്നുവെന്ന് Chul Han പറയുന്നുണ്ട്. സ്വന്തമായി ഒരു സമയം, കുടുംബത്തോടൊപ്പം എല്ലാ ദിവസവും കുറച്ചു നേരം എന്നതൊക്കെ അസാധ്യമാവുകയാണ്. പലപ്പോഴും ജോലി വീട്ടിലേക്കു കയറി വരുന്നു. സ്മാർട്ട് ഫോണിന്റെ ഒക്കെ വരവോടു കൂടി, ഏതു സമയത്തും ഒരാൾ ലഭ്യമായിരിക്കണം എന്ന നിർബന്ധമാണ് പല ജോലി സ്ഥലങ്ങളിലും ഉള്ളത്. ഇതുണ്ടാക്കുന്ന സമ്മർദം വളരെ വലുതാണ്. ഇതോടൊപ്പം ചേർത്തുവായിക്കേണ്ട ഒന്നാണ്, തൊഴിലിന്റെ സുരക്ഷിതത്വവും, അതിനെക്കുറിച്ചുള്ള വ്യാകുലതകൾ സൃഷ്ടിക്കുന്ന ഉൽക്കണ്ഠകളും. പലപ്പോഴും പലരും തങ്ങളുടെ ആരോഗ്യവും, കുടുംബവുമൊക്കെ മറന്നു ജോലി ചെയ്യാൻ തയ്യാറാകുന്നത് അവരുടെ തൊഴിൽ നഷ്ടപ്പെടുമോ എന്ന ആശങ്ക കൊണ്ട് കൂടിയാണ്. ഇതൊരു വല്ലാത്ത പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഒരു വശത്തു തൊഴിലുമായി ബന്ധപ്പെട്ടു പരക്കംപാച്ചിൽ നടത്തുമ്പോൾ, മറുവശത്തു അവരുടെ ആരോഗ്യം വഷളാകുന്നു. ആധുനിക മനുഷ്യൻ പലപ്പോഴും ജോലി തിരഞ്ഞെടുക്കുമ്പോൾ നോക്കുന്ന ഒരേയൊരു കാര്യം, അത് വാഗ്ദാനം ചെയ്യുന്ന ശമ്പളവും മറ്റു ആനുകൂല്യങ്ങളും മാത്രം ആയിരിക്കും. പക്ഷേ ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊന്ന് കൂടിയുണ്ട്. അത് ഒരു ജോലി തിരഞ്ഞെടുക്കുമ്പോൾ, എത്ര മാത്രം സ്വാതന്ത്ര്യം നമുക്ക് അതിൽ ഉണ്ടെന്നതു കൂടിയാണ്. തനിക്കും തന്റെ കുടുംബത്തിനും സമാധാനപൂർവം മാറ്റിവയ്ക്കാൻ അല്പം സമയം കൂടി കണ്ടെത്താൻ ഈ ജോലിയിൽ പറ്റുമോ എന്നത്, ശമ്പളത്തോടൊപ്പമോ അതിൽ കൂടുതലോ പ്രധാനപ്പെട്ട സംഗതിയാണ്.

ജോലിയും വരുമാനവുമൊക്കെ ഉണ്ടായിട്ടും, തനിക്കും തന്റെ വീട്ടുകാർക്കും വേണ്ടി അല്പം സമയം കണ്ടെത്താൻ പറ്റുന്നില്ല എങ്കിൽ ആ ജോലി വേണ്ടെന്നുവയ്ക്കാനുള്ള ഒരു ചങ്കൂറ്റവും ഇന്ന് അത്യാവശ്യമായി വരികയാണ്. പലപ്പോഴും ഇത് പലർക്കും പറ്റില്ലെങ്കിലും ജോലിയിൽ  പിരിമുറുക്കം കൂടി വരുമ്പോൾ, മേലധികാരികളോട് തുറന്നു സംസാരിക്കാനും, സഹപ്രവർത്തകരോട് അതൊക്കെ പങ്കുവയ്ക്കാനും ഒക്കെ നമുക്ക് സാധിക്കണം. മാനേജ്മെന്റിന്റെ എല്ലാ സമ്മർദങ്ങൾക്കും എളുപ്പം വഴങ്ങുക എന്നുവച്ചാൽ, അത് ഒരാളുടെ സമ്പൂർണമായ അടിമത്തത്തിലേക്കും നാശത്തിലേക്കും ആയിരിക്കും നയിക്കുക എന്നും ഓർക്കുക.

***ബാംഗ്ലൂർ ഐ.എ.എം.ൽ സീനിയർ മാനേജറും ബ്ലോഗറുമാണു ലേഖകൻ***



**കവർസ്റ്റോറി** - ഡോ. ജോർജ് തയ്യിൽ

# രോഗാതുരമാകുന്ന ചെറുപ്പക്കാരിലെ സ്ട്രെസ്സ്

**സ്ട്രെസ് കുഴപ്പമാണെന്നും ഒഴിവാക്കേണ്ടതാണെന്നും എല്ലാവർക്കുമറിയാം. അല്പം സ്ട്രെസ് കാര്യക്ഷമത കൂട്ടുമെന്നുള്ളതും സത്യം. കൈകാര്യം ചെയ്യുന്നതിലാണ് വിജയം.**



പരമ്പരാഗതമായ ആപത്ഘടകങ്ങൾക്കുപരിയായി ഹാർട്ടറ്റാക്കോ, ഹൃദയസ്തംഭനം തന്നെയോ ഉണ്ടാക്കാൻ പ്രാപ്തമായ പുതിയ വില്ലന്മാർ രംഗപ്രവേശം ചെയ്തിട്ടുണ്ടെന്ന് ഈ അടുത്തകാലത്ത് നടന്ന പഠനങ്ങൾ. ഈ പ്രതിഭാസം കൂടുതലായി ചെറുപ്പക്കാരിലാണ് കാണുന്നത്. അതും അധ്വാനശീലരായ യുവതലമുറയ്ക്ക് ഈ അമിത ജോലിഭാരം താങ്ങാനാവാത്തതാകുന്നു. 'കരോഷി സിൻഡ്രോം' എന്നറിയപ്പെടുന്ന 'അമിതാധ്വാനത്തിലൂടെ മരണം' എന്ന് അർഥം വരുന്ന ഈ പ്രതിഭാസം ഡെമോക്ലീസിന്റെ വാൾ പോലെ അമിതാധ്വാനം ചെയ്യുന്ന എല്ലാ ചെറുപ്പക്കാരുടെയും തലയ്ക്കു മുകളിൽ തൂങ്ങി കിടക്കുന്നു.

ഈ അടുത്തിടെ എറണാകുളം സ്വദേശിനി 26 വയസ്സ് മാത്രം പ്രായമുള്ള അന്ന സെബാസ്റ്റ്യന്റെ ആകസ്മികമായ മരണത്തോടെയാണ് അമിതാധ്വാനവും വിശ്രമമില്ലായ്മയും ഉറക്കക്കുറവും ഒടുങ്ങാത്ത സ്ട്രെസ്സും എപ്രകാരം ഹൃദയസംബന്ധമായ വിവിധ രോഗാതുരതകൾക്ക് കാരണമാകുന്നു എന്ന് ചർച്ചകൾക്ക് വിധേയമായത്. പൂനെയിലെ സ്വകാര്യ കമ്പനിയിൽ ചാർട്ടേഡ് അക്കൗണ്ടന്റായി ദിവസേന 18 മണിക്കൂറിൽ അധികം ജോലി ചെയ്ത യുവതി ജൂലൈ 21ന് കഠിനമായ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് താമസസ്ഥലത്ത് കുഴഞ്ഞുവീണു മരിച്ചു. അന്നത് ഒരു വാർത്തയേ അല്ലായിരുന്നു. രണ്ട് മാസങ്ങൾക്കുശേഷം, തന്റെ മകൾ ജോലിസ്ഥലത്ത് അനുഭവിച്ച മൃഗതുല്യമായ തൊഴിൽ സാഹചര്യങ്ങളെപ്പറ്റി അമ്മ നടത്തിയ വെളിപ്പെടുത്തലുകൾ സാമൂഹ്യ മാധ്യമങ്ങളിൽ ചൂടുള്ള ചർച്ചയ്ക്ക് വിധേയമായി. ഒരു വ്യക്തിയുടെ അന്തസത്തയുടെയും ആത്മാർഥതയുടെയും വേരുകൾവരെ പിഴുതെടുക്കുന്ന ഇന്നത്തെ ആധുനിക തൊഴിൽ സംസ്കാരത്തിന്റെ നമ്മളറിഞ്ഞ രക്തസാക്ഷിയാണ് അന്ന സെബാസ്റ്റ്യൻ.

അന്ന സെബാസ്റ്റ്യൻ എപ്രകാരം മരിച്ചു എന്നതിനെപ്പറ്റി പല ശാസ്ത്രീയ ചർച്ചകളും വിദഗ്ധതലത്തിൽ നടന്നു. അങ്ങനെയാണ് 'കരോഷി സിൻഡ്രോ'മിന്റെ വസ്തുതകളിലേക്ക് ചർച്ചകൾ എത്തിയത്. ജപ്പാനിൽ ആഴ്ചയിൽ 40 മണിക്കൂർ സാധാരണ ജോലിക്ക് പകരം 55 മണിക്കൂർ കൂടുതൽ കഠിനാധ്വാനം ചെയ്തവരിലാണ് ഈ പ്രതിഭാസം ആദ്യം കണ്ടത്. ഇവരിൽ ഹാർട്ടറ്റാക്ക് ഉണ്ടാകുവാനുള്ള സാധ്യത 13 ശതമാനവും സ്ട്രോക്ക് ഉണ്ടാകുവാനുള്ള സാധ്യത 33 ശതമാനവും കൂടുതലായി കണ്ടു. ഉറക്കക്കുറവ് അതിരുകടന്നവരിൽ മാരകമായ വെൻട്രിക്കുലർ ഫിബ്രിലേഷൻ എന്ന താളംതെറ്റിയ ഹൃദയമിടുപ്പും കണ്ടു. വെൻട്രിക്കുലർ ഫിബ്രിലേഷൻ ഉണ്ടാകുന്നവരിൽ ഹൃദയസ്തംഭനവും മരണവും സംഭവിക്കുന്നത് ഉടനടിയാണ്. ദീർഘനേരം വിശ്രമമില്ലാതെ ഉറക്കമിളച്ച് ജോലി ചെയ്യുന്നവരിൽ കാണുന്ന ഹൃദയഘടനാ വ്യതിയാനമാണ് മയോ കാർഡിയൽ ഫൈബ്രോസിസ്. അത് താളം തെറ്റിയ ഹൃദയസ്പന്ദനത്തിലേക്കും ഹൃദയ പരാജയത്തിലേക്കും നയിക്കുന്നു. 'കരോഷി സിൻഡ്രോം' കലശലാകുമ്പോൾ ആത്മഹത്യാ പ്രവണതയും അധികരിക്കുന്നു. കരോഷി സിൻഡ്രോമിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി ജപ്പാനിൽ നിന്നുള്ള ആദ്യ റിപ്പോർട്ടുകൾ പുറത്തുവരുന്നത് 1969 ലാണ്. ഇന്നിത് ലോകമെമ്പാടുമുള്ള ഒരു സാധാരണ പ്രതിഭാസമായി മാറിക്കഴിഞ്ഞു.

*മരണത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നതിനു മുന്നോടിയായി പല രോഗാതുരതകളാണ് ഒരു വ്യക്തിക്ക് ഉണ്ടാകുന്നത്.*

**1. ഹൃദയസംബന്ധമായ സങ്കീർണതകൾ**

ഒരു വ്യക്തി നിരന്തരമായ സംഘർഷത്തിന് കീഴ്പ്പെടുമ്പോൾ ശരീരത്തിൽ സ്ട്രെസ് ഹോർമോണുകൾ (കോർട്ടിസോൾ, അഡ്രിനാലിൻ) കുമിഞ്ഞു കൂടുന്നു. ഇതുമൂലം നെഞ്ചിടിപ്പ് ക്രമാതീതമാകുന്നു, രക്തസമ്മർദം വർധിക്കുന്നു. തുടർന്ന് ആകമാനമുള്ള ധമനി വീക്കമുണ്ടാകുന്നു. ഇത് രക്തക്കുഴലുകളിൽ ജാരിതാവസ്ഥയും രക്തക്കട്ടയും ഉണ്ടാകുന്നതിന് കാരണമാകുന്നു. ഈ അവസ്ഥ തുടർന്നാൽ ഹാർട്ടറ്റാക്ക്, സ്ട്രോക്ക്, താളംതെറ്റിയ ഹൃദയസ്പന്ദനം തുടങ്ങിയ മാരകമായ സങ്കീർണതകൾ മൂലം രോഗി മരണത്തെ അഭിമുഖീകരിക്കുന്നു.

**2 അമിത രക്തസമ്മർദം**

സുദീർഘമായ ജോലി സമയവും, അടങ്ങാത്ത സ്ട്രെസ്സും ഉറക്കക്കുറവും ഉണ്ടാക്കുന്ന പ്രധാന സങ്കീർണത പ്രഷറിന്റെ തിരയിളക്കമാണ്. ഈ അവസ്ഥ തുടർന്നാൽ ഹൃദയാഘാതവും സ്ട്രോക്കും ഉണ്ടാകുന്നു. പ്രത്യേകിച്ച് തലച്ചോറിലെ രക്തസ്രാവം.

**3. ഉറക്കക്കുറവും തളർച്ചയും**

അമിത ജോലി ഉറക്കക്കുറവ് ഉണ്ടാക്കുന്നു. അത് സമൂലമായ ശാരീരിക ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. ബൗദ്ധികമായ കഴിവുകൾ കുറയുന്നു. ശരീരത്തിന്റെ പൊതുവായ പ്രതിരോധശക്തി ദുർബലമാകുന്നു.

**4. തളരുന്ന മാനസികാരോഗ്യം**

തൊഴിൽ സ്ഥലത്തെ അടങ്ങാത്ത സമ്മർദം, മാനസികാരോഗ്യത്തിന്റെ അടിത്തറയിളക്കുന്നു. അമിതമായ ഉത്കണ്ഠയും വിഷാദവും ആണ് അനന്തരഫലം. ഇത് അതിരുകടന്നാൽ ഒരുവൻ ആത്മഹത്യയ്ക്കുവരെ തയ്യാറാകുന്നു. ചെറുപ്പക്കാരായ 1990 ഐടി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 2010–2018 കാലഘട്ടത്തിൽ നടത്തിയ പഠനങ്ങളിൽ വിശ്രമമില്ലാതെ ദീർഘനേരം ജോലി ചെയ്യുന്നവരിൽ 55.7 ശതമാനം പേർക്കും ആത്മഹത്യ പ്രവണത കണ്ടു.

29 വയസ്സിൽ താഴെയുള്ളവരിലാണ് ഇത് കൂടുതലായി കാണുന്നത്.

**5. പോഷകസംബന്ധമായ അപാകതകൾ**

നിരന്തരമായ മന:സംഘർഷം ഉള്ളവരിൽ പ്രമേഹവും അമിതവണ്ണവും ഉണ്ടാകാനുള്ള സാധ്യത ഏറി നിൽക്കുന്നു.

**6. ദുർബലമാകുന്ന ഇമ്മ്യൂൺ വ്യവസ്ഥ**

ഈ അവസ്ഥ നാനാവിധത്തിലുള്ള അനുബന്ധ രോഗങ്ങൾക്ക് കാരണമാകുന്നു.

ആധുനിക ലോകത്തിന്റെ ശാപമായി മാറുകയാണ് സ്ട്രെസ്സ്. പ്രവർത്തനശൈലിയെ ത്വരിതപ്പെടുത്താൻ സ്ട്രെസ്സ് ഒരു പരിധിവരെ ആവശ്യമാണെങ്കിലും അതിരുകടക്കുന്ന മനോസംഘർഷം മനസ്സിനെയും ശരീരത്തെയും ഒരുപോലെ രോഗാതുരമാക്കുകയാണ്. പഴയതുപോലെയല്ല ഇന്നത്തെ ലോകത്ത് ഒരു പിടി കാര്യങ്ങൾ സമയബന്ധിതമായി ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്. ലോകത്തിന്റെ പ്രയാണം ഏറെ ശീഘ്രഗതിയിൽ ആയതുതന്നെ കാരണം. കമ്പ്യൂട്ടർവത്ക്കരണത്തിലൂടെ ജീവിതചര്യകൾക്ക് വളരെ വേഗത കൈവരിച്ചു. പോസ്റ്റ് ഓഫീസിൽ പോകേണ്ട, കത്തിടപാടുകൾക്ക് ഇ–മെയിൽ ഉണ്ട്. കാപ്പി ഉണ്ടാക്കാൻ കോഫി മെഷീൻ, കാറിൽ ഇരുന്നു വീടിന്റെ ഗേറ്റ് തുറക്കാം, ഓൺലൈനിൽ ടിക്കറ്റ് ബുക്ക് ചെയ്യാം. വാട്സാപ്പിലൂടെ കണ്ടും കേട്ടും വിവരങ്ങൾ ശീഘ്രഗതിയിൽ കൈമാറാം. അങ്ങനെ പോകുന്നു ജീവിതക്കുതിപ്പിന് ആക്കം കൂട്ടാൻ സാങ്കേതിക മികവുള്ള യന്ത്ര സംവിധാനങ്ങൾ.

എന്നാൽ, അതിനൊരു മറുവശമുണ്ട്. ഈ യന്ത്ര വേഗതയ്ക്കൊപ്പം എത്താൻ മനുഷ്യൻ ഏറെ ആയാസപ്പെടണം. ആ പരാക്രമത്തിൽ പലരും കാലിടറി വീഴുകതന്നെ ചെയ്യുന്നു. ഇക്കൂട്ടർക്ക് അനിയന്ത്രിതമായ സ്ട്രെസ്സ് താങ്ങാനുള്ള കരുത്ത് ഇല്ലാത്തതുതന്നെ കാരണം.

**അന്ന സെബാസ്റ്റ്യൻ എപ്രകാരം മരിച്ചു എന്നതിനെപ്പറ്റി പല ശാസ്ത്രീയ ചർച്ചകളും വിദഗ്ധതലത്തിൽ നടന്നു. അങ്ങനെയാണ് 'കരോഷി സിൻഡ്രോ'മിന്റെ വസ്തുതകളിലേക്ക് ചർച്ചകൾ എത്തിയത്.**

ആധുനിക ലോകത്തിന്റെ വ്യഗ്രവും വന്യവുമായ ആചാരങ്ങളെ അഭിമുഖീകരിക്കുവാൻ നിർബന്ധിതരാകുന്ന മനുഷ്യർ രണ്ടു വിധത്തിലാണ് അതിനോട് പ്രതികരിക്കുന്നത്. ആദ്യം ശക്തിയെല്ലാം സംഭരിച്ച് സംഘർഷത്തെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നു. പറ്റിയില്ലെങ്കിൽ തോൽവി സമ്മതിച്ച് അതിൽനിന്ന് ഓടി രക്ഷപ്പെടുന്നു. ഫൈറ്റ് ഓർ ഫ്ളൈറ്റ് (fight or flight) എന്നാണ് മനഃശാസ്ത്ര വിദഗ്ധർ, ഈ അവസ്ഥയെ വിശേഷിപ്പിക്കുന്നത്.


പ്രാചീന കാലം മുതലേ മനുഷ്യൻ അനുവർത്തിച്ചുപോന്ന മനോഭാവവും ഇതുതന്നെ. വനത്തിൽ വേട്ടയ്ക്ക് പോയിരുന്നവർ വന്യ മൃഗങ്ങളോട് പൊരുതിയിരുന്നു. എതിരാളി ശക്തനാണെങ്കിൽ തിരിഞ്ഞോടി രക്ഷപ്പെടുകയും ചെയ്തിരുന്നു.

ഓരോ തരത്തിലുള്ള സംഘർഷാവസ്ഥകൾ ഹൃദ്രോഗത്തിനും തുടർന്ന് മാരകമായ ഹാർട്ടറ്റാക്കിനും കാരണമകുന്നതിനെപ്പറ്റി അനേകം ഗവേഷണ നിരീക്ഷണങ്ങൾ നടന്നിട്ടുണ്ട്.

1994 ലോസ് ആഞ്ചലസ്സിൽ ഉണ്ടായ ഭൂകമ്പത്തെ തുടർന്ന് ഹാർട്ടറ്റാക്ക്, സ്ട്രോക്ക് കടുത്ത വിഷാദാവസ്ഥ, തുടങ്ങിയ രോഗാതുരതകളുമായി ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടവരുടെ സംഖ്യ 35% ആയി ഉയർന്നു. ഇപ്പോൾ ഇസ്രായേൽ – ഇറാനുമായി ബന്ധപ്പെട്ട് നടക്കുന്ന യുദ്ധത്തോടെ അവിടെയുള്ള ആശുപത്രിയിൽ ഹൃദയ ധമനിരോഗങ്ങൾ, ആത്മഹത്യാ പ്രവണത, മാനസിക വിഭ്രാന്തി, തുടങ്ങിയ രോഗാവസ്ഥകളിൽ നിരവധിപേർ പ്രവേശിപ്പിക്കപ്പെടുന്നു.

ജീവിതത്തിൽ സ്ട്രെസ്സ് പലവിധത്തിലാണ് ഉണ്ടാകുന്നത്. പഠനം, ഉദ്യോഗം, വിവാഹം, കുടുംബജീവിതം, എല്ലാം ഓരോരുത്തർക്കും ഒടുങ്ങാത്ത സംഘർഷത്തിന്റെ കെണി ഒരുക്കുന്നു. സംഘർഷാവസ്ഥകളെ നാം എപ്രകാരം അതിജീവിക്കുന്നു എന്നതനുസരിച്ചാണ് ജീവിത വിജയവും. സ്ഥിരമായി സ്ട്രെസ്സിനെ നിയന്ത്രണവിധേയമാക്കാനുള്ള പല ചികിത്സാ പദ്ധതികളും ഇതിനകം ഫലവത്തായിട്ടുണ്ട്. ദിവസേന 8 മണിക്കൂർ ഉറങ്ങുക, പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾ നിറുത്തുക. അശാസ്ത്രീയ ഭക്ഷണ ശൈലിയും അമിതാഹാരവും വർജിക്കുക. ചെയ്യാൻ പറ്റാത്ത കാര്യങ്ങളിൽ കടിച്ചുതൂങ്ങിക്കിടക്കാതെ അവ വിട്ടുകളയാനുള്ള ധൈര്യം കാട്ടുക, കൃത്യമായി വ്യായാമം ചെയ്യുക. മനസ്സിനുല്ലാസപ്രദമായ കാര്യങ്ങളിൽ വ്യാപൃതരാകുക, പ്രാർഥന, ധ്യാനം, ബയോഫീഡ്ബാക്ക്, കൗൺസിലിംഗ് തുടങ്ങിയവയ്ക്ക് പ്രാധാന്യം കൊടുക്കുക. ജീവിതത്തെ എപ്പോഴും പോസിറ്റീവായി കാണുക. നല്ല സുഹൃത്തുക്കളുമായി മാത്രം സമ്പർക്കം പുലർത്തുക. നിഷേധാത്മക സ്വഭാവക്കാരെ ഒഴിവാക്കുക. ജീവിതം ജീവിക്കാനും സന്തോഷിക്കാനും ഉള്ളതാണെന്ന് കരുതുക.

***പ്രശസ്തനായ ഹൃദ്രോഗവിദഗ്ധനും ഗ്രന്ഥകാരനും ആണ് ഡോ. ജോർജ് തയ്യിൽ. കോട്ടയം സ്വദേശിയായ ലേഖകൻ എറണാകുളത്തെ ലൂർദ് ഹോസ്പിറ്റലിൽ സേവനം ചെയ്യുന്നു.***



കവർസ്റ്റോറി - ടിന്റു സോണി

# Let's dance with STRESS



"Stress is great for you" എന്നൊക്കെ പറഞ്ഞാൽ തള്ളാണെന്ന് വിചാരിക്കരുത്. വാസ്തവത്തിൽ acute stress അല്ലെങ്കിൽ ചെറിയ രീതിയിലുള്ള സ്ട്രെസ് നിങ്ങളുടെ ഇമ്മ്യൂൺ സിസ്റ്റത്തെ സഹായിക്കുന്നുണ്ട് വല്ലാതെ. ബ്രോ, അപ്പോ stress is killing you എന്നൊക്കെയല്ലേ...? ശരി, പറയാം.

ഈ സ്ട്രെസിനെ രണ്ടായിട്ടും മൂന്നായിട്ടും തരം തിരിക്കാം. ഇതിൽ കൂടുതലായി കണ്ടാലും ഞെട്ടാതിരിക്കാൻ വെറുതെ പറഞ്ഞതാണേ..അപ്പോ തുടങ്ങിയാലോ?

## 1. Short term Stress

നിങ്ങൾ ഒരു കാട്ടിലൂടെ പോകുകയാണ്. വല്ലാത്ത നിശ്ശബ്ദത. നിങ്ങൾ ഒറ്റയ്ക്കാണ്. ഇരുട്ടുംമുമ്പ് ലക്ഷ്യ സ്ഥാനത്ത് എത്തേണ്ടതുകൊണ്ട് വളരെ വേഗത്തിലാണ് നിങ്ങളുടെ യാത്ര. പെട്ടെന്നാണ് നിങ്ങൾ ഒരു കടുവയെ കണ്ടത്. അതാ, കടുവയും നിങ്ങളെ കണ്ടു. തോക്കോ കുന്തമോ പോലുള്ള ഒരായുധവും എടുക്കാത്ത നിങ്ങൾ ARMലെ മണിയനാകാൻ നിൽക്കാതെ ഒറ്റയോട്ടം പുറകോട്ട്. ഏറ്റവും അടുത്ത മരത്തിൽ എങ്ങനെയോ നിങ്ങൾ വലിഞ്ഞു കയറി. നിങ്ങളുടെ ഹൃദയമിടിപ്പ്, വയറുവേദന, Blood flow എതു ലെവൽ ആണെന്ന് പറയേണ്ടല്ലോ? കടുവ പോയെന്ന് ഉറപ്പുവരുത്താൻ ഹൃദയമിടിപ്പോടെ നിങ്ങൾ കൂടെക്കൂടെ നോക്കുന്നുണ്ടായിരുന്നു. ഈ കടുവ എന്താ നിൽക്കുന്നിടത്തു തന്നെ നിൽക്കുന്നേ? പോകുന്നില്ലല്ലോ? ശങ്കിച്ചു നിൽക്കുമ്പോൾ നിങ്ങൾ കാണുന്നു ഒരു അണ്ണാൻ അതിന്റെ പുറത്തു കൂടി നടന്നു ചാടുന്നു. ഒരു പൂച്ച കടുവയെ ചാരി കിടക്കുന്നു. അയ്യേ... ഇതു കടുവ അല്ലേ...? മെല്ലെ മരത്തിൽ നിന്നിറങ്ങി അടുത്തു നോക്കിയപ്പോഴാണ് അതൊരു പ്രതിമയാണ് എന്ന സത്യം നിങ്ങൾ മനസ്സിലാക്കിയത്. എന്റെ പൊന്നോ ഒരു ശ്വാസം നീട്ടി വിട്ടു നിങ്ങൾ... നിങ്ങളുടെ സ്ട്രെസ് മാറി. നിങ്ങൾ ഓക്കേ ആയി, ഹാപ്പിയായി. Short term Stress നിങ്ങളെ കൂടുതൽ ഫോക്കസ്ഡ് ആയി കാര്യങ്ങൾ ചെയ്യാൻ സഹായിക്കും.

നിങ്ങളുടെ സ്ട്രെസ് മാറി. നിങ്ങൾ ഓക്കേ ആയി, ഹാപ്പിയായി. Short term Stress നിങ്ങളെ കൂടുതൽ ഫോക്കസ്ഡ് ആയി കാര്യങ്ങൾ ചെയ്യാൻ സഹായിക്കും.

ഉദാഹരണത്തിന് ചോദ്യം ചോദിക്കുമ്പോൾ പറയാതിരുന്നാൽ നാണക്കേടല്ലേ, പരീക്ഷയ്ക്ക് പഠിച്ചില്ലേൽ തോൽക്കില്ലേ? തോറ്റാൽ സപ്ലി എഴുതണം. ഈ ഇന്റർവ്യൂന് നന്നായി പെർഫോം ചെയ്തില്ലേൽ ജോലിയില്ല. തുടങ്ങി ഒരു ചെറിയ കാലയളവിലേയ്ക്ക് നല്ല റിസൾട്ട് കിട്ടാൻ, അപ്രിയമായ കാര്യങ്ങൾ സംഭവിക്കാതിരിക്കാൻ എടുക്കുന്ന സ്ട്രെസ് നമ്മെ കൂടുതൽ ഫോക്കസ്ഡ് ആക്കുന്നു. goal oriented ആക്കുന്നു. പറഞ്ഞുവരുമ്പോൾ ഈ സ്ട്രെസ് നമ്മുടെ മോട്ടിവേറ്റർ ആണ്. അതായത് ഇത്തരം സ്ട്രെസ് എന്റെ ഉറക്കത്തെ തെറ്റായി ബാധിക്കുന്നില്ല; അനുദിന ജീവിതത്തെ തെറ്റായി ബാധിക്കുന്നില്ല; സ്ട്രെസ് eating ഇല്ലേയില്ല. പ്രശ്നത്തെ അതിജീവിച്ചു കഴിയുമ്പോൾ I am Cool and perfect ok എന്ന മൈൻഡ്സെറ്റ് ആയിരിക്കും നിങ്ങൾക്ക്. അങ്ങനെയല്ലേൽ ശ്രദ്ധിക്കണേ.

## 2. Medium level stress

കുറെ ദിവസങ്ങളിലേയ്ക്കോ കുറെ ആഴ്ചകളിലേയ്ക്കോ നീണ്ടു നിൽക്കാവുന്ന സ്ട്രെസ്. ബോർഡ് എക്സാംസ്, പ്രൊജക്റ്റ് വർക്സ്, Yes or No പറയേണ്ട സന്ദർഭങ്ങൾ മുതലായവ. ഇതു നല്ലതല്ലല്ലോ എന്നു ചോദിച്ചാൽ ഹെൽത്തി ആയി സ്ട്രെസ് മാനേജ് ചെയ്യാൻ പഠിച്ചാൽ ഇതും നല്ലതാക്കി മാറ്റാം. എന്നാണ് ഉത്തരം. ഇത്തരം സ്ട്രെസ് നമ്മുടെ Daily Functioning നെ തടസ്സപ്പെടുത്തുന്ന തരത്തിൽ ബാധിക്കാതിരിക്കാൻ ഒരു stress enhancing mindset വളർത്തിയെടുക്കാൻ പറ്റിയാൽ ചെറുതും വലുതുമായ സ്ട്രെസ്സുകൾ ആരോഗ്യപരമായി കൈകാര്യം ചെയ്യാൻ നമ്മൾ പരിശീലിപ്പിക്കും. Short term Stress നമ്മുടെ immunity കൂട്ടുന്നതുപോലെ medium level stress പ്രയോജനപ്പെടുത്താൻ ചില tips:

1. Breathing Exercise പരിശീലിക്കാം

2. Double inhale and exhale (മൂക്കിൽ കൂടി രണ്ടു തവണ ശ്വാസം എടുക്കുക; വായിൽ കൂടി നീണ്ട ശ്വാസം പുറത്തേയ്ക്ക് വിടുക)

3. Gratitude journaling പരിശീലിക്കുന്നത്

4. Mindless scrolling Avoid ചെയ്യുന്നത്. ഇവിടെ കുറച്ച് പറയാനുണ്ട്

പലപ്പോഴും സ്ട്രെസ് മാനേജ് ചെയ്യാൻ യൂട്യൂബ് ഷോർട്സും ഇൻസ്റ്റാ റീൽസും നാം തോണ്ടി ഇരിക്കാറുണ്ട്. ഈ തോണ്ടൽ സമയംകൊല്ലികൾ മാത്രമല്ല; ബ്രെയിൻ ഡാമേജ് കൂടി ചെയ്യാറുണ്ട്. ഒരു കോൺടെക്സ്റ്റിൽ നിന്ന് അടുത്ത കോൺടെക്സ്റ്റിലേയ്ക്കുള്ള ചാട്ടം നിങ്ങളെ കൂടുതൽ സ്ട്രെസ് ഫുൾ ആക്കാനെ ഉപകരിക്കൂ. മാത്രമല്ല ഇതിനു ശേഷം ചെയ്യാനുള്ള റിയൽ ജോലികൾ അതായത്, ബുക്ക് വായിക്കുന്നത്, പാത്രം കഴുകുന്നത്, പരീക്ഷയ്ക്ക് ഒരുങ്ങുന്നത് തുടങ്ങിയ കാര്യങ്ങൾ ചെയ്യാനുള്ള മോട്ടിവേഷൻ കുറയാനും ഇത്തരം സോഷ്യൽ മീഡിയ ഉപയോഗം കാരണമാകും.

5. Physical exercise

6. Meditation

7. Personal Prayer, Eucharistic Adoration, Rosary തുടങ്ങിയ Holyhabits

8. Mindfulness പരിശീലിക്കുന്നത്

9. മനഃപൂർവം ഒരു സാഹചര്യത്തിലെ എല്ലാ വശങ്ങളും നിരീക്ഷിച്ച് വിലയിരുത്താൻ പരിശ്രമിക്കുന്നത്

10. നല്ല ഹോബികൾ വളർത്തുന്നത്

11. Sleep Hygiene and Screen Hygiene

12. സ്ട്രെസ് കുറയ്ക്കാൻ Negative Coping methods ഉപയോഗിക്കാതിരിക്കുക. (Porn video watching, gaming, Online dating, Alcohol, Smoking, Sexting etc)

13. നല്ല സൗഹൃദങ്ങൾ സൂക്ഷിക്കുന്നത്

14. നമ്മുടെ tolerence capacity വർധിപ്പിക്കുന്നതിന് ചെയ്യുന്ന കാര്യങ്ങൾ (eg: delayed gratification)

## 3. Long term Stress or chronic stress

ഇത് നല്ല സ്ട്രെസ് അല്ല കേട്ടോ. അനുദിന ജീവിതത്തിന്റെ താളം തെറ്റിക്കുന്ന ഇത്തരം സ്ട്രെസ് നമ്മുടെ ഇമ്മ്യൂൺ സിസ്റ്റത്തെ തെറ്റായി ബാധിക്കും. വിശപ്പില്ലായ്മ, വിശപ്പു കൂടുതൽ, ഉറക്കമില്ലായ്മ, ഉറക്കക്കൂടുതൽ ഡെയിലി ആക്ടിവിറ്റീസ് ചെയ്യുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുക, വികാരങ്ങൾ ശരിയായി നിയന്ത്രിക്കാൻ സാധിക്കാതെ വരിക തുടങ്ങിയ ധാരാളം ലക്ഷണങ്ങൾ. കൂടുതൽ വഷളാകാതിരിക്കാൻ ഒരു വിദഗ്ധ സഹായം തേടുകയാണ് ചെയ്യേണ്ടത്. മരുന്നും തെറാപ്പിയും ആവശ്യമെങ്കിൽ ഒന്നിച്ചു കൊണ്ടുപോകാവുന്നതാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഇവിടെ പറയാനുള്ളത് നല്ല സോഷ്യൽ കണക്ഷൻ ഉണ്ടാകുന്നത് chronic സ്ട്രെസിനെ കുറയ്ക്കാൻ സഹായിക്കും എന്നതാണ്. പ്രത്യേകിച്ച് നല്ല സുഹൃത്തുക്കൾ ഉള്ളത്. അവരോടു



**കഷ്ടപ്പെട്ടു കിട്ടിയ ജോലി വേണ്ടന്നു വയ്ക്കുന്നത് നമ്മുടെ പരാജയമല്ല, വീട്ടുകാരും നാട്ടുകാരും കൂട്ടുകാരും എന്തു പറയും എന്നും വിചാരിച്ച് ജീവിതം തീർക്കുന്നത് വിജയവുമല്ല. സമാധാനത്തോടെ ജീവിക്കാൻ കഴിയുന്നതാണ് വൻ വിജയം.**

മുഖാഭിമുഖം സംസാരിക്കാൻ കഴിയുന്നത് (ഓൺലൈൻ അല്ല കേട്ടോ) ഒരു സൂപ്പർ ടൂൾ ആണ്. Feel good chemical ആയ Serotonin വർധിക്കുന്നതിന് നല്ല സൗഹൃദം കൊണ്ട് സാധിക്കുമത്രേ.

Career Stress ഇപ്പോൾ പലർക്കും താങ്ങാനാവുന്നില്ല. ധാരാളം പേരുടെ ജീവനുവരെ ഭീഷണിയാകുന്നു ജോലിയിടങ്ങളിലെ Stress. ഇത്തവണത്തെ World mental health Theme തന്നെ 'It's time to prioritize mental health at work place" എന്നാണ്. താങ്ങാൻ പറ്റുന്നില്ലെങ്കിൽ ശരിയായ രീതിയിൽ നമ്മുടെ Headനോട് നമ്മുടെ അവസ്ഥ പറയാൻ ശ്രമിക്കുന്നത്, ഇത്രയും കഷ്ടപ്പെട്ടു കിട്ടിയ ജോലി വേണ്ടന്നു വയ്ക്കുന്നത് നമ്മുടെ പരാജയമല്ല എന്ന് മനസ്സിലാക്കണം. ഇത് വേണ്ടന്നു വയ്ക്കുന്നതു കൊണ്ട് വീട്ടുകാരും നാട്ടുകാരും കൂട്ടുകാരും എന്തു പറയും എന്നും വിചാരിച്ച് ജീവിതം തീർക്കുന്നത് വിജയവുമല്ല. സമാധാനത്തോടെ ജീവിക്കാൻ കഴിയുന്നതാണ് വൻവിജയം. എന്നുവച്ച് ചെറിയ സ്ട്രെസ് വരുമ്പോഴേ ഓടുന്ന കാര്യമല്ല പറയുന്നത്. അവർ എന്നും ഓടികൊണ്ടിരിക്കും. ആവശ്യ സഹായം തേടി നല്ല സൗഹൃദങ്ങൾ തേടി സ്ട്രെസ് മാനേജ് ചെയ്യാൻ നമുക്ക് ശ്രമിക്കാം. സ്ട്രെസ് നമ്മെ നശിപ്പിക്കാതെ വളരാൻ സഹായിക്കട്ടെ.

***കൺസൾട്ടന്റ് സൈക്കോളജിസ്റ്റായ ടിന്റു സോണി എറണാകുളത്ത് കാക്കനാട് താമസിക്കുന്നു. ഭർത്താവ് സോണി പി മാണി. അഞ്ച് മക്കൾ***

# തുറന്നിട്ട ഭവനങ്ങൾ

ഫുൾടൈമർഷിപ്പിന് ശേഷം ആദ്യമായിട്ടാണ് കാസർകോഡുള്ള ലിൻഡയെ കുടുംബസമേതം ബാംഗ്ലൂരിൽ നടന്ന 'ജാഗോ' കോൺഫറൻസിനിടയിൽ കണ്ടുമുട്ടുന്നത്. ഇപ്പോൾ വിവാഹത്തിനുശേഷം ജീവിതപങ്കാളിയും മക്കളും കൂടി ബാംഗ്ലൂർ താമസിക്കുന്നു. അതിനുശേഷം എന്റെ മകളുടെ പിജി അഡ്മിഷനുവേണ്ടി ബാംഗ്ലൂരുള്ള കോളേജുകളുടെ വിവരങ്ങൾ അറിയുവാനാണ് ലിൻഡയെ ഞാൻ വിളിക്കുന്നത്. കോളേജിനെ കുറിച്ചുള്ള സഹായകരമായ വിവരങ്ങൾ തരികയും മകൾ ഇവിടെ പഠിക്കാൻ വരുമ്പോൾ അവൾക്ക് എപ്പോൾ വേണമെങ്കിലും ഈ വീട് തുറന്നിട്ടിരിക്കുന്നുവെന്നും നിങ്ങൾക്കും എപ്പോൾ വേണമെങ്കിലും ഇവിടേക്ക് വരാമെന്നും പറയുകയും ചെയ്തു. ഓണത്തിന്റെ അവധിക്ക് ഞാനും ബാംഗ്ലൂരിൽ പഠിക്കുന്ന മകളും കൂടി ലിൻഡയുടെ വീട്ടിൽപോയിരുന്നു. ഞങ്ങൾ അവിടെയുള്ളപ്പോൾ ബാംഗ്ലൂർ സെമിനാരിയിൽ പഠിക്കുന്ന ബ്രദർ അഖിൽ അവിടെ വരുവാനിടയായി. ഒപ്പം ലിൻഡയുടെ കൂടെ പിജി ക്ക് പഠിച്ച് ഇപ്പോൾ ബാംഗ്ലൂരിൽ ജോലി ചെയ്യുന്ന അനെറ്റും കഴിഞ്ഞമാസം ബാംഗ്ലൂരിൽ വച്ച് നടന്ന ഒരു പ്രോഗ്രാമിന് സഹായിക്കാൻ വന്ന, ഇവിടെ പഠിക്കുന്ന നൈസിയും അവിടേക്ക് വരുവാൻ ഇടയായി. ഞങ്ങളെല്ലാവരും കുറെ വിശേഷങ്ങൾ പറഞ്ഞു പ്രാർഥിച്ച് സമയം ചിലവഴിച്ചു.



വർഷങ്ങൾക്കു മുമ്പ് പരിചയപ്പെട്ട ജീസസ്‌യൂത്ത് ഏറ്റവും അടുത്ത നാളുകളിൽ പരിചയപ്പെട്ട ജീസസ് യൂത്തിനും (രണ്ടു ചെറിയ മുറികൾ മാത്രമുള്ള വാടകക്ക് താമസിക്കുന്ന ഈ ഭവനത്തിൽ) ഒരുപോലെ കയറി വരുവാനും തങ്ങളുടെ ദുഃഖങ്ങളും സന്തോഷങ്ങളും പങ്കുവയ്ക്കുവാനും പ്രാർഥിക്കുവാനും പറ്റുന്ന ഒരു തുറന്ന ഭവനമായി ലിൻഡയുടെ വീട് എനിക്കനുഭവപ്പെട്ടു. റോഷിൻ വിവാഹത്തിനുമുൻപ് ജീസസ് യൂത്ത് മുന്നേറ്റത്തിൽ ഉണ്ടായിരുന്നെങ്കിലും വിവാഹത്തിനുശേഷമാണ് ലിൻഡയോടൊപ്പം എല്ലാ കാര്യങ്ങളിലും സജീവമായി ഇടപെടുന്നത്. എല്ലാവരോടും പെട്ടെന്ന് ഇണങ്ങിചേരുന്ന മൂന്നു മക്കളും അടങ്ങുന്ന ഈ കുടുംബം വളരെ അനുഗ്രഹീതമായ ഒരു കുടുംബമാണ്.

ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ വളർന്നു വന്ന വഴികളിൽ ഒത്തിരിയേറെ കുടുംബങ്ങളിലൂടെ കയറിയിറങ്ങാനും വിശ്രമിക്കാനും, ഭക്ഷണം കഴിക്കാനും, വിഷമങ്ങൾ പങ്കുവയ്ക്കാനും പ്രാർഥിച്ച് സന്തോഷത്തോടെ വീണ്ടും മുന്നോട്ട് പോകുവാനും സാധിച്ചതാണ് തങ്ങളുടെ ഭവനവും മറ്റു യുവജനങ്ങൾക്കായി തുറന്നിടുവാൻ ഇവർക്ക് പ്രചോദനം നൽകുന്നത്. സ്വന്തം നാട്ടിൽ നിന്നും മറ്റു ദൂരസ്ഥലങ്ങളിൽ പോയി പഠിക്കുന്ന നമ്മുടെ മക്കൾക്ക് അവരുടെ പ്രാദേശിക ഇടങ്ങളിൽ എന്തെങ്കിലും പ്രയാസങ്ങൾ വരുമ്പോൾ കയറിച്ചെല്ലാനും ഒന്നു വിശ്രമിക്കുവാനും ഭാരങ്ങൾ ഇറക്കിവയ്ക്കുവാനും ഇതുപോലുള്ള ധാരാളം കുടുംബങ്ങൾ ജീസസ്‌യൂത്ത് മുന്നേറ്റത്തിലുണ്ട് എന്നത് എടുത്തുപറയേണ്ട വലിയൊരു നന്മയാണ്. അങ്ങനെ ക്രിസ്തുശിഷ്യരായി രൂപപ്പെടുവാനുള്ള യുവജനങ്ങളുടെ യാത്രയിൽ, അവർക്ക് താങ്ങായും എല്ലാവിധ സപ്പോർട്ടായും തുറന്നിട്ട ഭവനങ്ങൾ ഇനിയുമുണ്ടാകട്ടെ.

***ലേഖകൻ ഭാര്യയോടും രണ്ടു മക്കളോടുമൊപ്പം തൃശൂരിൽ താമസം, ജീസസ് യൂത്ത് മുന്നേറ്റത്തിൽ സജീവം.***



**മിഷൻസ്റ്റോറി** - സി. ടെസ്സി ജേക്കബ് SSpS

# പത്രം പോലും കണ്ടിട്ടില്ലാത്തവർക്ക് മീഡിയ ക്ലാസ്സ് എടുത്തപ്പോൾ...

ഒരു മിഷണറിയാകണം എന്നത് കുഞ്ഞുനാൾ മുതലുള്ള എന്റെ മോഹമായിരുന്നു. ആ മോഹങ്ങളുടെ സ്വപ്നഭൂമിയായിരുന്നു നോർത്ത് ഇന്ത്യയിലെ കുഗ്രാമങ്ങൾ. ഒരു കുഗ്രമത്തിൽ വലിയ ഒരു മരത്തണലിൽ ആ ഗ്രാമത്തിലെ സ്കൂളിൽ പോകാൻ പറ്റാത്ത കുഞ്ഞുങ്ങളെ പഠിപ്പിക്കുക എന്നതായിരുന്നു എന്റെ ആഗ്രഹം. ആഗ്രഹിച്ചതല്ലേ, അതിനുള്ള സാഹചര്യം തമ്പുരാൻ ഒരുക്കി തന്നു, ഒരുപക്ഷേ ലൈഫ്ലോങ്ങ് ആയിട്ടുതന്നെ തന്നു.

2003ൽ ആണ് ആദ്യമായിട്ടു നോവിഷ്യേറ്റ് എക്സ്പീരിയൻസിന്റെ ഭാഗമായി ഒറീസ്സയിൽ എത്തുന്നത്. ഞങ്ങളുടെ പകുതിയിലധികം മഠങ്ങളും വളരെ കുഗ്രാമങ്ങളിൽ ആയിരുന്നു. കോഴിയും ആടും, പച്ചക്കറികളും പണി സമാനങ്ങളും എന്നുവേണ്ട, സകല സാമഗ്രികളും കുത്തിനിറച്ച ഒരു ബസിൽ എന്റെ പെട്ടി അള്ളിപിടിച്ചു ഞാൻ ആദ്യത്തെ മിഷണറി യാത്ര ആരംഭിച്ചു.

പിന്നീട് 2005 മുതൽ അതൊരു ലൈഫ്സ്റ്റൈൽ ആയി മാറി. 19 വർഷം നീണ്ട ഒറീസയിലെ ജീവിതം, ഇവിടത്തെ ഭാഷയും രീതിയും സ്ഥലങ്ങളും എല്ലാം 'ഞങ്ങളുടേതായി.' കുഗ്രാമത്തിൽ അധികം ജീവിച്ചിട്ടില്ലെങ്കിലും, ക്ലാസ്സിനും മറ്റു പല ആക്ടിവിറ്റീസിനുമൊക്കെയായി പലപ്പോഴും ആ പ്രദേശങ്ങളിൽ ഒക്കെ പോയി വരാറുണ്ട്. മീഡിയ കമ്മ്യൂണിക്കേഷൻ ഫീൽഡിൽ ആയതിനാൽ അതിന് ആവശ്യമായ എല്ലാ പണിസാമാനങ്ങളും കൂടെ കൊണ്ടുപോകേണ്ടതുണ്ട്. യാത്രകൾ എല്ലാം ഒറ്റയ്ക്കാണ്. ബസ്, ട്രെയിൻ, ഓട്ടോ, യാത്ര സൗകര്യമില്ലാത്ത ഇടങ്ങളിൽ അങ്ങനെ, ഓരോ മൂളിപാട്ടും പാടി നടന്നങ്ങ് പോകും. പറയാതെതന്നെ പലർക്കും അറിയാം, ആ വരുന്നത് 'church'ലെ ആളാണെന്ന്. ദൈവാനുഗ്രഹംകൊണ്ട് ഇന്നുവരെ പേടി തോന്നിക്കുന്ന ഒരനുഭവം ഉണ്ടായിട്ടില്ല.

യൂത്തിനുള്ള ക്ലാസ്സുകൾ എടുക്കാൻ വില്ലേജുകളിൽ പോകാറുണ്ട്. ഒരിക്കൽ മീഡിയയെ കുറിച്ച് ക്ലാസ്സ് എടുക്കാൻ കഹുപാനി എന്ന സ്ഥലത്തേക്കു പോയി. വർഷങ്ങളായി അവിടെ ജോലി ചെയുന്ന സി. മറീന എന്ന പാലാക്കാരി സിസ്റ്റർ മുൻകൈ എടുത്തു സംഘടിപ്പിക്കുന്ന പ്രോഗ്രാമാണ്. ലോകം അവസാനിച്ചു എന്ന് തോന്നുന്ന സ്ഥലത്തായിരിക്കും അടുത്ത വില്ലേജിലേക്കുള്ള വഴി തുടങ്ങുന്നത്. സി. മറീനക്ക് ആ നാടും നാട്ടുകാരും അവരുടെ രീതികളും നല്ല പരിചയമാണ്.

അങ്ങനെ മഠത്തിലെത്തി ഒരു warmup session പോലെ ആ കോമ്പൗണ്ടിൽ ഉള്ള കുട്ടികൾക്കും, യുവതികൾക്കും ഒക്കെ ക്ലാസ്സ് എടുത്ത് വില്ലേജിലേക്കു പോകാൻ തയ്യാറായി ഇരുന്നു. നേരത്തെ അവരെ അറിയിച്ചിട്ടുണ്ടെങ്കിലും, അങ്ങോട്ട് പോകുന്നതിനു മുൻപ് 10 വട്ടം ക്രോസ് ചെക്ക് ചെയ്തില്ലെങ്കിൽ, പണ്ട് കൈസർ ചന്തക്കു പോയിവന്നപോലെ ഇരിക്കും. ഫോൺ വിളിച്ചു ചോദിച്ചു എല്ലാം സെറ്റാക്കാം എന്ന് വിചാരിക്കേണ്ട, റേഞ്ച് കിട്ടാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ആ പ്രദേശത്തുള്ള ആനിമേറ്റർ ചേച്ചിമാർ കൊണ്ടുതരുന്ന സന്ദേശം അനുസരിച്ചു ഞങ്ങൾ യാത്ര തുടങ്ങും.

അങ്ങനെ നോക്കി ഇരുന്നു അവസാനം ഞങ്ങൾ പോയി. എന്റെ സ്വപ്നദേശം പോലെ, വിശാലമായ ഒരു മരത്തിന്റെ ചുവട്ടിൽ, ആടും പശുവും, പന്നിയും ഓടി നടക്കുന്ന ഒരു കൃഷി ഭൂമിയിൽ പായും വിരിച്ചു കുറച്ചു അപ്പൂപ്പൻമാർ ഞങ്ങളെ കാത്തിരിപ്പുണ്ടായിരുന്നു. 'അപ്പോ യൂത്തോ?' ഞാൻ ചോദിച്ചു. 'സാരമില്ലടി കൊച്ചേ, അവർ വരും, നീ തുടങ്ങിക്കോ, സി. മറീനയുടെ അനുഭവത്തിൽ നിന്നുള്ള ആശ്വാസവാക്കുകൾ. ജീപ്പിന്റെ സ്വരം കേട്ടതുകൊണ്ടും, മരച്ചുവട്ടിൽ ആരൊക്കെയോ ഇരിക്കുന്നത് കണ്ടതുകൊണ്ടും മെല്ലെ മെല്ലെ ജനസംഖ്യ വർധിച്ചു. പിള്ളന്മാർ വണ്ടി ഓടിച്ചും, ചേച്ചിമാർ പിള്ളേരെ ഒക്കത്തു ഇരുത്തിയും, ഫ്രീക്കന്മാർ മൊബൈൽ പൊക്കിപിടിച്ചും, അമ്മാമ്മമാർ വടി കുത്തിയും, നാട്ടിലെ പ്രമാണിമാർ മുറുക്കാൻ ചവച്ചും മെല്ലെ മെല്ലെ രംഗപ്രവേശം ചെയ്തു തുടങ്ങി.



> ലോകം അവസാനിച്ചു എന്ന് തോന്നുന്ന സ്ഥലത്തായിരിക്കും അടുത്ത വില്ലേജിലേക്കുള്ള വഴി തുടങ്ങുന്നത്. സി. മറീനക്ക് ആ നാടും നാട്ടുകാരും അവരുടെ രീതികളും നല്ല പരിചയമാണ്.

ഞാൻ എന്റെ ലാപ്ടോപ്, പവർപോയിന്റ് എന്നുള്ള സ്വർവ ടീച്ചിങ് എയ്ഡ്സും ബാഗിൽ തന്നെ വച്ചു. ഇവിടെ  അതുകൊണ്ട് ഒരു പ്രയോജനവുമില്ല. എന്ത് പറഞ്ഞു തുടങ്ങും എന്നായി ചിന്ത. 'പരിശുദ്ധാത്മാവേ, ഈ ദാസിയെ കാത്തുകൊള്ളണമേ..'

വന്നവർ മടങ്ങി പോകുന്നതിനു മുൻപ് ഞാൻ തുടങ്ങി. പരമാവധി ആളുകൾക്ക് അറിയാവുന്ന ഭാഷ സദ്രി ആണ്. അത് എനിക്ക് വശമില്ല. പിന്നെ ഹിന്ദി, ഒറിയ ഒക്കെ ചേർത്തു വച്ച് ഞാൻ ക്ലാസ്സ് പൊടിപൊടിച്ചു. മീഡിയയെ കുറിച്ച് വളരെ ബേസിക് ആയിട്ടുള്ള ഇൻഫർമേഷൻ ആണ് കൊടുത്തത്. കൊച്ചു കുട്ടികളെ പഠിപ്പിച്ചു ശീലമുള്ളതുകൊണ്ട്, അവിടെ കൂടി ഇരുന്ന എന്റെ വിദ്യാർഥികൾക്കും ആ ഇമ്പത്തിൽ കാര്യങ്ങൾ കൊടുക്കാൻ പറ്റി. ക്ലാസ്സ് കഴിയാറായപ്പോഴേക്കും ക്ലാസ്സ് നിറഞ്ഞു കവിഞ്ഞ് കുട്ടികൾ (of all ages). മാട്ടയിലും, മരക്കൊമ്പിലും, പുല്ലിലും, പായയിലും, കാലുപോയ കസേരയിലും ഒക്കെയായി ഇരുന്നു. ക്ലാസ്സ് കഴിഞ്ഞുള്ള ചോദ്യം ചോദിക്കൽ സി. മറീനയുടെ ഡ്യൂട്ടിയാണ്. ഒരു മരക്കൊമ്പിൽ അള്ളിപ്പിടിച്ചിരുന്ന ഒരു മൂത്ത സഹോദരൻ എല്ലാത്തിനും ഉത്തരം നൽകി. അതും ആവശ്യത്തിലേറെ. പുള്ളി വരാൻ താമസിച്ചതിൽ ക്ഷമാപണവും നടത്തി. തലേന്ന് പുളിക്കാൻ വച്ചത് ഊറ്റി വന്നപ്പോൾ സമയം പോയി എന്ന്.

അധികം താമസിപ്പിക്കാൻ നിന്നില്ല, നന്ദി പറഞ്ഞ് ആന ഇറങ്ങുന്നതിനു മുൻപ് ഞങ്ങൾ തിരിച്ചു പോന്നു. അവിടെ ഇരുന്ന പലരുടെയും കണ്ണുകളിൽ പല ഭാവങ്ങൾ ഞാൻ കണ്ടു. പ്രായഭേദമില്ലാതെ അധികംപേരും കുടിച്ചിട്ടാണ് ഇരുന്നത്. കുറച്ചു യുവതികൾ വളരെ തീവ്രതയോടെയാണ് എന്നെ കേട്ടിരുന്നത്. മൊബൈൽ ഫോൺ ചാർജ് ചെയ്യാൻ ഇലക്ട്രിസിറ്റി പോയിട്ടു, സാധനങ്ങൾ പൊതിഞ്ഞു കൊണ്ട് വരുന്ന പത്ര കടലാസ് മാത്രം കണ്ടിട്ടുള്ളവരോടാണ് ഞാൻ നവമാധ്യമങ്ങളെ കുറിച്ചു പറഞ്ഞത്. സാരമില്ല, അവർ അറിയണം, അവരോടു ഇതൊക്ക പറഞ്ഞു കൊടുക്കുക എന്നതാണല്ലോ നമ്മുടെ ദൗത്യം, നമ്മുടെ മിഷൻ.

***മിഷണറി സിസ്റ്റേഴ്സ് സർവന്റ്സ് ഓഫ് ദ ഹോളി സ്പിരിറ്റ് അംഗമായ സി. ടെസ്സി ജേക്കബ് തലശ്ശേരി രൂപതയിലെ എടൂർ സ്വദേശിയാണ്. കഴിഞ്ഞ 19 വർഷമായി ഒറീസയിൽ മിഷണറിയാണ്. ഇപ്പോൾ ഭുവനേശ്വറിൽ ഉള്ള XIM യൂണിവേഴ്സിറ്റിയിൽ മീഡിയ കമ്യൂണിക്കേഷനിൽ പി.എച്ച്.ഡി. ചെയ്യുന്നു.***



# സ്വർഗവും

"നീ ഒരു നരകമാണ്, നീ പോകുന്ന ഇടവും നരകമായിരിക്കും." പലപ്പോഴും പലരെയും കുറിച്ചും, പലരും നമ്മെക്കുറിച്ചും ആവർത്തിക്കുന്ന ഒരു വാചകമാണിത്. നമ്മുടെ പ്രവൃത്തികൾക്കൊത്ത് മറ്റുള്ളവർ വളരാതിരിക്കുമ്പോൾ, മാറാതിരിക്കുമ്പോൾ, നമ്മുടെ വ്യക്തിസ്വാതന്ത്ര്യത്തിൽ മറ്റുള്ളവർ അന്യായമായി കൈകടത്തുമ്പോൾ നമ്മുടെ ചിന്തകളോട് അവരുടെ ചിന്തകൾ ഒത്തുപോകാതിരിക്കുമ്പോൾ നാം പരസ്പരം നരകമായി മാറുന്നു.

പ്രശസ്ത തത്ത്വചിന്തകനായ Sartre ഇങ്ങനെയാണ് കുറിക്കുന്നത് 'The other is hell.' പലപ്പോഴും നാം നരകമാണെന്നുപറഞ്ഞ് മറ്റുള്ളവർക്ക് നേരെ കൈചൂണ്ടുമ്പോൾ ഒരുപക്ഷേ നാം തന്നെയായിരിക്കാം അവരുടെ ജീവിതങ്ങൾ നരകതുല്യമാക്കുന്നത്.

മറ്റുള്ളവർക്കായുള്ള സ്വർഗവും നരകവും നാം തന്നെ ചിട്ടപ്പെടുത്തുമ്പോഴാണ് പലപ്പോഴും നമുക്ക് തെറ്റു പറ്റുന്നത്, അതിനു മുമ്പ് നാം ചിന്തിക്കേണ്ടതുണ്ട് എന്റെ ജീവിതം, എന്റെ സാമീപ്യം മറ്റുള്ളവർക്ക് നരകതുല്യമായിട്ടാണോ അനുഭവപ്പെടുന്നതെന്ന്. കുമ്പളങ്ങി നൈറ്റ്സ് എന്ന സിനിമയിൽ സതി എന്ന കഥാപാത്രം ഷെയിൻ നിഗത്തോട് പറയുന്നുണ്ട്, "ഞാൻ ചെല്ലുന്ന ഇടം ഒരു നരകമായിരിക്കും." ക്ഷണിക്കപ്പെടാത്ത ഒരു അതിഥിയെപ്പോലെ നാം മറ്റുള്ളവരുടെ ജീവിതത്തിലേക്ക് കടന്നു ചെല്ലുമ്പോൾ ഓർക്കുക അവരുടെ ജീവിതം കൂടുതൽ നരകമാക്കാനല്ല മറിച്ച് സ്വർഗമാക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതെന്ന്, അതിനു കഴിഞ്ഞില്ലെങ്കിൽ, മറ്റുള്ളവരുടെ ജീവിതത്തിൽ നിന്നും 'Better to Quit' എന്നതാണൊരു പോംവഴി.

സൈക്കോളജിയിൽ പ്രൊജക്ഷൻ എന്നൊന്നുണ്ട്, മറ്റുള്ളവരുടെ നേട്ടങ്ങളിൽ അവരെ പ്രോത്സാഹിപ്പിക്കാതെ, അവരുടെ സന്തോഷങ്ങളിൽ പങ്കുചേരാതെ, നമ്മുടെ കുറ്റങ്ങളും കുറവുകളും മറ്റുള്ളവരുടെപേരിൽ പ്രചരിപ്പിക്കുന്ന വ്യക്തിത്വങ്ങൾ ഓർക്കുക പലപ്പോഴും അവരിൽ ഒരാളെപ്പോലെയാകുന്നുണ്ടോ നാം?. 'ഗുരു' എന്ന സിനിമയിൽ അന്ധനായ അധ്യാപകൻ നെടുമുടിവേണു കുട്ടികളെ ഇങ്ങനെ പഠിപ്പിക്കുന്നു, "കുട്ടികളെ ഈ ലോകം വളരെ ചെറുതാണ്, ഇലാമ പഴം പോലെ ചെറുത്, ഈ ലോകത്തിന്റെ അതിരുകൾ നാം ജീവിക്കുന്ന ഈ താഴ്‌വാരത്തിന്റെ ചുറ്റുമുള്ള പാറക്കെട്ടുകൾ ആണ്." ജീവിതത്തിൽ പലപ്പോഴും നാം അന്ധരാണ്, കാണേണ്ടത് കാണുവാനോ, കേൾക്കേണ്ടത് കേൾക്കുവാനോ നമുക്ക് കഴിയാതെ പോകുന്നു. നമ്മുടെ ചിന്തകൾക്കും കാഴ്ചകൾക്കുമപ്പുറം മറ്റൊരു ലോകമുണ്ടെന്ന് നമുക്ക് തിരിച്ചറിയാൻ കഴിയാതെ പോകുന്നു, അങ്ങനെ നാം അന്ധരെ നയിക്കുന്ന അന്ധരാകുന്നു, അങ്ങനെയെങ്കിൽ പൊട്ടക്കുളത്തിലെ തവളയുടെ മനോരാജ്യത്തിലേക്കല്ലേ നാം നടന്നടുക്കുന്നത്.

സ്വാതന്ത്ര്യം അതെല്ലാമനുഷ്യന്റെയും അവകാശമാണ്. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുവാനും നിയന്ത്രിക്കുവാനും നമുക്ക് അവകാശമില്ല. സ്വർഗവും നരകവും നാം ജീവിക്കുന്ന ഈ ചുറ്റുപാടുകളിലുമുണ്ട്. എന്റെ വ്യക്തിപരമായ ജീവിതത്തിൽ സഹജീവികളോടുള്ള പെരുമാറ്റത്തിൽ നാം പണിതുയർത്തുന്നതും തച്ചുടയ്ക്കുന്നതും ഇവിടത്തെ സ്വർഗവും നരകവുമാണ്. അതുകൊണ്ടാണ് പല



# നരകവും

> **“നീ നിനക്ക് ഇഷ്ടമുള്ള പോലെ ജീവിക്ക്. മറ്റുള്ളവർ അവർക്ക് ഇഷ്ടമുള്ള പോലെ ജീവിക്കട്ടെ. ഇത്തിരി ദയ ഉണ്ടായാൽ മതി”**

പ്പോഴും നാം പറയാറുള്ളത്, "Life is very simple, but we make it complicated."

George Orwellന്റെ പ്രശസ്തമായ ഒരു നോവലാണ്, 'Animal Farm'. അതിലെ ഒരു വാചകം ഇങ്ങനെയാണ്: "All animals are equal, but some animals are more equal than others." നാമെല്ലാവരും തുല്യരും സ്വതന്ത്രരും ആണെന്ന് മറ്റു മൃഗങ്ങളെ പറഞ്ഞു വിശ്വസിപ്പിക്കുകയും, വക്രബുദ്ധി കൊണ്ടും സ്വാർഥ താത്പര്യങ്ങൾകൊണ്ടും സമാധാനപ്രിയരെന്നും, പുരോഗമന വാദികളെന്നും പറഞ്ഞു വിശ്വസിപ്പിച്ച് പന്നികൾ അധികാരത്തിലെത്തുമ്പോൾ പരസ്പരം തമ്മിലടിപ്പിച്ച് സ്വർഗതുല്യമായ ജീവിതങ്ങൾ നരകമാക്കി തീർക്കുന്നു. പരസ്പരം ദയയോടും സഹിഷ്ണുതയോടും മറ്റുള്ളവരോട് പെരുമാറുവാൻ നാം പലപ്പോഴും മറന്നു പോകുന്നു. നമ്മുടെ സ്വാതന്ത്ര്യത്തിൽ കൈകടത്തുവാൻ നാം ആരെയും അനുവദിക്കരുത്, നമ്മുടെ സ്വർഗവും നരകവും നാം തീരുമാനിക്കുന്നത് ആകണം.

'മ്യാവൂ' എന്ന മലയാളം സിനിമയിൽ 'സൗബിൻ' എന്ന കഥാപാത്രം പറയുന്നുണ്ട്, “നീ നിനക്ക് ഇഷ്ടമുള്ള പോലെ ജീവിക്ക്. മറ്റുള്ളവർ അവർക്ക് ഇഷ്ടമുള്ള പോലെ ജീവിക്കട്ടെ. ഇത്തിരി ദയ ഉണ്ടായാൽ മതി.” ഒരു വ്യക്തിയുടെ ഇഷ്ടങ്ങളും, അനിഷ്ടങ്ങളും, തന്നിഷ്ടങ്ങളും ഒരിക്കലും മറ്റൊരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെയോ ഇഷ്ടങ്ങളെയും തകർക്കുന്നതോ, തടയുന്നതോ ആയിരിക്കരുത്. മറ്റുള്ളവരുടെ ദുഃഖങ്ങളിൽ നാം പങ്കുചേരുമ്പോൾ അവരോട് 'കഷ്ടം' എന്ന് പറയുകയും, തിരിഞ്ഞു നടക്കുമ്പോൾ ചിരിച്ചു തള്ളുന്ന 'കുഷ്ടം' നിറഞ്ഞ മനസ്സുകളുടെ ഉടമകളാണോ നാം പലപ്പോഴും.

"No man is an island<br>
Entire of itself<br>
Every man is a piece of continent<br>
A part of the main".

'John Donne എന്ന പ്രശസ്ത എഴുത്തുകാരൻ 'No man is an Island" എന്ന കവിതയിൽ ഇങ്ങനെ കുറിക്കുന്നു.



തുരുത്തുകൾ വളരെ മനോഹരമാണ് പക്ഷേ, അതിന് എക്കാലവും അതിന്റേതായ ഒരു നിലനിൽപ്പില്ല, ഒരു പ്രളയമോ, വേലിയേറ്റമോ, വെള്ളപ്പൊക്കമോ അതിനെ മൂടിയേക്കാം. മനുഷ്യനും ഏറെക്കുറെ ഇതുപോലെയാണ്. എക്കാലവും നമുക്ക് ഒറ്റയ്ക്ക് നിലൽക്കുവാനാകില്ല. മനുഷ്യനോടും, സഹജീവികളോടും ഒരു ആത്മബന്ധം പുലർത്തി രമ്യതയിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ് നാം ഓരോരുത്തരും. 'ഷേക്സ്പിയറിന്റെ ജൂലിയസ് സീസർ' എന്ന നാടകത്തിൽ തന്റെ ആത്മാർഥ മിത്രമായിരുന്ന 'ബ്രൂട്ടസ്" ചതിയന്മാരോടൊപ്പം ചതിക്കു കൂട്ടുനിൽക്കുമ്പോൾ സീസർ അറിഞ്ഞിരുന്നില്ല തന്റെ നിഴൽ തന്നെയാണ് തന്നെ ചതിക്കുവാൻ പോകുന്നതെന്ന്, മറ്റുള്ളവർക്കായി ജീവിതം മാറ്റിവയ്ക്കുന്ന, മറ്റുള്ളവരെ ഒറ്റിക്കൊടുക്കാത്ത നല്ല ഹൃദയമുള്ള മനുഷ്യന്മാരാകാൻ നമുക്കും സാധിക്കട്ടെ, "You Too Brutus" എന്ന് നാളെ ഒരുപക്ഷേ നമ്മെ നോക്കി ലോകം വിധിയെഴുതാൻ ഇട വരാതിരിക്കട്ടെ.

***ജിതിൻ ജോസഫ് – സമന്വയ തിയോളോജി കോളേജ്, ഭോപ്പാൽ.***



യുവ/മൈസ്റ്റോറി - സിജു അബ്രഹാം

# ആ ശില്പം കന്യാസ്ത്രീയായ കഥ

11 വയസുള്ള വയനാട്ടുകാരിയായ മലയാളി പെൺകുട്ടി ബന്ധുവായ ഒരു കന്യാസ്ത്രീയുടെ വ്രതവാഗ്ദാന ചടങ്ങിൽ പങ്കെടുക്കാൻ 1940കളുടെ തുടക്കത്തിൽ മംഗലാപുരത്തെത്തുന്നു. തന്റെ ജീവിതം കീഴ്മേൽ മറിക്കാനിടയുള്ള ഒരു യാത്രയാണിതെന്നു അവൾ സ്വപ്നത്തിൽ പോലും കരുതിയിരിക്കാനിടയില്ല. വിശുദ്ധ ജീവിതം നയിച്ചിരുന്ന ഒരു വന്ദ്യ പുരോഹിതനെ കണ്ടുമുട്ടുന്നു. അദ്ദേഹമപ്പോൾ മംഗലാപുരത്തെ പെൺകുഞ്ഞുങ്ങൾക്കുവേണ്ടി ഒരു സന്യാസാശ്രമം തുടങ്ങുന്ന കാലമായിരുന്നു. ആശ്രമവും അവിടത്തെ രീതികളും വല്ലാതെ ഇഷ്ടപ്പെട്ട ആ പെൺകുട്ടി തനിക്കും ആ സന്യാസ ഭവനത്തിൽ താമസിച്ചു സന്യാസിനി ആകണമെന്ന തീവ്രമായ ആഗ്രഹം അദ്ദേഹത്തോട് പങ്കുവയ്ക്കുന്നു. പിന്തിരിപ്പിക്കാനുള്ള എല്ലാ ശ്രമവും പരാജയപ്പെട്ടതോടെ അദ്ദേഹത്തിന്റെ സമ്മതം കിട്ടുന്നു. പിന്നെ വീട്ടുകാരുടെ കൂടെ അവൾ മടങ്ങിപ്പോയില്ല. അച്ചൻ മംഗലാപുരത്തു തന്നെയുള്ള ഒരു സ്കൂളിൽ ആ കുട്ടിയെ ചേർത്ത് പഠിപ്പിക്കുന്നു.

മംഗലാപുരത്തുള്ള ബഥനി സിസ്റ്റേഴ്സിന്റെ ആസ്ഥാനത്ത് പോകാൻ ഇടയായപ്പോൾ ആണ് മഠം കാണാൻ എത്തിയ മലയാളി പെൺകുട്ടി കന്യാസ്ത്രീയായ ഈ കഥ കേട്ടത്. ദൈവദാസൻ ഫാദർ ആർ.എഫ്.സി. മസ്കരനാസിന്റെ ആശ്രമം ഇന്ന് ഒരു മ്യൂസിയം ആണ്. ആ പുണ്യാത്മാവിന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളുടെ രേഖകളും അദ്ദേഹം ഉപയോഗിച്ചിരുന്ന വസ്തുക്കളും സിസ്റ്റേഴ്സ് വളരെ ഭംഗിയായി സൂക്ഷിച്ചിരിക്കുന്നു. തങ്ങളുടെ സന്യാസ സമൂഹത്തിന്റെ സ്ഥാപകനെക്കുറിച്ചു പറയാൻ ഓരോ സിസ്റ്റേഴ്സിനും നൂറുനാവാണ്.

മ്യൂസിയത്തിനു വെളിയിൽ രണ്ട് ചെറിയ ഗ്രോട്ടോകൾ. ഒന്നിൽ ഈശോയ്ക്കുചുറ്റും കുറെ കുട്ടികൾ. അടുത്ത വെൺശില്പങ്ങളിൽ ഫാദർ മസ്കരനാസും ഏതാനും പെൺകുട്ടികളും. മകൻ ഉൾപ്പെടെ ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന കുട്ടികൾ ഈ രണ്ടു ഗ്രോട്ടോയിലും ഇരുന്ന് ഫോട്ടോകൾ എടുത്തു. ആ സമയത്താണ് ഫാദർ മസ്കിരനാസിനൊപ്പമുള്ള പെൺകുട്ടികളുടെ ശില്പങ്ങൾ ശ്രദ്ധിച്ചത്. അതിൽ അറ്റത്തായി ഒരു സുന്ദരിയായ കൊച്ചു പെൺകുട്ടിയുടെ ശില്പം. കണ്ടപ്പോൾ ഒരു പ്രത്യേക ആകർഷണം തോന്നി. അപ്പോഴാണ് സിസ്റ്റർ സന്തോഷ്മരിയ എന്ന മലയാളി സിസ്റ്റർ ആ ശില്പത്തിന് പിന്നിലുള്ള കഥ പറഞ്ഞത്. ഫാദർ മസ്കരനാസിന് ചുറ്റും നിൽക്കുന്ന പെൺകുട്ടികളെല്ലാംതന്നെ പിന്നീട് ബഥനി കോൺവെന്റിലെ സിസ്റ്റേഴ്സ് ആയത്രേ. പെട്ടെന്നതു കേട്ട് വിസ്മയിച്ചു. അപ്പോഴാണ് ആ കൊച്ചു ശില്പത്തിന്റെ കാര്യം ഓർത്തത്. 'ഈ കൊച്ചു കുട്ടിയും' എന്ന് ആകാംക്ഷയോടെ ചോദിച്ചത്. സിസ്റ്റർ സന്തോഷ്മരിയ ആ കഥ പറഞ്ഞു. ആ കൊച്ചു പെൺകുട്ടി ഒരു മലയാളിയാണ്. വയനാട്ടുകാരിയാണ്. ഇപ്പോൾ തൊട്ടപ്പുറത്തുള്ള കോൺവെന്റിൽ ആ സിസ്റ്റർ ഉണ്ട്. ആകാംക്ഷ അടക്കാനായില്ല. "ആ സിസ്റ്ററെ ഒന്ന് കാണാൻ സാധിക്കുമോ?" സിസ്റ്റർ സന്തോഷത്തോടെ ഞങ്ങളെ തൊട്ടപ്പുറത്തുള്ള കോൺവെന്റിലേക്ക് കൊണ്ടുപോയി. കുറച്ചു കഴിഞ്ഞ് മറ്റൊരു സിസ്റ്റർ വീൽചെയറിൽ ഒരു സിസ്റ്ററെ കൊണ്ടുവന്നു. ആ ശില്പത്തിലെ പെൺകുട്ടിയിൽ കണ്ട അതേ നിഷ്കളങ്കത, 88വയസ്സിലും സിസ്റ്ററുടെ മുഖത്ത് കണ്ടു. കുറച്ചുനേരം ഞങ്ങൾ വിശേഷങ്ങളൊക്കെ പറഞ്ഞു. സിസ്റ്റർ ഞങ്ങൾക്ക് വേണ്ടി പ്രാർഥിച്ചു. സിസ്റ്റർക്കൊപ്പംനിന്ന് ഞങ്ങൾ ഫോട്ടോ എടുത്തു. പ്രാർഥനയിൽ പരസ്പരം ഓർക്കാമെന്ന് പറഞ്ഞ് പിരിഞ്ഞു.



◄ *സിസ്റ്റർ തെരേസിൻ*

ആ സിസ്റ്റേഴ്സും അവരുടെ ആത്മീയതയും ആതിഥേയത്വവുമെല്ലാം അവിടെ കടന്നു ചെല്ലുന്ന ആരെയും വിസ്മയിപ്പിക്കും.. പക്ഷേ ശില്പത്തിലെ പെൺകുട്ടികൾ കന്യാസ്ത്രീകൾ ആയതും അതിലൊരാളെ നേരിട്ട് കണ്ടതും സംസാരിച്ചതുമെല്ലാം അതിനേക്കാൾ വലിയ വിസ്മയമായിരുന്നു.

മംഗലാപുരം ബെന്തൂർ സെന്റ് സെബാസ്റ്റ്യൻ പള്ളിയിലെ അന്നത്തെ ഇടവക വികാരി റവ. ഫാ. ആർ.എഫ്.സി മസ്കരനാസ് 1921 ജൂലൈ 16നാണ് ബഥനിയിലെ ലിറ്റിൽ ഫ്ളവർ സിസ്റ്റേഴ്സ് കോൺഗ്രിഗേഷൻ സ്ഥാപിച്ചത്. സഭയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽ ഒരു ഇന്ത്യൻ വൈദികൻ സ്ഥാപിച്ച ഈ തദ്ദേശീയ സഭ മംഗലാപുരം രൂപതയുടെ വിദൂര ഗ്രാമ ഇടവകകളിലേക്ക് ശാഖകൾ വ്യാപിപ്പിക്കാൻ തുടങ്ങി.

സെന്റ് സെബാസ്റ്റ്യൻ സ്കൂളിലെ ഫ്ളോറ മത്യാസ് (സിസ്റ്റർ എം. ക്ലെയർ ബി.എസ്.), മാർസെലിൻ മെനേസസ് (സിസ്റ്റർ എം. മാർത്ത ബി.എസ്.), ആലീസ് മത്യാസ് (സിസ്റ്റർ എം. ലൂർദ് ബി.എസ്.), റെജീന ജെർട്രൂഡ് ഗോൺസാൽവസ്. (സിസ്റ്റർ ജെർട്രൂഡ് ബി.എസ്.) എന്നിവരായിരുന്നു ആദ്യ അംഗങ്ങൾ. സഭ ആരംഭിച്ച് പതിനൊന്ന് വർഷത്തിനുശേഷം 1932 ജൂലൈ 28ന് കാനോനിക അംഗീകാരം ലഭിച്ചു .

അംഗങ്ങളുടെ എണ്ണം വർധിച്ചപ്പോൾ സ്ഥാപകൻ സഭയുടെ ശാഖകൾ മംഗളൂരുവിനു വെളിയിലും ആരംഭിച്ചു. അങ്ങനെ 1937ൽ



കോഴിക്കോട് രൂപതയിലെ മേപ്പാടിയിലേക്കും 1943ൽ വെസ്റ്റ് ഹില്ലിലും സന്യാസ ഭവനങ്ങൾ തുറന്നു. പിന്നീട് മേപ്പാടിയിലെ ഭവനം അടച്ചുപൂട്ടി. കോഴിക്കോട് വെസ്റ്റ് ഹില്ലിലുള്ള അപ്പോസ്തോലേറ്റ് കാലക്രമേണ അഭിവൃദ്ധി പ്രാപിക്കുകയും ഒടുവിൽ മറ്റിടങ്ങളിലും ഭവനങ്ങളും തുറക്കുകയും ചെയ്തു. ഇപ്പോൾ ഇന്ത്യയിലെ 26 സംസ്ഥാനങ്ങളിൽ സന്യാസ ഭവനങ്ങൾ. എട്ടു പ്രൊവിൻസുകളിലായി ആയിരത്തിനാനൂറിലധികം സന്യാസിനിമാർ. ഇന്ത്യക്കു വെളിയിൽ 8 രാജ്യങ്ങളിൽ സാന്നിധ്യം. പെൺകുട്ടികളുടെയും അവശത അനുഭവിക്കുന്ന സ്ത്രീകളുടെയും ഉന്നമനമായിരുന്നു അദ്ദേഹത്തിന്റെ പ്രഥമ പരിഗണന. സ്കൂളുകളും അവർക്കുവേണ്ട ഭവനങ്ങളും തുറന്നുകൊണ്ടു അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ അദ്ദേഹം തീവ്രപരിശ്രമം നടത്തി. അവരുടെ ആത്മീയ, ഭൗതിക, അജപാലനപരമായ ആവശ്യങ്ങളുടെ പൂർത്തീകരണത്തിനായിരുന്നു അദ്ദേഹത്തിന്റെ പ്രഥമ പരിഗണന. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി അദ്ദേഹം ബഥനി സിസ്റ്റേഴ്സ് എന്ന പേരിൽ ഒരു സന്യാസ സമൂഹം സ്ഥാപിക്കുകയും ചെയ്തു .

> ഈശോയ്ക്ക് വേണ്ടി ജീവിക്കുകയും മറ്റുള്ളവരിൽ ഈശോയെ കണ്ട് ശുശ്രൂഷ ചെയ്യുകയും ചെയ്ത ആ പെൺകുട്ടി ഇന്ന് എൺപത്തിയെട്ടു വയസായ ഒരാളാണ്. ശാരീരിക അവശതകൾ ഉണ്ടെങ്കിലും നിറഞ്ഞ ചിരിയോടെ..

ദൈവവചനത്തിലും ദിവ്യബലിയിലും വേരൂന്നിയ ജീവിതത്തിനുടമയായിരുന്നു ദൈവത്തിന്റെ ആ പുരോഹിതൻ. മിഷണറി തീക്ഷ്ണതയായിരുന്നു അദ്ദേഹത്തിന്റെ അജപാലന ശുശ്രൂഷയുടെ കാതൽ. അദ്ദേഹം തീക്ഷ്ണതയുള്ള ഒരു വൈദികനും ദരിദ്രരോട് അനുകമ്പയുള്ളവനുമായിരുന്നു. ചക്രവാളങ്ങൾക്കപ്പുറമുള്ള തന്റെ കാഴ്ചപ്പാട് മുന്നോട്ട് കൊണ്ടുപോകാൻ അദ്ദേഹം 'ബെഥനി' സ്ഥാപിച്ചു. ഇത് അനിവാര്യമായ എതിർപ്പുകളും വിമർശനങ്ങളും കൊണ്ടുവന്നു. എന്നിട്ടും, അദ്ദേഹം നന്മ ചെയ്യുന്നത് തുടർന്നു, അവസാനം വരെ വീരോചിതമായി ക്രിസ്തുവിന്റെ സാക്ഷിയായി സേവനം ചെയ്തു. ഒരു വൈദികൻ എന്ന നിലയിലും സന്യാസ സഭയുടെ സ്ഥാപകൻ എന്ന നിലയിലും അദ്ദേഹം ജീവിച്ച വഴിയും അദ്ദേഹം സ്വീകരിച്ച വഴികളും അദ്ദേഹം പ്രകടിപ്പിച്ച ധൈര്യവും മാതൃകാപരമാണ്. അദ്ദേഹമാണ് റെയ്മണ്ട് ഫ്രാൻസിസ് കാമിലസ് മസ്കരനാസ്.

മംഗലാപുരം രൂപതയുടെ പ്രഥമ ദൈവദാസൻ. അദ്ദേഹത്തിന്റെ പ്രേഷിത ചൈതന്യത്തിൽ ആകൃഷ്ടയായി സന്യാസ ജീവിതത്തിലേക്കെത്തിയതാണ് നമ്മുടെ കഥാനായിക ആനി എന്ന കൊച്ചു പെൺകുട്ടി. കുഞ്ഞ് ആനി ഇന്ന് സിസ്റ്റർ തെരേസിൻ ആണ്.

ഈശോക്ക് വേണ്ടി ജീവിക്കുകയും മറ്റുള്ളവരിൽ ഈശോയെ കണ്ട് ശുശ്രൂഷ ചെയ്യുകയും ചെയ്ത ആ പെൺകുട്ടി ഇന്ന് എൺപത്തിയെട്ടു വയസായ ഒരാളാണ്. ശാരീരിക അവശതകൾ ഉണ്ടെങ്കിലും നിറഞ്ഞ ചിരിയോടെ എല്ലാവരോടും ഇടപെടുകയും എല്ലാവർക്കും വേണ്ടി പ്രാർഥിക്കുകയും ചെയ്തുകൊണ്ട് സഫലമായ ആ ജീവിതം തുടരുന്നു.

***മാധ്യമപ്രവർത്തകനായ ലേഖകൻ എറണാകുളം സ്വദേശിയാണ്. ഭാര്യ സുജ. മൂന്ന് മക്കൾ.***

# ഒരു ഒന്നൊന്നര ഫീൽ

എനിക്ക് ഉണ്ടായ ഒരു ദൈവാനുഭവം നിങ്ങളുമായി പങ്കുവയ്ക്കട്ടെ. ഒരു സാധാരണ യൂത്ത് ആയിരുന്നു ഞാൻ. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഒരു ടിപ്പിക്കൽ വിശ്വാസി. എല്ലാ തല്ലുകൊള്ളിത്തരവും കാണിച്ചിട്ട് എല്ലാവരുടെയും കണ്ണിൽ പൊടിയിട്ട് നല്ല മിടുക്കനായി ഞാൻ പള്ളിയിൽ പോകും. പോയിട്ട് ഒരു കാഴ്ചക്കാരനായി വെറുതെ പുറകിൽ നിൽക്കും. അങ്ങനെ ശരാശരി വിശ്വാസിയായി ജീവിക്കുമ്പോളാണ് ഞാൻ എബൈഡ് എന്ന ഒരു ധ്യാനം ചിറ്റൂർ ധ്യാനകേന്ദ്രത്തിൽവച്ച് കൂടുന്നത്. അത് എന്റെ ജീവിതത്തിലെ ഒരു ടേണിംഗ് പോയിന്റ് ആയിരുന്നു. അന്നുമുതലാണ് ഞാൻ എന്റെ ജീവിതത്തിന്റെ മഹത്വവും വിലയും തിരിച്ചറിയുന്നത്.

എനിക്ക് കിട്ടിയിരിക്കുന്ന ജീവിതം എന്റ ഇഷ്ടം അനുസരിച്ച് തോന്നുന്നത് പോലെ ജീവിച്ചു തീർക്കാൻ ഉള്ളതല്ല മറിച്ച്, എന്റെ ഈശോ തന്റെ രക്തം കൊണ്ട് വീണ്ടെടുത്തുതന്ന ഈ ജീവിതം അവിടത്തെ ഹിതം അനുസരിച്ച് മുന്നോട്ടു കൊണ്ടുപോകേണ്ടതാണെന്ന യാഥാർഥ്യം ഞാൻ മനസ്സിലാക്കുകയായിരുന്നു.

പത്താം ക്ലാസ്സ് കഴിഞ്ഞപ്പോൾ തുടങ്ങിയ പുതിയ ശീലമായ മദ്യപാനവും പുകവലിയും അതുപോലുള്ള ലഹരികളുമെല്ലാം ദൈവത്തിന്റെ മകനായി ജീവിക്കാൻ തീരുമാനിച്ച അന്നുമുതൽ ഉപേക്ഷിച്ചു. അതുവരെ ഇവയിലെല്ലാമായിരുന്നു ഞാൻ സന്തോഷം കണ്ടെത്തിയത്. അതിനേക്കാളൊക്കെ വലിയ ലഹരി എന്റെ ഈശോയുടെ സ്നേഹത്തിനുണ്ടെന്നു ഞാൻ തിരിച്ചറിഞ്ഞു. ലോകം തരുന്ന താത്ക്കാലിക സുഖസന്തോഷങ്ങൾക്കൊന്നും ഈശോയുടെ സ്നേഹത്തിന് പകരമാകാൻ കഴിയില്ല എന്ന് തിരിച്ചറിഞ്ഞതായിരുന്നു എന്റെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടം. അങ്ങനെ എന്റെ ദുശ്ശീലങ്ങൾ എല്ലാം വേണ്ടെന്നുവച്ചുകൊണ്ടാണ് ഞാൻ ബിരുദ പഠനത്തിനായി സെന്റ് ആൽബർട്ട്സ് കോളേജിൽ ചേർന്നത്. എന്റെ ഈശോയിൽ നിന്ന് ഞാനനുഭവിച്ച സ്നേഹത്തിന്റെ ലഹരി നഷ്ടപ്പെട്ടു പോകാതിരിക്കാനും അത് എന്റെ കൂട്ടുകാർക്കിടയിൽ പങ്കുവയ്ക്കാനും ആഗ്രഹിച്ചുകൊണ്ടാണ് ഞാൻ കോളേജിൽ പ്രവേശിച്ചത്. കോളേജിൽ ചേർന്ന് വൈകാതെ ഞാൻ ജീസസ് യൂത്തിന്റെ പ്രയർ ഗ്രൂപ്പിൽ പോകാൻ തുടങ്ങി. ഇന്ന് ഞാൻ ജീസസ് യൂത്ത് എറണാകുളം ടീൻസ് മിനിസ്ട്രിയുടെ ഭാഗമാണ്. ഈശോയെ സ്വന്തമാക്കാൻ എനിക്ക് കഴിഞ്ഞതും അതിന് തടസ്സമായി എന്നിലുണ്ടായിരുന്ന ലഹരിപോലുള്ള പാപങ്ങളിൽ നിന്ന് ഞാൻ മാറിയതും ഈശോയ്ക്ക് സാക്ഷ്യം വഹിച്ച് ജീവിക്കുന്നതുമായ അനുഭവങ്ങളെല്ലാം കൗമാരക്കാരുമായി പങ്കുവയ്ക്കുവാനും അവരെ ഈശോയ്ക്കായി നേടുവാനും ഞാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

ദൈവത്തിന്റെ ഇഷ്ടം അനുസരിച്ചുള്ള രീതിയിൽ ജീവിക്കാൻ ഞാൻ തീരുമാനിച്ചെങ്കിലും സംഭവം ഞാൻ വിചാരിച്ച പോലെ അത്ര എളുപ്പമായിരുന്നില്ല. പക്ഷേ ഈശോയുടെ സ്നേഹം എനിക്ക് അതിനുള്ള ശക്തി തന്നു. ഇന്നു ഞാൻ ഈശോയുടെ സ്നേഹം അനുഭവിച്ചറിഞ്ഞ ഒരു ജീസസ് യൂത്ത് ആണ്. അല്ലേലും ഈശോയുടെ ലവ് എന്നു പറഞ്ഞാൽ ഒരു രക്ഷയുമില്ല. അതൊരു ഒന്നൊന്നര ഫീലിംഗ് ആണ്. അതു പറഞ്ഞറിയിക്കാൻ പറ്റുമെന്ന് എനിക്ക് തോന്നുന്നില്ല. അനുഭവിച്ചു തന്നെ അറിയണം. "നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും. നിങ്ങൾ എന്നെ കണ്ടെത്താൻ ഞാൻ ഇടയാക്കുമെന്നു കർത്താവ് അരുളിച്ചെയ്യുന്നു" (ജറെ 29,13–14).

എന്റെ പ്രിയപ്പെട്ട ഫ്രണ്ട്സിനോട് എനിക്കൊന്നേ പറയാനുള്ളൂ. ഈശോയുടെ ലവ് അറിയണമെങ്കിൽ, അനുഭവിക്കണമെങ്കിൽ, പൂർണഹൃദയത്തോടെ അവിടത്തെ അന്വേഷിക്കുക. നമ്മുടെ ചങ്ക് ബ്രോ നമ്മളെ കാത്തിരിക്കുന്നുണ്ട്. ഇനി വൈകിക്കണ്ട.

***എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിലെ രണ്ടാംവർഷ BBA വിദ്യാർഥിയാണ് ലെവിൻ.***



# "മകനേ,... എനിക്കുള്ളതെല്ലാം നിന്റേതാണ്."

**ലൂക്ക 15, 31**



ആഴമേറിയ പിതൃസ്നേഹം വരച്ചുകാണിക്കുന്ന ധൂർത്തപുത്രന്റെ ഉപമ അവസാനിക്കുന്നത് ഒരു ചോദ്യം അവശേഷിപ്പിച്ചാണ്. മൂത്തമകനെ വിരുന്നിലേക്ക് ആനയിക്കുന്നതിൽ ആ പിതാവ് വിജയിച്ചോ എന്ന ചോദ്യം. ഒരുപക്ഷേ, മൂത്തമകനുമായി ബന്ധപ്പെടുത്തി ഒരു കഥാന്ത്യം ഓരോ കേൾവിക്കാരനും സ്വന്തം ജീവിതത്തിൽതന്നെ കണ്ടെത്തണമെന്നു ഈശോ ആഗ്രഹിക്കുന്നുവോ? അതേസമയം, തനിക്കുള്ളതിൽ ഏറ്റവും മികച്ചത് മക്കൾക്കു നൽകാൻ വെമ്പൽകൊള്ളുന്ന ഒരു പിതാവിന്റെ ഹൃദയം ഏറെ ലളിതവും എന്നാൽ ഉദാത്തവുമായ രീതിയിൽ ആ മഹാകഥാകാരൻ തുറന്നുകാണിക്കുന്നുമുണ്ട്. ഉപമയിലെ പിതാവിന്റെ മൂത്തപുത്രനോടുള്ള മൃദുമന്ത്രണം നമ്മുടെ ഹൃദയത്തിലെത്തുന്നുണ്ടോ? "മകനേ, നീ എപ്പോഴും എന്നോടുകൂടെ ഉണ്ടല്ലോ. എനിക്കുള്ളതെല്ലാം നിന്റേതാണ്."

ഇളയമകൻ ഇക്കാര്യം എങ്ങനെയോ കൂടുതൽ നന്നായി മനസ്സിലാക്കിയിട്ടുണ്ടാകണം. അല്ലെങ്കിൽ സ്വത്തിൽ തന്റെ വിഹിതം തരണമെന്ന് അവൻ പിതാവിനോട് എങ്ങനെ ആവശ്യപ്പെടും? എന്നാൽ, ഇത്രയും വലിയ ഉദാരത സ്വീകരിക്കാൻ മനുഷ്യന്റെ ബലഹീനതയ്ക്ക് കഴിവില്ലല്ലോ. ഇതെല്ലാം തന്റെ പിതാവിന്റെ ഉദാരമനസ്കതയാണെന്ന് ഇന്ദ്രിയേച്ഛകളും അത്യാഗ്രഹങ്ങളും നിറഞ്ഞ അവന്റെ ഹൃദയത്തിന് മനസ്സിലാകുന്നുമില്ല. തന്റെ ദൗർബല്യങ്ങളിൽ വേരൂന്നിയ ആഗ്രഹങ്ങൾക്കു കീഴ്‌വഴങ്ങി അവൻ യാത്രചെയ്തു. ദൈവത്തിന്റെ മഹാമനസ്കതയെ ഗൗനിക്കാതെ ധൂർത്തപുത്രനെപ്പോലെ പ്രവർത്തിക്കുന്ന സാഹചര്യങ്ങൾ നമ്മുടെ ജീവിതത്തിലുമില്ലേ? ദൈവത്തിന്റെ കുടുംബത്തിലേക്ക് നമ്മെ ദത്തെടുക്കാനായി അവൻ നൽകിയ വില നാം പലപ്പോഴും തമസ്കരിക്കുകയല്ലേ ചെയ്യുന്നത്? ദൈവം തന്റെ അതിരില്ലാത്ത കരുണയിലൂടെ നമ്മെ ദൈവപുത്രസ്ഥാന

ത്തേക്കുയർത്തുമ്പോൾ, നാം നമ്മുടെ അമൂല്യമായ അവകാശങ്ങളെ കാണാതെ പോകുകയും കേവലം ഭൗതികനേട്ടങ്ങൾക്കായി അവിടത്തെ ഒറ്റിക്കൊടുക്കകയും ചെയ്യാറുണ്ടോ? എന്നിട്ടും ക്ഷമിക്കുന്നതിൽ മടുപ്പുതോന്നാത്ത ഹൃദയവുമായി കാത്തിരിക്കുന്ന ആ പിതാവ് നമ്മോടു മന്ത്രിക്കുകയാണ്; ”എനിക്കുള്ളതെല്ലാം നിന്റേതാണ്.”

അലക്സാണ്ട്രിയായിലെ വിശുദ്ധ ക്ലെമന്റ് പറയുന്നു: “പിതാവ് മകനെ അണിയിക്കുന്ന മേൽത്തരം വസ്ത്രം അമർത്യതയുടേതാണ്. മോതിരം രാജകീയ അടയാളവും വിശുദ്ധീകരണത്തിന്റെ മുദ്രയുമാണ്. ചെരുപ്പുകളാകട്ടെ, സ്വർഗയാത്രയ്ക്കായി നമ്മെ ഒരുക്കുന്നതും, തേഞ്ഞുതീരാത്തതുമാണ്. കൊല്ലപ്പെടുന്ന കൊഴുത്ത കാളക്കുട്ടി ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു തന്നെ.” മേൽപറഞ്ഞവയെല്ലാം നമുക്കും സ്വന്തമാണ്, വിശ്വാസത്തോടെ സ്വീകരിക്കണമെന്നു മാത്രം!

എന്നാൽ, മൂത്തമകനിൽനിന്ന് സത്യം മറഞ്ഞിരിക്കുന്നു. പിതാവിന്റെ ഉദാരമനസ്സിന്റെ ഫലമായി തന്റെ സഹോദരനുലഭിച്ച മഹനീയ പദവി അവന് ഉൾക്കൊള്ളാനാകുന്നില്ല. ഇക്കാലമത്രയും പിതാവിനൊപ്പമായിരുന്നിട്ടും, പിതാവ് തന്റെമേൽ ചൊരിഞ്ഞ സ്നേഹത്തെക്കുറിച്ച് ഓർക്കാതെ അവൻ തന്റെ അഹത്തിന്റെ വഞ്ചന നിറഞ്ഞ മന്ത്രണങ്ങൾക്കു കാതോർക്കുകയാണ്. ആഹ്ലാദത്തിന്റെ വിരുന്ന് അവൻ നിരാകരിക്കുന്നു, അപ്പന്റെയും അനുജന്റെയും കൂട്ടായ്മയിൽനിന്നും ആ ഭവനത്തിൽ നിറഞ്ഞുനിന്ന ആനന്ദത്തിൽനിന്നും അവൻ സ്വയം ഒഴിവാകുന്നു. ഇതിനെല്ലാം കാരണമായി അവൻ പറയുന്നതോ, തന്റെ കൂട്ടുകാരോടൊപ്പം ആഘോഷിക്കാനായി ഒരാട്ടിൻകുട്ടിയെപ്പോലും പിതാവ് നൽകിയിട്ടില്ലെന്നും. അപ്പന്റെ സ്വത്തുക്കളിൽ തനിക്ക് അവകാശമുണ്ടെന്ന അറിവ് അവനില്ലാതെ പോയതെങ്ങനെ? സമ്പന്നമായ ആ ഭവനത്തിൽ തീർത്തും ദരിദ്രമായ ജീവിതമല്ലേ അവൻ നയിച്ചിരുന്നത് ?

മൂത്തപുത്രന്റെ ഈ മനോഭാവം നമ്മുടെ ഹൃദയങ്ങളിലും കുടികൊള്ളുന്നതായി തോന്നിയിട്ടുണ്ടോ? ദൈവത്തിന്റെ അതിരില്ലാത്ത കരുണ മനസ്സിലാക്കിയ വി. പൗലോസ് പറയുന്നത് ഇങ്ങനെയാണ്. ‘സ്വപുത്രനെപ്പോലും ഒഴിവാക്കാതെ, നമുക്കെല്ലാവർക്കും വേണ്ടി അവനെ ഏൽപിച്ചുതന്നവൻ അവനോടുകൂടെ സമസ്തവും നമുക്ക് ദാനമായി നൽകാതിരിക്കുമോ? ” (റോമ 8, 32). കൃപയുടെ ധാരാളിത്തത്തിൽ ദൈവം തന്റെ ദൈവിക സ്വഭാവത്തിൽ നമ്മെ പങ്കുകാരാക്കുകയും (2 പത്രോ 1, 4) ക്രിസ്തുവനൊപ്പം കൂട്ടവകാശം നൽകുകയും (റോമ 8, 17) ചെയ്തിരിക്കുകയാണ്. നമ്മിൽ ചൊരിയപ്പെട്ടിരിക്കുന്ന ഈ മഹത്വത്തെക്കുറിച്ച് നാം ബോധവാൻമാരാണോ അതോ, ഇപ്പോഴും നമുക്കുലഭിക്കാത്ത ഭൗതിക സുഖസൗകര്യങ്ങളുടെ ‘ആട്ടിൻകുട്ടികൾക്കായി’ നാം കരഞ്ഞുകാലം കഴിക്കുകയാണോ?

ദൈവപിതാവിനെ വ്യവസ്ഥകളില്ലാതെ വിശ്വസിക്കുക എന്നത് നമ്മുക്ക് ബുദ്ധിമുട്ടായിരിക്കാം. ഇതിനെക്കുറിച്ച് ബെനഡിക്ട് 16 –ാമൻ പാപ്പ പറയുന്നു, “ഇക്കാലത്ത് പിതൃത്വത്തെപ്പറ്റി സംസാരിക്കുന്നത് അത്ര എളുപ്പമല്ല. കുടുംബങ്ങൾ തകരുകയാണ്. ജോലിസ്ഥലം കുടുംബത്തെയും വിഴുങ്ങുന്നു. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പെടാപ്പാടുപെടുന്ന കുടുംബങ്ങൾ, ദൈനംദിന ജീവിതത്തിലേക്കുള്ള മാധ്യമങ്ങളുടെ നുഴഞ്ഞുകയറ്റം, ഇത്തരം സാഹചര്യങ്ങൾ പിതാവും മക്കളുമായുള്ള പ്രശാന്തവും ക്രിയാത്മവുമായ ബന്ധത്തിനു തടസ്സമാകുന്നു. അവരുടെ ഇടയിലെ ആശയവിനിമയത്തിൽ വിടവുണ്ടാകുന്നു, വിശ്വാസം നഷ്ടപ്പെടുന്നു, പിതാവിനോടുള്ള മക്കളുടെ ബന്ധം പ്രശ്നബാധിതമാകുന്നു. പിതൃഭാവത്തിന്റെ ഉത്തമ മാതൃകകളുടെ അഭാവത്തിൽ ദൈവത്തെ പിതാവായി സങ്കൽപ്പിക്കുന്നതുപോലും നമുക്ക് ബുദ്ധിമുട്ടായിരിക്കുന്നു. ഒരു സ്വേച്ഛാധിപതിയെപ്പോലെ കർക്കശമായി പെരുമാറുന്ന, തങ്ങളെ പരിഗണിക്കാത്ത, വാത്സല്യം തൊട്ടുതീണ്ടാത്ത, തങ്ങളോടൊപ്പം സമയം ചിലവഴിക്കാത്ത അപ്പൻമാരുള്ള മക്കൾക്ക്, ദൈവത്തെ അപ്പനായിക്കാണാനും തങ്ങളെത്തന്നെ ധൈര്യപൂർവം ഭരമേല്പിക്കാനും പ്രയാസമുണ്ടാകും.”

ഇവിടെയാണ് പരിപൂർണനായ പിതാവിനെ കാണാൻ നമുക്ക് യേശുവിന്റെ വെളിപ്പെടുത്തൽ ആവശ്യമായിവരുന്നത്. പീഢാനുഭവത്തിന്റെ തലേരാത്രിയിൽ” എനിക്കുള്ളതെല്ലാം അങ്ങയുടേതാണ്, അങ്ങേക്കുള്ളതെല്ലാം എന്റേതും” (യോഹ 17, 10) എന്ന് യേശു പറയുമ്പോൾ, തനിക്ക് പിതാവിലുള്ള അതിരറ്റ ആശ്രയത്വമാണ് അവൻ വെളിപ്പെടുത്തുന്നത്. ഈ വിശ്വാസത്തോടെ നമുക്കും പിതാവിന്റെ മന്ത്രണത്തോടു പ്രത്യുത്തരിക്കാൻ കഴിയും. പിതാവിന്റെ വാക്കുകളിൽ വിശ്വസിച്ച്, അവിടന്നു മക്കൾക്കായി ഒരുക്കിയ വിരുന്നുമുറിയിലേക്കു നമുക്കും പ്രവേശിക്കാം, അവിടത്തെ വിരുന്ന് ആവോളം ആസ്വദിക്കാം.

ICPA

# ഐ.സി.പി.എ. സമ്മേളനം

ഇന്ത്യൻ കാത്തലിക് പ്രസ് അസോസിയേഷന്റെ (ഐ.സി.പി.എ.) 29–ാമത് ദേശീയ ക്രൈസ്തവ മാധ്യമപ്രവർത്തക സമ്മേളനം ഒക്ടോബർ 1, 2 തീയതികളിൽ കർണാടകയിലെ മംഗളൂരു സി.ഒ.ഡി.പി.യിൽ നടന്നു. കത്തോലിക്കാ മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സമ്മേളനത്തിൽ പങ്കെടുത്തു. വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച എഴുത്തുകാർക്കുള്ള അവാർഡ് വിതരണം, കർണാടക നിയമസഭാ സ്പീക്കർ യു.ടി ഖാദർ നിർവഹിച്ചു. ദൃശ്യമാധ്യമ രംഗത്തെ സംഭാവനകൾക്കുള്ള ജെയിംസ് അൽബേരിയാണെ അവാർഡിന് ചലച്ചിത്രകാരനായ ഡോ. ഷെയ്സൺ പി. ഔസേഫ് അർഹനായി. മികച്ച ഗ്രന്ഥകാരനുള്ള ജെ. മാവൂരുസ് അവാർഡ് വിനായക് നിർമലിനും മികച്ച ക്രിസ്ത്യൻ മാധ്യമത്തിനുള്ള ലൂയിസ് കരേനോ അവാർഡ് ചെന്നൈയിൽ നിന്നുള്ള ന്യൂ ലീഡർ മാസികയ്ക്കും ലഭിച്ചു. എഡിറ്റർ ഫാ. ആന്റണി പാൻക്രാസ് ആണ് ന്യൂ ലീഡർ മാസികയ്ക്ക് വേണ്ടി അവാർഡ് ഏറ്റുവാങ്ങിയത്.

'ഗാന്ധിയൻ പത്രപ്രവർത്തനം' എന്നതായിരുന്നു സമ്മേളനത്തിന്റെ മുഖ്യപ്രമേയം. ഇതിനെ ആസ്പദമാക്കിയുള്ള പാനൽ ചർച്ചയിൽ കർണാടക ഹൈക്കോടതി റിട്ട. ജഡ്ജി ജസ്റ്റിസ് നാഗ് മോഹൻ ദാസ് മുഖ്യപ്രഭാഷണം നടത്തി. ഗാന്ധിജിക്ക് മൂവായിരത്തോളം ദിവസം ജയിലിൽ കിടക്കേണ്ടിവന്നത്, കോടതിയിൽ ഒരിക്കൽ പോലും നുണ പറയാൻ തയ്യാറാവാത്തതുകൊണ്ടായിരുന്നു. എന്നാൽ ഇന്ന് നമ്മുടെ രാജ്യത്ത് പരമോന്നത പദവിയിലിരിക്കുന്നവർക്കുപോലും നുണ പറയാൻ മടിയില്ല. ഭരണഘടനയെക്കുറിച്ചുള്ള അവബോധം ജനങ്ങൾക്ക് നൽകാൻ മാധ്യമങ്ങൾ പ്രത്യേകം ശ്രദ്ധ പുലർത്തണമെന്നുകൂടി ഓർമിപ്പിച്ചുകൊണ്ടാണ് ജസ്റ്റിസ് നാഗ് മോഹൻ തന്റെ മുഖ്യപ്രഭാഷണം അവസാനിപ്പിച്ചത്.

കന്നട ഡെവലപ്മെന്റ് അതോറിറ്റി ചെയർമാൻ ഡോ. പുരുഷോത്തം ബിലിമാലെ, എഴുത്തുകാരിയും സാമൂഹ്യ പ്രവർത്തകയുമായ ഡോ. എച്ച്.എസ്. അനുപമ, ഫാ. സെദ്രിക് പ്രകാശ് എസ്.ജെ. എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ദ എക്സാമിനർ മാസികയുടെ എഡിറ്റർ ഫാ. ജോഷാൻ റോഡ്രിഗ്സ് ആയിരുന്നു മോഡറേറ്റർ.

മംഗലാപുരം ബിഷപ് പീറ്റർ പോൾ സൽദാന സമ്മേളനം ഉദ്ഘാടനം ചെയ്തു. ജനാധിപത്യത്തിന്റെ നാലാം തൂണ് എന്ന് വിശേഷിപ്പിക്കുന്നത് മാധ്യമങ്ങളെയാണ്. സത്യത്തിനു വേണ്ടി നിലകൊള്ളുവാനുള്ള വലിയ ഉത്തരവാദിത്വം മാധ്യമങ്ങൾക്കുണ്ട്. കറുപ്പിനെ കറുപ്പെന്നും വെളുപ്പിനെ വെളുപ്പെന്നും തന്നെ വിളിക്കാൻ മാധ്യമപ്രവർത്തകർക്കു കഴിയണമെന്നും ബിഷപ് സൽദാന പ്രസ്താവിച്ചു. നിയമസഭാംഗമായ ഐവാൻ ഡിസൂസ ആശംസകൾ അർപ്പിച്ചു.

ഐ.സി.പി.എ. പ്രസിഡണ്ട് ഇഗ്നേഷ്യസ് ഗൊൺസാൽവസ് സമ്മേളനത്തിൽ അധ്യ










ക്ഷത വഹിച്ചു. ഐ.സി.പി.എ. എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ ബിഷപ് ഹെന്റ്രി ഡിസൂസ ആധുനിക ലോകത്തിൽ ക്രിസ്തീയ മാധ്യമങ്ങൾ സത്യത്തിനു വേണ്ടി നിലകൊള്ളേണ്ടതിന്റെ ആവശ്യകതയെ കുറിച്ചാണ് സംസാരിച്ചത്. ഗാന്ധിജി എക്കാലത്തും സത്യത്തിനുവേണ്ടി നിലകൊണ്ട വ്യക്തിയായിരുന്നു. ഗാന്ധിയൻ പത്രപ്രവർത്തനത്തിൽ ഊന്നിയുള്ള ഐ.സി.പി.എ. സമ്മേളനം ഗാന്ധിജയന്തി ദിവസത്തിൽതന്നെ വന്നത് യാദൃച്ഛികമാണെന്ന് കരുതുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സി.ബി.സി.ഐ. മാധ്യമ കമ്മീഷൻ സെക്രട്ടറി ഫാ. ബിജു ആലപ്പാട്ട്, ഐ.സി.പി.എ. സെക്രട്ടറി ഫാ. സുരേഷ് മാത്യു, വൈസ് പ്രസിഡന്റ് സിസ്റ്റർ ടെസി ജേക്കബ്, കന്നഡ വാരികയായ രക്നോ എഡിറ്റർ ഫാ. രൂപേഷ് മാഡ്ത തുടങ്ങിയവർ പ്രസംഗിച്ചു.

കത്തോലിക്ക മാധ്യമപ്രവർത്തകരുടെ സംഘടനയായ ഐ.സി.പി.എ. സംഘടനയിൽ ഇന്ത്യയിലെ പ്രമുഖ കത്തോലിക്ക മാധ്യമങ്ങളും മാധ്യമപ്രവർത്തകരും അംഗങ്ങളാണ്. 2021മുതൽ ജീസസ് യൂത്തിന്റെ മാധ്യമ മുഖമായ കെയ്റോസും ഐ.സി.പി.എ.യിൽ അംഗമാണ്.





# പൗരോഹിത്യത്തിനു മുന്നിൽ വഴിമാറിയ ഫുട്ബോൾ കരിയർ

അയർലണ്ടിനുവേണ്ടി 27 ഫുട്ബോൾ വിജയങ്ങൾ, പൗരോഹിത്യത്തിനു മുന്നിൽ വഴിമാറിയ ഫുട്ബോൾ കരിയർ മാഞ്ചസ്റ്റർ ജേഴ്സിയിൽ നിന്നു വൈദിക വേഷത്തിലെത്തിയ ഫാ. ഫിലിപ്പ് മുൾറൈൻ. ഫിലിപ്പ് പാട്രിക് സ്റ്റെഫാൻ മുൾറൈൻ ഇംഗ്ലീഷ് പ്രീമിയർ ലീഗിലെയും, ഉത്തര അയർലണ്ട് ദേശീയ ഫുട്ബോൾ ടീമിലെയും തിളങ്ങുന്ന താരമായിരുന്നു.

പ്രതിവർഷം അഞ്ചുലക്ഷം പൗണ്ട് പ്രതിഫലം പറ്റിയിരുന്ന കായികതാരം. നിക്കോള ചാപ്മാൻ എന്ന ലോകപ്രശസ്ത മോഡലിനെ ഡേറ്റ് ചെയ്ത വ്യക്തി. ഇപ്പോൾ ഫുട്ബോളിനോട് വിട പറഞ്ഞ് മറ്റൊരു ജീവിതയാത്രയി

# ഫിലിപ്പ് മുൾറൈൻ
## (Philip Mulryne)



ലാണ്. ആഡംബര ജീവിതം ഉപേക്ഷിച്ച് സ്വമന സാ സന്യാസ ജീവിതം ആരംഭിച്ചിരിക്കുന്നു. പച്ച ജേഴ്സിയിൽ നിന്ന് ഡോമിനിക്ക് സഭാ വസ്ത്രത്തിലേക്ക് ഒരു മാറ്റം.

ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബുകളായ മാഞ്ച സ്റ്റർ യുണൈറ്റഡ്, നോർവിച്ച് സിറ്റി എന്നീ ക്ലബുകൾക്കു വേണ്ടിയും ഉത്തര അയർല ണ്ടിന്റെ ദേശീയ ടീമിനു വേണ്ടിയും കുപ്പായമ ണിഞ്ഞ ഫിലിപ്പ് 2017 ജൂലൈ 8ന് ആർച്ചു ബിഷപ്പ് ജോസഫ് അഗസ്റ്റിൻ ഡി നോയിൽ നിന്നു വൈദിക പട്ടം സ്വീകരിച്ചു. ഫാ. ഫിലിപ്പ് രണ്ടു ദിവസങ്ങൾക്കു ശേഷം ജൂലൈ പത്താം തീയതി ബെൽഫാസ്റ്റിലുള്ള സെന്റ് ഒലിവർ പ്ലക്കറ്റ് പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു.

മാഞ്ചസ്റ്ററിന്റെ വിശ്വവിഖ്യാതനായ പരിശീല കൻ സർ അലക്സ് ഫെർഗൂസൺ പ്രതിഭ കണ്ടെത്തിയ ഫിലിപ്പ് മുൾറൈൻ ഒരു കാലത്ത് ഡേവിഡ് ബെക്കാമിനൊപ്പം മധ്യനി രയിൽ മാഞ്ചസ്റ്ററിനായി കളി നിയന്ത്രിച്ചു. പിന്നീട് 1999 മുതൽ 2005 നോർവിച്ച് സിറ്റിക്കു വേണ്ടി കളിച്ചു.

31 വയസ്സിൽ ഫുട്ബോളിൽ നിന്നു വിരമിച്ച ഫിലിപ്പ് പലതരത്തിലുള്ള ഉപവി പ്രവർത്തന ങ്ങൾക്കാണ് സമയം വിനിയോഗിച്ചിരുന്നത്. ഡൗൺ കോണോർ ബിഷപ്പ് റോയൽ ട്രെനോ വറ (Bishop Noel Treanor) മായുള്ള ബന്ധം സന്യാസ പൗരോഹിത്യ വിളി സ്വീകരി ക്കാൻ ഫിലിപ്പിന് സഹായകരമായി. 2009ൽ റോമിലെ പൊന്തിഫിക്കൽ ഐറിഷ് കോളേ ജിൽ തത്ത്വശാസ്ത്ര പഠനം ആരംഭിച്ചു. റോമി ലെ രണ്ടു വർഷത്തെ പഠനത്തിനു ശേഷം ദൈവശാസ്ത്രം പഠിച്ചത് ബെൽഫാസ്റ്റിലാണ്.

2013ൽ ഡോമിനിക്കൻ സഭയിലെ പ്രഥമ വ്രതവാഗ്ദാനത്തിനു ശേഷം ഫിലിപ്പ് പറഞ്ഞു: "സുവിശേഷ ഉപദേശങ്ങളായ സന്യാസ വ്രതങ്ങളിലൂടെ സന്യാസസഭയിൽ ഞാൻ പൂർണമായി സമർപ്പണം നടത്തിയത് ക്രിസ്തുവിനെത്തന്നെ എന്റെ മോഡലായി സ്വീകരിക്കാനാണ്. നമ്മുടെ ബലഹീനത കൾക്കും പോരായ്മകൾക്കും അപ്പുറം അവനിൽ ആശ്രയിക്കുക. അവന്റെ കൃപ യാൽ നാം രൂപാന്തരപ്പെടും. അവനെ അറി യുന്നതിന്റെ ആനന്ദം നാം കണ്ടുമുട്ടുന്നവ രുമായി പങ്കുവയ്ക്കാൻ അവൻ നമ്മളെ ഒരുക്കും. ഇതിനായി എനിക്ക് യോജിച്ച ജീവിതശൈലി ഡോമിനിക്കൻ ഓർഡറിലാ ണെന്നു ഞാൻ തിരിച്ചറിഞ്ഞു. അതാണ് ഈ സന്യാസസഭയിൽ ചേരാനുള്ള മുഖ്യ കാരണം".

ഫിലിപ്പ് അംഗമായ "ഐറിഷ് ഡോമിനിക്കൻ" സന്യാസ സഭ 1224ൽ ഡബ്ലിനിലാണ് സ്ഥാപിതമായത്. ഡബ്ലിനു പുറമേ കോർക്ക്, ഗാൽവേ, ട്രാലെ എന്നിവിടങ്ങളിലും, ഇറാ നിലെ ടെഹറാനിലും, ഇറ്റലിയിലെ റോമിലും ഐറിഷ് ഡോമിനിക്കൻസിന് ആശ്രമങ്ങളുണ്ട്. ദൈവവിളിക്ഷാമം ബാധിച്ച പാശ്ചാത്യ സഭയക്ക് ഫിലിപ്പിന്റെ മാതൃക പുത്തൻ ഉണർവു നൽകും.

***ലേഖകൻ കുവൈറ്റിൽ നഴ്സായി ജോലി ചെയ്യുന്നു.***

# സിനഡാത്മക ശ്രവണം
# ജീസസ് യൂത്ത് മുന്നേറ്റത്തിൽ



പോൾ ആറാമൻ മാർപാപ്പ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ അവസാനത്തിൽ സാർവത്രിക സൂനഹദോസുകൾ വിളിച്ചു കൂട്ടുന്നതിന്റെ പ്രായോഗിക തടസ്സങ്ങൾ മനസ്സിലാക്കി, ഒരു പുതിയ സംവിധാനത്തിന് തുടക്കം കുറിച്ചു. അതാണ് 'Synodus Episcoporum' അഥവാ 'മെത്രാന്മാരുടെ സിനഡ്.' ആദ്യകാലങ്ങളിൽ രണ്ടു വർഷം കൂടുമ്പോഴും ഇപ്പോൾ മൂന്ന് വർഷത്തിലൊരിക്കലും ആണ് മാർപാപ്പ ഇത്തരമൊരു ബിഷപ്പുമാരുടെ സിനഡ് വിളിച്ചുകൂട്ടുന്നത്. അങ്ങനെ 15 സാധാരണ സിനഡുകൾ (Ordinary Synods) ആണ് രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷം സഭയിൽ നടന്നിട്ടുള്ളത്. പതിനാറാമത്തെ സിനഡ് 2023 ഒക്ടോബർ മാസത്തിൽ റോമിൽ വച്ച് നടന്നു. സാധാരണ സിനിഡിനു പുറമെ അവശ്യ സന്ദർഭങ്ങളിൽ ചില അസാധാരണ സിനഡുകളും (Extra Ordinary Synods) മാർപാപ്പമാർ വിളിച്ചു കൂട്ടാറുണ്ട്. 2019ൽ വിളിച്ചുകൂട്ടിയ 'ആമസോൺ മെത്രാൻ സിനഡ്" പോലെ. കുടുംബങ്ങളിൽ തുടങ്ങി, കുടുംബയൂണിറ്റ്, ഇടവക ഫൊറോന, രൂപത, പിന്നീട് നാഷണൽ, ഇന്റർനാഷണൽ, ഇങ്ങനെ വിവിധ തലങ്ങൾ പിന്നിട്ടാണ് ആഗോള സിനഡ് റോമിൽ നടന്നത്.

പതിനാറാമത് സിനഡിന്റെ വിഷയമായി മാർപാപ്പ തെരഞ്ഞെടുത്തത് 'ഒരു സിനഡാത്മക സഭയ്ക്ക് വേണ്ടി: കൂട്ടായ്മ, പങ്കാളിത്തം പ്രേക്ഷിതത്വം' എന്ന വിഷയമാണ്. ഇതിന്റെ ചുവടുപിടിച്ച് സഭയുടെ വിവിധ തലങ്ങളിൽ, സംഘടനകളിൽ എല്ലാംതന്നെ സിനഡൽ പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. ഈ സിനഡിനെ അസാധാരണ സിനഡാക്കി മാറ്റുന്നത് ഇതിന്റെ listening phase ആണ്. എല്ലാവരെയും കേൾക്കുക, എല്ലാറ്റിലും ഉപരി പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കുക. ഇതാണ് ഓരോ സിനഡൽ പ്രക്രിയയിലും നടക്കുന്നത്.

ഒരു പൊന്തിഫിക്കൽ പദവിയിൽ ഉള്ള അല്മായ മൂവ്മെന്റ് എന്ന നിലയിൽ സിനഡാത്മക പ്രക്രിയയിൽ ജീസസ് യൂത്തും ഭാഗമാകുന്നു. അതുകൊണ്ടുതന്നെയാണ് ജീസസ് യൂത്ത് മൂവ്മെന്റിന്റെ എല്ലാ തലങ്ങളും ഈ ഒരു ലിസണിങ് ഫേസിലൂടെ ഈ ദിവസങ്ങളിൽ കടന്നുപോകുന്നത്. മൂവ്മെന്റിൽ ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്നവരെയും, കുടുംബപരമായും തൊഴിൽപരമായും ഉള്ള സാഹചര്യങ്ങൾ മൂലം മാറിനിൽക്കേണ്ടി വന്നവരെയും എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നു. എല്ലാവരെയും കേൾക്കുന്നു. പരിശുദ്ധാത്മാവിന്റെ നിറവിൽ നിന്നുകൊണ്ട് കേട്ട കാര്യങ്ങളെ ക്രോഡീകരിക്കാനും അത് പ്രവൃത്തിതലത്തിൽ കൊണ്ടുവരാനും ഉള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. മൂവ്മെന്റിൽ ആകമാനം ഒരു പുതിയ വസന്തത്തിന് വഴിതെളിക്കാനും ഇതിലൂടെ സാധിക്കുമെന്നാണ് പ്രത്യാശിക്കുന്നത്. ഏറെ പ്രത്യേകമായി നമ്മുടെ മിനിസ്ട്രികളിലും പ്രാർഥനാ കൂട്ടായ്മകളിലും സബ് സോൺ – സോണൽ തലങ്ങളിലും, ദേശീയ – അന്തർദേശീയ തലങ്ങളിലും ഈ ശ്രവണപ്രക്രിയ നടക്കുന്നു. ജീസസ് യൂത്ത് എന്ന നിലയിൽ ഇതിന്റെ ഭാഗമാവുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

ജീസസ് യൂത്ത് മൂവ്മെന്റ് അതിന്റെ തുടക്കം മുതൽക്കേ, പരസ്പരം ശ്രവിക്കാനും പരിശുദ്ധാത്മാവിനെ ശ്രവിക്കാനും പ്രേഷിത ദൗത്യത്തിൽ സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കാനും സവിശേഷമായ വിധത്തിൽ ശ്രദ്ധ പുലർത്തിയിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന സിനഡൽ പ്രക്രിയ, മുന്നേറ്റത്തിലെ ഓരോ വ്യക്തിയിലും ആരംഭിച്ച്, ചെറു സമൂഹങ്ങളിൽ പടർന്ന്, ആഗോളതലത്തിൽ പന്തലിക്കേണ്ട നവീകരണ പ്രക്രിയയാണ്. ഇവിടെയാണ് ശ്രവണത്തിന്റെ അനിവാര്യത. 'മറ്റുള്ളവരെ ശ്രവിക്കുന്നതിലൂടെ പരിശുദ്ധാത്മാവിനെ ശ്രവിക്കുക' (listening to the Holy Spirit by listening to others), എന്ന പ്രക്രിയ ആണ് ഈ ആഴമായ കൂട്ടായ്മയ്ക്കും പങ്കാളിത്തത്തിനും നമ്മുടെ ദൗത്യത്തെ കുറിച്ചുള്ള ധാരണക്കും പോഷകമാകുന്നത്. ഇതുവഴി നമ്മുടെ മൂല്യങ്ങൾക്കും ദർശനത്തിനും ലക്ഷ്യത്തിനും ഊർജസ്വലതയും പ്രസരിപ്പും ലഭിക്കുന്നു.


**ആരൊക്കെയാണ് ഈ പ്രക്രിയയിൽ പങ്കാളികളാകേണ്ടത്?**

ജീസസ് യൂത്ത് മുന്നേറ്റത്തിലുള്ള സകലർക്കും പുതിയതെന്നോ പഴയതെന്നോ വ്യത്യാസം ഇല്ലാതെ, പ്രായത്തിന്റെയോ, അനുഭവത്തിന്റെയോ, പങ്കിന്റെയോ, വ്യത്യാസം ഇല്ലാതെ ഇതിൽ പങ്കുചേരാം. ഇതുവഴിയായി ജീസസ് യൂത്ത് എന്ന വിളിയിൽ നവീകരിക്കപ്പെടാനും സുവിശേഷ പ്രഘോഷണം എന്ന നമ്മുടെ ദൗത്യത്തെ പൂർത്തീകരിക്കാനും സുവിധമായ ദർശനത്തോടും ലക്ഷ്യത്തോടും കൂടി നമ്മുടെ അടിസ്ഥാന മൂല്യങ്ങളെ ദൃഢീകരിക്കാനും നമുക്ക് സാധിക്കും.

ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ;

- കർത്താവിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് വ്യത്യസ്ത ശുശ്രൂഷകൾ വ്യത്യസ്ത സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ളവർ
- മുന്നേറ്റത്തിന്റെ വിത്ത് പാകുന്നതിനായി വിപുലവും വിശാലവുമായ യാത്രകൾ ചെയ്ത് അവിടങ്ങളിൽ മുന്നേറ്റത്തെ പടുത്തുയർത്താൻ പ്രയത്നിച്ചവർ
- മുന്നേറ്റത്തിന്റെ ദൗത്യത്തെ ഇപ്പോൾ മുന്നോട്ടു നയിച്ചു കൊണ്ടിരിക്കുന്നവർ
- മുന്നേറ്റത്തെ അകലങ്ങളിൽ നിന്നുപോലും വീക്ഷിക്കുകയും പിന്താങ്ങുകയും ചെയ്യുന്നവർ
- മുന്നേറ്റത്തെ സധൈര്യം വിമർശിച്ചുകൊണ്ട് പിന്താങ്ങുന്നവർ

ഇങ്ങനെ മുന്നേറ്റത്തിന്റെ ഏതു തലത്തിൽ ഉൾപ്പെട്ടവരായാലും ഈ സിനഡാത്മക ശ്രവണപ്രക്രിയയിൽ പങ്കാളികളാകാവുന്നതാണ്.



*സിനഡ് വേദിയിൽ ജീസസ് യൂത്ത് ഇന്ത്യയുടെ എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല ഫ്രാൻസിസ് മാർപാപ്പയോടൊപ്പം*



*ജീസസ് യൂത്ത് മിഡിൽ ഈസ്റ്റ് പ്രതിനിധി മാത്യു തോമസും ബിഷപ്പ് ഡോ. അലക്സ് വടക്കുംതലയും മാർപാപ്പയോടൊപ്പം*

**ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ഈ സിനിഡാത്മക ശ്രവണ യാത്രയിൽ പങ്കുചേരുവാനും പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കുവാനും ഓരോ ജീസസ് യൂത്തിനും സാധിക്കട്ടെ..**

**എങ്ങനെയാണ് സിനഡാത്മക ശ്രവണം സാധ്യമാകുന്നത്?**

മൂന്ന് ഘട്ടങ്ങളായാണ് ഈ ശ്രവിക്കൽ പ്രക്രിയ നടക്കുന്നത്. ഒന്നാം ഘട്ടം അവബോധവും തയ്യാറെടുക്കലുമാണ്.

നേതൃനിരയിൽ ഉള്ളവരിൽ അവബോധം സൃഷ്ടിക്കുകയാണ് ആദ്യം ചെയ്യുന്നത്. അവരെ വിളിച്ചുകൂട്ടി ഡോക്യുമെന്റുകളെ പരിചയപ്പെടുത്തുകയും ഇതിന്റെ വെളിച്ചത്തിൽ സിനഡൽ പ്രക്രിയ വിവരിക്കുകയും ചെയ്യുന്നു. അതിനുശേഷം ശ്രവണത്തിനുള്ള ഏജന്റുമാരെ (listening agents) ഒരുക്കുന്നു. ഈ ഒന്നാം ഘട്ടത്തിന്റെ അവസാനം എന്ന് പറയുന്നത് ശ്രവിക്കുന്നതിനുള്ള വ്യക്തിപരമായ ഒരുക്കമാണ്. പ്രാർഥനാ വർഷമായി ആചരിക്കുന്ന ഈ വേളയിൽ പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളെ ശ്രവിക്കുന്നതിനായി എല്ലാവരുംതന്നെ കൂടുതൽ സമയം പ്രാർഥനയിലും വിചിന്തനത്തിലും മുഴുകേണ്ടതുണ്ട്. വ്യക്തിപരമായി ഓരോരുത്തരും ഇത്തരത്തിൽ നവീകരിക്കപ്പെടുകവഴി അത് മുന്നേറ്റത്തിന്റെ തന്നെ നവീകരണമായി മാറും.

രണ്ടാം ഘട്ടം എന്നത് ആത്മീയ സംഭാഷണത്തിന്റെ (spiritual conversation) ഘട്ടമാണ്. ഈ ഘട്ടത്തിന്റെ ആരംഭത്തിൽ നമ്മൾ ചെയ്യുന്നത് സൗകര്യപ്രദമായ സ്ഥലങ്ങളിൽ അംഗങ്ങൾ ഒന്നിച്ചുകൂടി നൽകപ്പെട്ട വിഷയങ്ങളിൽ ദൈവാത്മാവിന്റെ സ്വാതന്ത്ര്യത്തിൽ സംഭാഷണത്തിൽ ഏർപ്പെടുന്നു. 2023 റോമിൽ വച്ച് നടന്ന ആഗോള സിനഡിന്റെ വെളിച്ചത്തിൽ ഏതാനും കാര്യങ്ങൾ ഈ ഘട്ടത്തിൽ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

- ആത്മീയ സംഭാഷണങ്ങൾ നമ്മെ ക്ഷണിക്കുന്നത് ഹൃദയത്തിൽ നിന്ന് സംസാരിക്കാനും ഹൃദയംകൊണ്ട് ശ്രവിക്കാനുമാണ്
- ഓരോ ഗ്രൂപ്പിലും 8 –10 അംഗങ്ങളും ലിസണിങ് ഏജന്റ്സും ഉൾപ്പെടേണ്ടതാണ്. ഗ്രൂപ്പിൽ വരുന്നതിനുമുമ്പുതന്നെ തങ്ങൾക്ക് നൽകപ്പെട്ട ചോദ്യങ്ങളെക്കുറിച്ച് വിചിന്തനം ചെയ്ത് പ്രാർഥനാപൂർവം ഒരുങ്ങേണ്ടതുണ്ട്
- ഓരോ വ്യക്തിയും തങ്ങളുടെ വിചിന്തനം മൂന്നു മിനിറ്റിൽ പൂർത്തിയാക്കുന്നു. മറ്റുള്ളവർ പങ്കുവയ്ക്കുന്ന വ്യക്തിയെ ശ്രദ്ധിക്കുകയും പരിശുദ്ധാത്മാവ് എന്താണ് പ്രചോദിപ്പിക്കുന്നതെന്ന് ശ്രവിക്കുകയും ചെയ്യുന്നു
- ഓരോ റൗണ്ട് കഴിയുമ്പോഴും അല്പം നേരം നിശ്ശബ്ദത പാലിക്കണം. ശ്രവണ സമയത്ത് തങ്ങളെ സ്പർശിച്ച കാര്യങ്ങൾ കുറിച്ചുവയ്ക്കാനും ശ്രദ്ധിക്കണം. ഈ രീതി മൂന്നു റൗണ്ടുകളിലും തുടരേണ്ടതാണ്. തുടർന്ന് റിപ്പോർട്ട് ചെയ്യേണ്ട പോയിന്റുകൾ സമാഹരിക്കുന്നു. ഈ ഘട്ടത്തിന്റെ അവസാനത്തിലാണ് ശ്രവണ വിഷയത്തിന്റെ സമാഹരണം നടക്കുന്നത്. ലിസണിങ് ഏജന്റ് ഗ്രൂപ്പ് അംഗങ്ങളുടെ സഹായത്തോടെ ഇത് നിർവഹിക്കുന്നു

മൂന്നാം ഘട്ടം എന്നു പറയുന്നത് സംയോജനത്തിന്റെ ഘട്ടമാണ്. താഴെ തട്ടുകളിലെ സംഭാഷണം പൂർത്തിയായ മുറയ്ക്ക് നേതൃനിരയിലുള്ളവരാണ് ഇത് സംയോജിപ്പിക്കേണ്ടത്. മുന്നേറ്റത്തിന്റെ സംഘടനാ സവിശേഷതകൾക്കനുസൃതമായി സോണൽ, മിനിസ്ട്രി, റീജിയണൽ, നാഷണൽ, ഇന്റർനാഷണൽ തലങ്ങളിൽ മീറ്റിങ്ങുകൾ നടത്തി ആത്മീയ സംഭാഷണങ്ങളുടെ അന്തിമ രേഖയ്ക്ക് രൂപം കൊടുക്കുന്നു.

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ഈ സിനഡാത്മക ശ്രവണ യാത്രയിൽ പങ്കുചേരുവാനും പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കുവാനും ഓരോ ജീസസ് യൂത്തിനും സാധിക്കട്ടെ. മുന്നേറ്റത്തിന്റെ ആഴത്തിലുള്ള ആത്മീയ നവീകരണത്തിനും മിഷണറി അവബോധത്തിന്റെ ആഴം കൂട്ടുന്നതിനും ഈ സിനഡാത്മക പ്രക്രിയയിലൂടെ നമുക്ക് സാധിക്കട്ടെ.

# സി. മേരി സെലിൻ ഫാസെൻമെയർ

Sr. Mary Celine Fasenmyer ഒരു അമേരിക്കൻ ഗണിതശാസ്ത്രജ്ഞയും അധ്യാപികയും കരുണയുടെ സഹോദരിമാർ എന്ന സന്യാസസഭയിലെ ഒരംഗവുമായിരുന്നു. ഇന്നത്തെ കമ്പ്യൂട്ടറുകളിൽ ഹൈപ്പർജിയോമെട്രിക് ഐഡന്റിറ്റികൾ തെളിയിക്കുന്നതിനായി ഉപയോഗിക്കുന്ന ഹൈപ്പർജിയോമെട്രിക് ഫംഗ്ഷൻ, ലീനിയർ ആൾജിബ്ര എന്നിവയിലുള്ള പ്രവർത്തനങ്ങളുടെ പേരിൽ സിസ്റ്റർ ശാസ്ത്രലോകത്തിൽ വളരെ പ്രശസ്തയാണ്. Some generalized hypergeometric polynomials, On Recurrence Relations എന്നീ രണ്ട് ഗണിതശാസ്ത്ര പേപ്പറുകൾ സി. സെലിൻ പ്രസിദ്ധീകരിച്ചു. ഇത് പിന്നീട് പല കോമ്പിനേറ്ററി ഐഡന്റിറ്റികളുടെയും കമ്പ്യൂട്ടർവത്കൃത തെളിവ് നേടിയെടുക്കുന്നതിനുള്ള 'WZ സിദ്ധാന്തം' ആയി വിപുലീകരിക്കപ്പെട്ടു. സിസ്റ്റർ ഏറ്റവും കൂടുതൽ ഓർമിക്കപ്പെടുന്നത് 'സി. സെലിൻ രീതി'യുടെ പേരിലാണ്. സി. സെലിൻ പഠിച്ച ഹൈപ്പർജിയോമെട്രിക് പോളിനോമിയലുകൾ സി. സെലിൻ പോളിനോമിയലുകൾ എന്നാണു അറിയപ്പെടുന്നത്.




'സിസ്റ്ററുടെ രീതി വെളിപ്പെടുന്നതിന് മുമ്പ്, ഗണിതശാസ്ത്രജ്ഞർക്ക് എന്തെങ്കിലും തെളിയിക്കാൻ' മാസങ്ങളും ചിലപ്പോൾ വർഷങ്ങളും ചെലവഴിക്കേണ്ടിവന്നു. "ഇപ്പോൾ, കമ്പ്യൂട്ടറുകൾക്കൊപ്പം, ഇത് നിമിഷങ്ങൾ മാത്രം എടുക്കുന്ന ഒന്നാണ്." – പ്രശസ്ത ഗണിതശാസ്ത്രജ്ഞനായ സെയിൽബെർഗറുടെ വാക്കുകളാണിത്. കത്തോലിക്കാ സഭയുടെ ശാസ്ത്രസംഭാവനകളുടെ ചരിത്രത്തിലെ മറ്റൊരധ്യായമാണ് സി. സെലിൻ.



**വാർത്താവിചാരം – സണ്ണി കോക്കാപ്പിള്ളിൽ**


# രത്തൻ ടാറ്റ

## സാമൂഹിക പ്രതിബദ്ധതയുള്ള സമ്പന്നൻ

സമ്പന്നർക്ക് മാതൃകയുണ്ടോ എന്ന് ചോദിച്ചാൽ, മാതൃകയുണ്ട് എന്നാണുത്തരം. ഇന്ന് ശതകോടീശ്വരന്മാരെ പറ്റി ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് ആദ്യം വരുന്ന ചിന്ത, രാജ്യത്തെ കൊള്ളയടിക്കുന്നവരും പാവങ്ങളെ ചൂഷണം ചെയ്യുന്നവരും എന്നാണ്. ഇപ്പോൾ നാം കൊട്ടിഘോഷിക്കുന്ന പല കോടീശ്വരന്മാരും ചുരുങ്ങിയ കാലം കൊണ്ട് ഇന്നത്തെ നിലയിൽ എത്തിയവരാണ്. ഏതാനും വർഷങ്ങൾകൊണ്ട് ഹിമാലയം കണക്കെ അവരങ്ങ് വളർന്നു. ഏതൊരു കാര്യത്തിലാണെങ്കിലും ആനുപാതികമല്ലാത്ത വളർച്ചയ്ക്ക് പിന്നിൽ ക്രമക്കേടുകൾ കണ്ടെത്താനാവും. മാത്രമല്ല അത് എവിടെയെങ്കിലും ഒക്കെ വേദനാജനകമായ അനുഭവങ്ങൾ കൊടുത്തിട്ടുമുണ്ടാകും. ഏതൊന്നിന്റെയും വളർച്ചയ്ക്ക് പിന്നിൽ എന്തിന്റെയെങ്കിലും എരിഞ്ഞു തീരൽ ഉണ്ടാകാതെയിരിക്കില്ല എന്ന പതിവുശൈലി ആവർത്തിക്കുമ്പോഴും ഈ എരിഞ്ഞു തീരൽ സ്വയമാണോ മറ്റുള്ളവർക്കാണോ എന്ന ചോദ്യത്തിന് ഏറെ പ്രസക്തിയുണ്ട്.

ഇവിടെയാണ് ടാറ്റ എന്ന സമ്പന്നന്റെ പ്രസക്തി. ഒരു വ്യവസായം ലാഭത്തിൽ ആക്കുക എന്നതിന് നിരവധി രീതികൾ ഉണ്ട്. തങ്ങൾ നിർമിക്കുന്ന ഉത്പന്നത്തിന് ഗുണമേന്മ കുറച്ചാൽ ലാഭം ഉണ്ടാക്കാം. തൊഴിലാളികൾക്ക് വേതനം കുറച്ച് അധ്വാനത്തെ ചൂഷണം ചെയ്തു വ്യവസായം ലാഭകരമാക്കാം. സാമൂഹിക പ്രതിബദ്ധത ലവലേശം കാട്ടാതെ അതിനുവേണ്ട തുക മൂലധനത്തിൽ ഉൾപ്പെടുത്തിയും ലാഭകരമാക്കാം.

ഇന്ന് നമ്മുടെ ഇടയിൽ വിരാജിക്കുന്ന നിരവധി കോർപ്പറേറ്റുകളുടെ ശൈലി ഇതാണ്. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി ഉത്പന്നങ്ങളുടെ ഗുണമേന്മയിൽ കുറവ് വരുത്താതെയും ജീവനക്കാർക്ക് മാന്യമായ വേതനം നൽകിയും ടാറ്റ, വ്യവസായ രംഗത്തെ അധികായനായി മാറി. ഇതിനെക്കാളുപരി സാമൂഹിക പ്രതിബദ്ധതയുടെ കാര്യത്തിൽ മികവുറ്റ പ്രവർത്തനമാണ് ടാറ്റ പുലർത്തിവരുന്നത്. വികസനം എന്നത് തന്റെ മാത്രം വികസനം അല്ല, രാജ്യത്തിന്റെയും സാധാരണ ജനങ്ങളുടെയും സാഹചര്യങ്ങളെ ഉൾക്കൊള്ളുന്നതാണെന്ന് അദ്ദേഹം വിശ്വസിച്ചു. രാജ്യത്തിന്റെ നേട്ടം മുന്നിൽക്കണ്ട്, ഗവേഷണ രംഗത്തും വിദ്യാഭ്യാസ രംഗത്തും സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് അദ്ദേഹം കാഴ്ച വച്ചത്. ലോകത്തെ എണ്ണപ്പെട്ട കോടീശ്വരന്മാരിൽ ഒരാളായിട്ടും മറ്റുചിലരെ പോലെ ആർഭാട പൂർണമായ ജീവിതമല്ല അദ്ദേഹം നയിച്ചിരുന്നത്.



ടാറ്റായുടെ സ്ഥാപനങ്ങളിൽ ആകെ 12 ലക്ഷത്തിൽ പരം ജീവനക്കാരുണ്ട്. ഇത്രയും പേരുടെ ക്ഷേമത്തിലും അദ്ദേഹം തത്പരനായിരുന്നു. ചുരുക്കത്തിൽ അന്തസുറ്റതും ആഭിജാത്യം നിറഞ്ഞവനുമായ ഒരു വ്യവസായിയെയാണ് ഭാരതത്തിന് നഷ്ടപ്പെട്ടത്. ഇതുപോലെ മാതൃകയായി ചൂണ്ടിക്കാണിക്കാൻ സമകാലീനരായി അധികംപേരില്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്.

# കേരളത്തിലെ സന്യാസ സമൂഹങ്ങളുടെ ശ്രദ്ധയ്ക്ക്

ഇക്കഴിഞ്ഞ ഒക്ടോബർ 16ന് ഷെക്കെയ്ന ചാനലിൽ നടന്ന ഒരു ചർച്ചയാണ് ഈ കുറിപ്പിന് അടിസ്ഥാനം. പ്രസ്തുത ചർച്ചയിൽ ഫാ. റോയി കണ്ണൻചിറ സി.എം.ഐ.യുടെ അഭിപ്രായങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഇന്ന് കേരളത്തിലെ യുവജനങ്ങളിൽ ഗണ്യമായ വിഭാഗം ജീവസന്ധാരണത്തിനായി വിദേശത്തേക്ക് ചേക്കേറുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. ക്രൈസ്തവ വിഭാഗത്തിൽ അത് വളരെ കൂടുതലാണുതാനും. 350ലേറെ സന്യാസ സമൂഹങ്ങൾ ഇന്ന് കേരളത്തിലുണ്ട്. ഭാരതം ഒന്നാകെ നോക്കിയാൽ 1400ൽ പരമുണ്ട്. ശക്തമായ ഒരു വിശ്വാസി സമൂഹം പനാലാണ് ഈ സന്യാസ സമൂഹങ്ങളൊക്കെ പച്ചപിടിച്ചതും അംഗബലം കൂടിയതും. അതായത് സന്യാസ സമൂഹത്തിന്റെ നിലനിൽപ്പിന് വിശ്വാസി സമൂഹം ശക്തമായി നിലകൊള്ളണം. യുവാക്കളുടെ ഒഴുക്ക് വിശ്വാസി സമൂഹത്തിന്റെ ശക്തി ചോർത്തിക്കൊണ്ടിരിക്കുന്നു. ഇത്തരം സാഹചര്യത്തിൽ വിശ്വാസി സമൂഹത്തിന്റെ നിലനിൽപ്പിനും അതുവഴി സന്യാസ സമൂഹത്തിന്റെ നിലനിൽപ്പിനും കാരണമാകാൻ സന്യാസ സമൂഹങ്ങൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. യുവാക്കളുടെ യാത്രയ്ക്ക് കടിഞ്ഞാൺ ഇടണമെങ്കിൽ അവർക്ക് ജോലി സാധ്യതകൾ വർധിപ്പിക്കേണ്ടതുണ്ട്. അതിനാൽ അടിയന്തിരമായി ഇതിന്റെ സാധ്യതകളെപ്പറ്റി സന്യാസ സമൂഹങ്ങൾ ചിന്തിക്കേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പുതിയ കുടുംബങ്ങളെ കേരളത്തിൽ നിലനിറുത്താനുള്ള സാധ്യതകൾ എന്തൊക്കെയാണ്? ഒരു സന്യാസ സമൂഹത്തിന് സാധിക്കുന്നില്ലെങ്കിൽ പല സമൂഹങ്ങൾ ഒരുമിച്ചു കൂടിയെങ്കിലും ഇതിനായി പ്രവർത്തിക്കണം.



മാന്യമായ വരുമാനം ലഭിക്കുന്ന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഇനി വൈകരുത്. അത് കാർഷിക മേഖലയോ വ്യവസായ മേഖലയോ സേവന മേഖലയോ ഏതുമായിക്കൊള്ളട്ടെ, കുറേ കുടുംബങ്ങളെ ഇവിടെ പിടിച്ചു നിറുത്തണം. അടുത്ത 20 വർഷത്തേക്ക് എങ്കിലും ഇതിനുവേണ്ടി പരിശ്രമിക്കണം. അല്ലെങ്കിൽ ഏതാനും ദശകങ്ങൾക്കുള്ളിൽ ഇവിടെയുള്ള സന്യാസ സമൂഹങ്ങൾ അടച്ചു പൂട്ടേണ്ടി വരുമെന്ന കാര്യം നിഷേധിച്ചിട്ട് ഫലമൊന്നുമില്ല.

ഇവിടത്തെ സമർപ്പിത സമൂഹങ്ങൾ തങ്ങളുടെ മാത്രം നിലനിൽപ്പ് ലക്ഷ്യമാക്കി ഇനിയും മുന്നോട്ടു നീങ്ങരുത്. കാരണം, വിശ്വാസിസമൂഹത്തിൽ നിന്നാണ് ഇനിയും സമർപ്പിതരാകാൻ വ്യക്തികൾ കടന്നു വരേണ്ടത്. സമർപ്പിത സമൂഹങ്ങളുടെ കൂട്ടായ ചിന്തകൾ ഇക്കാര്യത്തിൽ സഗൗരവം കടന്നുവരണം. സന്യാസ സമൂഹത്തിന്റെ അടിത്തറ കുടുംബങ്ങളാണ്. കുടുംബങ്ങളുടെ വർധനവ് സമർപ്പിത ഭവനങ്ങളെ എല്ലാത്തരത്തിലും ബലവത്താക്കും.



# ഫാത്തിമയിലെ അത്ഭുതം

സൂര്യൻ കറങ്ങുന്നതായും ഭൂമിയിലേക്ക് അടുത്തുവരുന്നതായും അനേകായിരംപേർ കണ്ടു. പെട്ടെന്ന് മഴയിൽ നനഞ്ഞു കുതിർന്ന ഭൂമിയും ജനങ്ങളും, ജലാംശം മാറി ഉണങ്ങി വരണ്ടത് പോലെയും കാണപ്പെട്ടു. ഫാത്തിമയിൽ മാതാവിന്റെ പ്രത്യക്ഷപ്പെടൽ യാഥാർഥ്യം ആണെന്ന് ലോകത്തെ ബോധിപ്പിക്കാൻ ദർശനക്കാരായ കുട്ടികളുടെ ആവശ്യത്തെ മുൻനിറുത്തിയായിരുന്നു ഈ അത്ഭുതം അരങ്ങേറിയത്. ഈ സംഭവത്തെപറ്റി ശാസ്ത്രത്തിന് എന്താണ് പറയാനുള്ളതെന്ന് ആരെങ്കിലും അന്വേഷിച്ചിട്ടുണ്ടോ? മാതാവിനെ തള്ളിപ്പറയുന്നവർക്കും നിരീശ്വരവാദികൾക്കും എന്തു പറയാനുണ്ട് ? എന്തിനും ഏതിനും കത്തോലിക്കാ സഭയെ കുറ്റം വിധിക്കുന്നവർക്ക് എന്ത് മറുപടിയുണ്ട്? സഭയെ തള്ളിപ്പറഞ്ഞ് മറ്റ് ആശയങ്ങളിലേക്ക് കടന്നുപോകുന്ന അവർ ഈ സംഭവത്തെ എങ്ങനെയാണ് നോക്കിക്കാണുന്നത്?

ഇങ്ങനെയൊരു സംഭവം നടന്നിട്ടില്ല എന്ന വിധം നിശ്ശബ്ദത പാലിക്കുകയാണ് ഇക്കൂട്ടരുടെയൊക്കെ പരിപാടി. ഇത് മാത്രമല്ല ആ പ്രത്യക്ഷപ്പെടലുകളിൽ പരിശുദ്ധ കന്യകാമറിയം നൽകിയ ധാരാളം സന്ദേശങ്ങളുണ്ട്. ആസന്ന ഭാവിയിൽ ലോകത്ത് സംഭവിക്കാനിരിക്കുന്നവയായിരുന്നു അതെല്ലാം. അവയിൽ ഭൂരിഭാഗവും പിൽക്കാലത്ത് നിറവേറി എന്നതാണ് യാഥാർഥ്യം.

ഫാത്തിമ സന്ദേശങ്ങളും അത്ഭുതങ്ങളും പഠിപ്പിക്കുന്നതും ഓർമിക്കുന്നതും നമ്മുടെ ആത്മീയതയെ പുതുക്കിപ്പണിയാൻ പര്യാപ്തമാണ്. അത് സഭയിലുള്ള നമ്മുടെ വിശ്വാസത്തെ ഊട്ടിയുറപ്പിക്കും. പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന സത്യദൈവത്തെ തിരിച്ചറിയാനും നമുക്ക് ഇട നൽകും.

സ്മാർട്ട് കിഡ്സ് - ചിത്രീകരണം:



വെങ്കി \ കഥ: സെറീൻ ഏയ്ഞ്ചൽ

# സെബിയുടെ സ്വർഗം

വീൽചെയറിനെ ആശ്രയിച്ച് കഴിയുന്ന അമ്മയെയും കൂട്ടി സെബിയും പപ്പയും പള്ളിയിൽ പോകാൻ ഒരുങ്ങുകയാണ്. നാലാം ക്ലാസ്സിൽ പഠിക്കുന്ന സെബി സ്കൂൾ വിട്ട് വൈകിട്ട് വീട്ടിലെത്തിയതാണ്. വിശക്കുന്നു എന്നു പറഞ്ഞ സെബിക്കുട്ടന് ഉപ്പുമാവ് ഉണ്ടാക്കിക്കൊടുത്തത് അവൻ കഴിച്ചു കൊണ്ടിരിക്കുകയായിരുന്നു. കറിയും കൂട്ടിക്കുഴച്ച ഉപ്പുമാവ് പാതി കഴിച്ചു എഴുന്നേൽക്കാൻ ഒരുങ്ങിയ അവന്റെ അടുക്കൽ അമ്മയെത്തി. കുഴച്ചു വച്ചിരിക്കുന്ന ഭക്ഷണം ഇതുപോലെ വേസ്റ്റാക്കരുത്. ഭക്ഷണം മുഴുവനും കഴിക്കണം. ഭക്ഷണം കിട്ടാതെ എത്രയോ ആളുകളാണ് വിഷമിക്കുന്നത്. അവരെ പറ്റിയൊക്കെ മോനോട് പറഞ്ഞു തന്നിട്ടുള്ളതല്ലേ? ഭക്ഷണം ഒട്ടും വേസ്റ്റ് ആക്കാതെ മുഴുവൻ കഴിച്ചിട്ട് വേണം നമുക്ക് പള്ളിയിൽ പോകാൻ. വേഗം കഴിക്ക്. അമ്മയുടെ വാക്കുകൾ ശ്രദ്ധയോടെ കേട്ടിരുന്ന സെബി മനസ്സില്ലാമനസ്സോടെ വീണ്ടും ഭക്ഷണം കഴിച്ചു തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ പപ്പ അവന്റെ അടുക്കലെത്തി. മുഴുവൻ ഭക്ഷണവും കഴിച്ചല്ലോ, സെബിക്കുട്ടൻ മിടുക്കനാണ് കേട്ടോ. വേഗം വാ, പള്ളിയിൽ പോകാൻ നേരമായി. പപ്പയുടെ വാക്കുകൾ കേട്ടപ്പോൾ സെബിക്കുട്ടൻ പപ്പയെയും അമ്മയെയും മാറിമാറി നോക്കിച്ചിരിച്ചു. അമ്മ അവനെ കണ്ണിറുക്കി കാണിച്ചു. അമ്മയുടെ ഉപദേശം കേട്ടിട്ടാണ് താൻ കഴിച്ചതെന്ന കാര്യം അവൻ ചമ്മലോടെ ഓർത്തു ചിരിച്ചു. പിന്നീട് അവർ പള്ളിയിലേക്ക് പുറപ്പെട്ടു. വീൽചെയറിൽ ഇരിക്കുന്ന അമ്മയെയും കൂട്ടി നടന്നാണ് അവർ പതിവായി പള്ളിയിൽ പോകാറുള്ളത്.

അവരുടെ നാട്ടിലുള്ളതിൽ ഏറ്റവും ഭംഗിയുള്ള ദേവാലയമാണ് ഇവരുടേത്. കാരണം, പള്ളിമുറ്റം മുഴുവൻ വലിയൊരു




പൂന്തോട്ടമാണ്. പൂക്കളുടെ വലിയൊരു പറുദീസ എന്ന് വേണമെങ്കിൽ പറയാം. പൂന്തോട്ടത്തിനിടയിലൂടെയുള്ള മൺപാതയിലൂടെയാണ് പള്ളിയുടെ അകത്തേക്ക് എല്ലാവരും കയറുന്നത്. പള്ളിയുടെ പരിസരങ്ങളിലുള്ള പ്രദേശവും പള്ളിയുടെ തന്നെ സ്ഥലമായതിനാൽ അവിടെയും നിറയെ പൂന്തോട്ടവും ഫലവൃക്ഷങ്ങളും കൊണ്ട് നിറഞ്ഞിരിക്കുകയാണ്. വലിയൊരു പ്രകൃതിസ്നേഹിയാണ് ഇവരുടെ വികാരിയച്ചൻ. അച്ചനോടൊപ്പം നിൽക്കുന്നവരും അങ്ങനെ തന്നെ. എത്രയോ ആളുകളാണ് ദൂരെ സ്ഥലങ്ങളിൽ നിന്നും ഈ പള്ളിയും പള്ളിയുടെ പ്രകൃതി ദൃശ്യങ്ങളും കാണാനായി ഇവിടെയെത്തുന്നത്. വരുന്നവർ പിക്നിക്കിന് വരുന്ന തുപോലെയോ തീർഥാടനത്തിന് വരുന്നതുപോലെയോ ഒക്കെയാണ്. പലപ്പോഴും പള്ളിയിൽ കയറി പ്രാർഥിക്കുന്നതിനേക്കാൾ കൂടുതൽ സമയം പുറമേയുള്ള കാഴ്ചകൾ കാണാനും ഫോട്ടോകൾ എടുക്കാനുമാണ് ആളുകൾ ശ്രദ്ധിക്കാറുള്ളത്. ചെറിയൊരു ഇടവക പള്ളിയാണെങ്കിലും വലിയൊരു തീർഥാടന കേന്ദ്രത്തിന്റെ ഗാംഭീര്യത്തോടെയാണ് ആ നാട്ടിൽ ഈ ദേവാലയം തലയുയർത്തി നിൽക്കുന്നത്.

ദേവാലയത്തിനകത്ത് പ്രവേശിച്ചാൽ പിന്നെ പറയേണ്ടതില്ല. സ്വർഗീയമായ ഒരു അനുഭവമാണ്. അവിടെയും പൂക്കൾ കൊണ്ട് അലങ്കരിച്ചതും വിളക്കുകൾ തെളിച്ചതുമായ ബലിപീഠം. പള്ളിയുടെ വശങ്ങളിലായുള്ള വിശുദ്ധരുടെ രൂപങ്ങളും പുഷ്പാലംകൃതമാണ്. അൾത്താരയിലെ ജീവൻ തുടിക്കുന്ന ക്രൂശിത രൂപത്തിനു മുൻപിൽ ആരും ഏറെ നേരം പ്രാർഥിച്ചിരുന്നു പോകും. ഈ ദേവാലയത്തിൽ രാവിലെയും വൈകിട്ടും ഏതാണ്ട് മുഴുവൻ സമയവും ആളുകൾ വന്ന് പ്രാർഥിക്കുന്നത് കാണാം. ദേവാലയം ശരിക്കും ഒരു സ്വർഗീയ അനുഭവമാണ് നമുക്ക് നൽകുന്നത്.

കുർബാനയ്ക്കായി പള്ളി മണി മുഴങ്ങിയപ്പോൾ ദേവാലയ ഗായകർ മാലാഖമാരുടേതു പോലെ ഗാനമാലപിച്ചു തുടങ്ങി. സെബിയും പപ്പയും അമ്മയും അൾത്താരയുടെ മുന്നിലായിട്ടാണ് നിൽക്കുന്നത്. ഗായകസംഘമാലപിച്ച പാട്ടിന്റെ അകമ്പടിയോടെ ബലിയർപ്പണത്തിനായി പുരോഹിതനും അൾത്താര ബാലകരും അതാ ബലിപീഠത്തിലേക്ക് കയറുകയായി. പിന്നെ ആ ദേവാലയം പ്രാർഥനാമുഖരിതമായി. പരിശുദ്ധ കുർബാനയുടെ സമയത്തിന് മുൻപേ തന്നെ എല്ലാവരും ദേവാലയത്തിൽ എത്തിയിരുന്നു. പള്ളിയകത്ത് തിങ്ങി നിറഞ്ഞു നിൽക്കുന്ന ഇടവക ജനത്തെ കാണുമ്പോൾ അതും വലിയൊരു അനുഭവമാണ്. എത്ര വിശ്വാസത്തോടെയും ശബ്ദമുയർത്തിയും ആണ് അവരെല്ലാവരും പ്രാർഥനകൾ ചൊല്ലുന്നത്. ഉയരുന്ന പ്രാർഥനകളും ആലപിക്കുന്ന സ്വർഗീയ ഗാനങ്ങളും അൾത്താരയിൽ തെളിഞ്ഞു നിൽക്കുന്ന തിരികളും ധൂപാർച്ചനകളുമെല്ലാം ചേർന്ന് ശരിക്കും ഒരു സ്വർഗീയ ഇടമാക്കി മാറ്റിയിരിക്കുന്നു ദേവാലയത്തെ. സെബിക്കുട്ടനെ സംബന്ധിച്ച് അവന്റെ സ്വർഗമാണ് അവന്റെ ഇടവക ദേവാലയം. മിക്കവാറും എല്ലാവരുടെയും അനുഭവവും അങ്ങനെ തന്നെയായിരിക്കണം.







**കാർട്ടൂൺ** - സിനിൽ കെ.ജെ



മാത്താ, ജനാധിപത്യത്തിനു നിരക്കാത്ത വാർത്തകളാണല്ലാടോ പത്രം നിറയെ..
കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലി.. ഹ..ഹ..ഹാ..




SUBSCRIBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org | +91 484 2984327 | 91 62382 79115 | www.jykairosmedia.org

RNI No.KERMAL/2002/12027, Date of publication: 01/11/2024, ₹50.00


നീൽ ലൊസാനോയുടെ




മലയാളം
പരിഭാഷ
ഇതാ !

പ്രിയപ്പെട്ടവർക്ക് നൽകാൻ ഒരു സ്നേഹസമ്മാനം

**ആനന്ദത്തിന്റെ കൊടുമുടിയിലേക്ക്**
**അനുഭൂതി നിറഞ്ഞൊരു യാത്ര...**

അപ്പന്റെ സ്നേഹത്തിന്റെ, വായിച്ചാലും തീരാത്ത ആനന്ദമാണ് 'അബ്ബാ ഹൃദയം' നൽകുന്നത്. സ്വച്ഛന്ദമായ ഒരു യാത്ര... സമാധാനവും സൗഖ്യവും നമ്മെ തഴുകിയുണർത്തുന്ന വായനാനുഭവം... ഹൃദയംകൊണ്ടു നമ്മളിതു വായിക്കും. പിന്നെ അത്ഭുതം കൂറുന്ന മിഴികൾ സജലമാകും.

ഇന്നുതന്നെ നിങ്ങളുടെ കോപ്പികൾ ഉറപ്പാക്കുക.
നമ്മുടെ സ്വന്തം കെയ്റോസിൽ നിന്നും.

ഒറ്റപ്രതി
**₹ 300/-**

Contact:
**623 827 9115**

Scan to Pay

www.jykairosmedia.org


Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662